70

# ഭാരതീയ പൈതൃകത്തിൽനിന്ന്
# ജീവിതസന്ദേശങ്ങൾ

## (ഹിന്ദു ധർമ്മജ്ഞാന സംക്ഷിപ്തം)

ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018

Heritage Publication Series-111

Scanned with CamScanner

# ഭാരതീയ പൈതൃകത്തിൽ നിന്ന്
# ജീവിത സന്ദേശങ്ങൾ

## (ഹിന്ദു ധർമ്മജ്ഞാന സംക്ഷിപ്തം)

**ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.**
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018
www.iish.org / iish.tv

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 111

Scanned with CamScanner

- **ത്രിമൂർത്തി സങ്കൽപം :** ഇവിടെ സൃഷ്ടി-സ്ഥിതി-സംഹാരം എന്ന പ്രകൃതിയുടെ പ്രതിഭാസം തന്നെ സിംബോളിക്കായി വിവരിക്കുന്നു. ബ്രഹ്മാവിഷ്ണു മഹേശ്വരന്മാരിലൂടെ! അത് മഹത്തായ ഒരു ശാസ്ത്ര സങ്കൽപമാണ്. സങ്കൽപം എന്ന പദത്തിന്റെ അർത്ഥം തന്നെ ചൈതന്യവത്തായി കൽപിക്കുക എന്നാണല്ലോ?
- ഒരു പ്രപഞ്ച പ്രതിഭാസത്തെ (ഈശ്വരീയമായപ്രതിഭാസത്തെ) ഈശ്വരരൂപത്തിൽ നാം ഉപാസിക്കുന്നു. അതിനാലാണ് സൃഷ്ടി-സ്ഥിതി-സംഹാരപ്രക്രിയകൾക്ക് സയൻസിന്റെ അടിസ്ഥാനത്തിൽ തന്നെയുള്ള വിവരണങ്ങൾ ഭാരതീയർ കൊടുത്തത്.
- പ്രപഞ്ചം നീലനിറമാണ്. അത് അനന്തതയുടെ (അകാശവും സമുദ്രവുംപോലെ) പ്രതീകവുമാണ്. അതാണ് മഹാവിഷ്ണുവിന് നീല നിറം കൊടുത്തത്. അനന്തശയനം (infinity) പാലാഴി (milkyway galaxy) സർപ്പത്തിനു മുകളിൽ വാസം! (coiled structure - galaxyക്ക്). ആ പ്രപഞ്ചചൈതന്യത്തിന് തുടക്കവും മധ്യവും അന്ത്യവുമില്ല = **നാന്തം നമധ്യം നപുനസ്തവാദീം** ആയിരക്കണക്കിന് സൂര്യന്മാരുദിക്കുന്നു! = **ദിവി സൂര്യസഹസ്രസ്യഭവേദ് യുഗപദുത്ഥിതാ...** = എല്ലാം അതിലടങ്ങിയിരിക്കുന്നു. അതാണ് മഹാവിഷ്ണു/നാരായണരൂപം എന്നൊക്കെ അർത്ഥമുള്ള പദങ്ങൾകൊണ്ടുതന്നെയാണ് പേരുകൾ വിവരിക്കുന്നത്.
- ആ രൂപത്തിന്റെ ആയിരം പേരുകളാണ് വിഷ്ണുസഹസ്രനാമം. അതിൽ നിന്നാണ് മറ്റെല്ലാപേരുകളും ഉണ്ടാകുന്നത്. അതാണ് അവതാരങ്ങൾക്കാധാരം. **അവതാരം** എന്ന പദത്തിന്റെയർത്ഥം തന്നെ **'താഴേക്കിറങ്ങിവന്ന ജ്യോതിസ്വരൂപം'** എന്നാണ്.
- **അവതാരങ്ങളിലൂടെ :** പത്തവതാരങ്ങൾ ജീവജാലങ്ങളുടെ വികാസത്തിന്റെ അഥവാ പരിണാമത്തിന്റെ പത്തുപടവുകളാണ്. ജീവജാലങ്ങളുടെ ഉത്ഭവം; കടൽ ജീവിയായ മത്സ്യമായി ആരംഭിക്കുന്നു. അവിടെനിന്നും ജലത്തിലും കരയിലും ജീവിക്കാവുന്ന ഉഭയജീവിയായ ആമയുടെ വംശവും വർഗവുമായിത്തീരുന്നു. പിന്നെ കരയിൽ ജീവിക്കുന്ന നാൽക്കാലികളുടെ പ്രതീകമായ വികൃതവും ഏറ്റവും പ്രാകൃതവുമായ പന്നിയായും, അവിടെനിന്നു മനുഷ്യന്റേയും മൃഗത്തിന്റേയും രൂപംവരുന്ന അർധ മനുഷ്യനെ പ്രതിനിധാനം ചെയ്യുന്ന നരസിംഹമായും പരിണമിക്കുന്നു. കാലചക്രം തിരിയുമ്പോൾ പ്രകൃതിയുടെ തന്നെ മാർഗനിർദ്ദേശത്തിലൂടെ എസ്കിമോകളെപോലെ കുള്ളനായ മനുഷ്യനായി തീർന്നതും ഈ പ്രപഞ്ചചൈതന്യംതന്നെ. അതത്രെ വാമനാവതാരം. അവിടെ



Scanned with CamScanner

നിന്നും ക്രമത്തിലോ ക്രമമല്ലാതേയോ പലതായി പല കാലഘട്ടത്തിലുള്ള പരിണാമങ്ങളിലൂടെ നിയന്ത്രണമില്ലാത്ത സംഹാരശക്തിയുള്ള മനുഷ്യനായിത്തീരുന്നു. ഇതു പരശുരാമാവതാരമായി വേണമെങ്കിലുമെടുക്കാം. രാജ്യവും രാജ്യാതിർത്തിയും, നിയമവ്യവസ്ഥകളും, ധർമ്മബോധവുമുള്ള സംസ്കാര സമ്പന്നനായ മനുഷ്യനായ, ശ്രീരാമനായും കൃഷിയുടെ പ്രതീകമായ കലപ്പയേന്തിയ മനുഷ്യനായ ബലരാമനായും പരിണമിച്ചു. ശ്രീകൃഷ്ണനെപോലെ അതിബുദ്ധിമാനായ മനുഷ്യനും, അവിടെ നിന്നും സംഹാരശക്തിയുള്ള മനുഷ്യനുമായിത്തീരുന്നതും തീർക്കുന്നതുമെല്ലാം ഈ പ്രപഞ്ചചൈതന്യം തന്നെയാണ്. അവതാരങ്ങളിലൂടെ നമ്മുടെ മനസ്സിനെ മറ്റൊരു മണ്ഡലത്തിലേക്കുയർത്തുന്നതിനാണ് ഈ വിവരണം നൽകേണ്ടത് എന്ന് പദാനുപദം ചിന്തിച്ചാൽ മനസ്സിലാകും. ഒരവതാരത്തിനുശേഷം അടുത്ത അവതാരം വരുന്നു എന്ന വിവരണം കൊണ്ട് മത്സ്യാവതാരമാണ് പരിണമിച്ച കൂർമ്മാവതാരമായത് എന്നത് ശരിയാണെങ്കിലും എല്ലാ മത്സ്യവും പരിണമിച്ച് കൂർമ്മമായി എന്നല്ലല്ലോ അർത്ഥം. എങ്ങിനെ പരശുരാമനും ശ്രീരാമനും കണ്ടുമുട്ടി എന്ന ചോദ്യം വരുന്നതിവിടെയാണ്. പരശുരാമ വ്യക്തിത്വമുള്ള മാനവരാശിയിലൊരുഭാഗമാണ് ശ്രീരാമവ്യക്തിത്വമുള്ള മാനവരാശിയായി പരിണമിച്ചത്. ഒരാൾ മറ്റൊരാളായി മാറി എന്ന അർത്ഥത്തിലല്ല ഈ പരിണാമം. അനേകം തരത്തിലുള്ള മത്സ്യം, അനേകം നാൽക്കാലികൾ..... ഇതെല്ലാം പരിണാമത്തിന്റെ പ്രക്രിയയാണ് എന്നാണിതിന്നർത്ഥം

- അവതാര വിവരണങ്ങളെല്ലാം ഈ പരിണാമചക്രത്തിന്റെ ഭാഗമാണെന്നോർമ്മിച്ചുകൊണ്ടുള്ള പഠനവും പാരായണവും വിവരണവും, വിലയിരുത്തലുമാണ് വേണ്ടത്. ഇതാണ് പത്തവതാരം എന്നുകൂടി അറിയേണ്ടതാണ്. പരിണാമചക്രത്തിന്റെ ഒരു കണ്ണിയാണു ഞാനും നമ്മളും അല്ലേ? മനസ്സിലാകുന്നുണ്ടോ?

- ഇവിടെയെല്ലാം മനുഷ്യനെ ഓർമ്മിപ്പിക്കുന്നു! നിന്റെയുത്ഭവം എവിടെനിന്ന് എന്നും നീ എവിടെനിന്നുണ്ടായിയെന്നും? മാത്രമല്ല അവതാരങ്ങളിൽ സർവജീവജാലവിഭാഗങ്ങളും പെടുന്നു.

- മത്സ്യാവതാരത്തോടെ കടൽ ജീവികളെല്ലാം ഈശ്വരാംശമാണെന്നറിയുന്നതുപോലെ കൂർമ്മത്തിലൂടെ ജലത്തിലും കരയിലും ജീവിക്കുന്നവയും വരാഹത്തിലൂടെ നാലുകാലിൽ നടക്കുന്നതുമെല്ലാം.... ഈശ്വരാംശമാണെന്നു വ്യക്തമായ സൂചനകൂടി മനുഷ്യമനസ്സിൽ നിറക്കുന്നു. അപ്പോൾ അവയെയെല്ലാം കൊന്നുതിന്നുന്ന മനുഷ്യനിൽ അല്പം ഭയവും അനുകമ്പയുമുണ്ടാക്കാനും പഠിപ്പിക്കുന്നു.



Scanned with CamScanner

- മഹാവിഷ്ണുവിന്റെ പ്രപഞ്ചരൂപ വിവരണം പഠിച്ച റോബർട്ട് ഹോയൽ എന്ന ശാസ്ത്രജ്ഞൻ പറയുകുണ്ടായി. പ്രപഞ്ചത്തെക്കുറിച്ചുള്ള ഭാരതീയ വീക്ഷണമാണ് ഏറ്റവും സയിന്റിഫിക്കായിട്ടുള്ളതെന്ന്. പ്രപഞ്ചത്തിനെക്കുറിച്ചുള്ള പഠനത്തിന് രണ്ട് പ്രാവശ്യം നോബൽ സമ്മാനം ലഭിച്ച വ്യക്തിയാണദ്ദേഹം.
- ഈ മഹാവിഷ്ണുവിന്റെ പ്രപഞ്ചരൂപ സങ്കല്പത്തിന്റെതന്നെ അടിസ്ഥാന വിവരണത്തിൽ നിന്നാണ് 1930കളിൽ ആൽബർട്ട് ഐൻസ്റ്റീൻ **കോസ്മിക് റിലീജിയൻ** എന്ന മതം തന്നെ സ്ഥാപിച്ചത്. ആത്മീയതയും ശാസ്ത്രവും സമന്വയിപ്പിച്ചുകൊണ്ടുള്ള മതമായിരുന്നു അത്. സനാതനധർമ്മത്തിന്റെ ഒരു ശാഖപോലെയായിരുന്നു അത്.
- പ്രപഞ്ചത്തിന്റെ awareness and consciousness വ്യക്തമായി വിവരിക്കാവുന്ന ശാസ്ത്രസത്യമാണ് എന്നുകൂടി നാം ഓർമ്മിക്കണം. ഇന്ന് എല്ലാ ശാസ്ത്രശാഖകളും ഈ രണ്ടുപദങ്ങൾ നിരന്തരംപ്രയോഗിക്കുന്നു എന്നു സൂചിപ്പിച്ചിരുന്നു. ഭൗതീകശാസ്ത്രവും ജൈവശാസ്ത്രവും ഒരേപന്ഥാവിലൂടെ നയിക്കപ്പെടുന്നു.
- പ്രപഞ്ചത്തിൽ നിന്നാണ് സർവചരാചരങ്ങളും സൃഷ്ടിക്കപ്പെടുന്ന പ്രക്രിയ നടക്കുന്നതെന്ന് വിവരിക്കുന്നതാണ്, മഹാവിഷ്ണുവിന്റെ പൊക്കിൾകൊടിയിലൂടെ വരുന്ന താമരയിൽ ബ്രഹ്മാവിനെ (പുരാണത്തിൽ) പ്രതിഷ്ഠിച്ചത്. യഥാർത്ഥത്തിൽ ഒരു മനുഷ്യരൂപത്തിൽ ഇതൊരിക്കലും സാധ്യമല്ല എന്നറിയാൻ വിഷമമില്ല. പ്രപഞ്ചത്തിൽ (പ്രതീകാത്മകമായി) നടക്കുന്ന സൃഷ്ടിയെയാണിത് കാണിക്കുന്നത്. അതിനെ മനോരൂപത്തിൽ കാണിക്കുന്നതാണ്, ബ്രഹ്മാവ് താമരയിലിരിക്കുന്നത്.
- ഇത് എന്തിനോടു സമാന്തരമാണെന്നു ചിന്തിക്കാൻ വിഷമമുണ്ടോ? അമ്മയുടെ ഗർഭത്തിൽ നിന്ന് പോഷകവും ഊർജ്ജവുമെടുത്ത് ഒരു ശിശുവിന്റെ ശരീരം സൃഷ്ടിക്കുന്നതുപോലെയാണിത്. പ്രപഞ്ചത്തിൽ നിന്ന് ദ്രവ്യവും ഊർജ്ജവുമെടുത്ത് ഓരോന്നും സൃഷ്ടിക്കപ്പെടുന്നു എന്നത് ചിത്രീകരിച്ചതാണ് ബ്രഹ്മാവിന്റെ രൂപം. മഹാവിഷ്ണുവിന്റെ പൊക്കിൾക്കൊടിയിലൂടെ ഒരു താമരസൃഷ്ടിച്ച് ബ്രഹ്മാവിനെ അതിലിരുത്തിയത്. ശ്രദ്ധയോടെ നാം ഉൾക്കൊള്ളേണ്ടത് വേദത്തിലെ പ്രപഞ്ചപുരുഷ ചൈതന്യവിവരണത്തിലോ, ഉപനിഷത്തുക്കളിലെവിടേയെങ്കിലുമോ ഇതിഹാസങ്ങളിലൊരിടത്തുപോലുമോ പ്രപഞ്ചപുരുഷചൈതന്യത്തെ, മഹാവിഷ്ണുവിനെ ഇങ്ങിനെ വിവരിക്കുന്നില്ല. ഇത് പുരാണത്തിൽ മാത്രമാണ്. വായുപുരാണം,



Scanned with CamScanner

വിഷ്ണുപുരാണം, പത്മപുരാണം എന്നീ ഗ്രന്ഥങ്ങളിലുണ്ട്. സ നാഭികമലേ വിഷ്ണോ: സ്ഥിതോ ബ്രഹ്മ പ്രജാപതി ബ്രഹ്മപ്രജാപതി വിഷ്ണുവിന്റെ നാഭികമലത്തിൽ സ്ഥിതിചെയ്യുന്നു.

- ബ്രഹ്മാവിന് നാലു തലകളുള്ളത് ഗണിതശാസ്ത്രത്തിലെ സൃഷ്ടിക്കാധാരമായ x, y, z and time ആക്സിസുകൾക്ക് സമാനമാണ്. സൃഷ്ടിക്കാവശ്യമായ ജ്ഞാനമായി ബ്രഹ്മാവിന്റെ കയ്യിൽ വേദം നിലകൊള്ളുന്നു. വേദമെന്നാൽ അറിവ് വിദ് = വിദ്യ എന്നീ പദങ്ങളുമായി അതിനുബന്ധമുണ്ട്.
- ജ്ഞാനശക്തിയുണ്ടെങ്കിലല്ലേ ഏതു സൃഷ്ടിയും സാധിക്കൂ. അതുകൊണ്ട് ബ്രഹ്മാവിന്റെ പത്നിയായി സരസ്വതി ദേവിയെ നാം സങ്കൽപിക്കുന്നു. സരസ് എന്ന പദത്തിന്നർത്ഥം ഒഴുകുന്നത് എന്നാണ്. വിദ്യ - ജ്ഞാനം-വിജ്ഞാനം എന്നിവ നിരന്തരം ഒഴുകണം. വാക്കുകളും, രചനകളുമായി പ്രവഹിക്കണമെന്നു പറയുന്നതാണ് സരസ്വതി. വേദത്തിലും സരസ്വതിക്ക് ശതദ്രുതി എന്നുപേരുണ്ട്. വേഗത്തിൽ പോകുന്നത് എന്നായിരിക്കാം ആ പദത്തിന്നർത്ഥം.
- മഹാവിഷ്ണുവിൽ നിന്നാണ് സൃഷ്ടി നടത്തുന്നതിനാവശ്യമായ സർവ്വതും ലഭിക്കുന്നത്. അതുകൊണ്ട് സ്ഥിതിയുടെ ആധാരം വിഷ്ണുവും, അതിൽ നിന്ന് സൃഷ്ടി നടത്തുന്നത് ബ്രഹ്മാവുമാണെന്ന് വിവരിക്കുന്നു.
- സ്ഥിതിക്കാവശ്യം (നിലനിൽപിന്നാവശ്യം) ഐശ്വര്യവും സമ്പത്തുമായതിനാൽ വിഷ്ണുപത്നിയെ മഹാലക്ഷ്മി, ഐശ്വര്യ ദേവതാ എന്നെല്ലാം നാം പറഞ്ഞാരാധിക്കുന്നു.
- സംഹാരം പ്രപഞ്ചത്തിലാവശ്യമാണ്. കത്തിജ്വലിക്കുന്ന സൂര്യൻപോലും കുറേക്കാലും കഴിഞ്ഞാൽ കെട്ടടങ്ങി ഇല്ലാതാകും. ഉത്ഭവിച്ചതിനെല്ലാം അവസാനമുണ്ട് എന്നും പറഞ്ഞു. ജനിച്ചതിനെല്ലാം മരണമുണ്ട്. ആ മരണത്തെ ദേവതാരൂപത്തിലും സങ്കൽപിക്കാം. മരണത്തെ നിയന്ത്രിക്കുന്ന പ്രപഞ്ചശക്തിയെ ഈശ്വരനായിട്ടാരാധിക്കുന്നതല്ലേ ശിവരൂപം.
- അഗ്നിയും, ജലവും, ആയുധവും, രോഗവും, വായുവുമാണ് മരണത്തിനുള്ള അഞ്ചുകാരണങ്ങളാകുന്നത്. തൃക്കണ്ണിലെ അഗ്നിയും, ജഢയിലെ ജലവും, അതാഞ്ഞടിക്കുമ്പോഴുള്ള കാറ്റും, തൃശ്ശൂലമായ ആയുധവും രോഗത്തിന്റെ പ്രതീകമായ സർപ്പവും (വൈദ്യത്തിന്റെ സിംബൽ ആണ് സർപ്പം) ചേർന്ന് ശിവരൂപം സൃഷ്ടിച്ച മഹാചിത്രകാരന് വിവരണം ലഭിച്ചത് പുരാണങ്ങളിൽ നിന്നുത



Scanned with CamScanner

ന്നെയാണ്. വേദത്തിലിങ്ങിനെയൊരു വിവരണമില്ല. എന്നാൽ രുദ്ര/ ശിവ വിവരണമുണ്ടുതാനും.

- സൃഷ്ടിക്ക് സംഹാരം ആവശ്യമാണ്. സംഹാരത്തിലൂടെ ലഭിക്കുന്ന ദ്രവ്യവും ഊർജ്ജവുമാണ് വീണ്ടും സൃഷ്ടിക്കുപയോഗിക്കുന്നത്. അതുമൊരു ശാസ്ത്രചരിത്രമാണ്. സൃഷ്ടിസ്ഥിതി സംഹാരചക്രം. മൂന്നും പരസ്പരം പൂരകമാണ്. ഓരോ ആറ്റംപോലും ഏകദേശം $10^{14}$ മുതൽ $10^{34}$ വർഷങ്ങൾക്കുള്ളിൽ ഇല്ലാതാകും. ആറ്റത്തിനും ജനനവും നിലനിൽപും മരണവുമുണ്ട്. എല്ലാത്തിനുമുണ്ട്, ഒരു പക്ഷേ ഊർജ്ജത്തിനൊഴികെ. ത്രിമൂർത്തികൾക്ക് തൃശക്തികളുണ്ട്. ഇവ രണ്ടും പ്രത്യേകം സ്ത്രീപുരുഷ ചൈതന്യമായി നില നിൽക്കുന്നു. ഒരാറ്റത്തിൽതന്നെ പോസിറ്റീവും നെഗറ്റീവും ഒരുമിച്ചിരിക്കുന്നതുപോലെ തൃമൂർത്തികളും ത്രിശക്തികളും ഒരുമിച്ചിരിക്കുന്നു.
- ഒന്നില്ലാതെ മറ്റൊന്നിന് ആസ്തിത്വമില്ല. അതിനാലാണ് ലക്ഷ്മീ നാരായണ സങ്കല്പവും. പാർവ്വതീ പരമേശ്വര സങ്കല്പവും ബ്രഹ്മ സരസ്വതീസങ്കൽപവുമുണ്ടായത്.
- വ്യാവഹാരിക ജീവിതത്തിൽ ഇതൊരു സ്ത്രീപുരുഷ സമത്വ സന്ദേശവും നൽകുന്നു. ഭാരതത്തിൽ സ്ത്രീകൾ ആരാധിക്കപ്പെടുന്നത് പുരുഷന്മാർക്കു തുല്യമായിട്ടോ അതിലും ഉപരിയായിട്ടോ ആണ് എന്നും നാം അറിഞ്ഞിരിക്കണം. ശിവന്റെ പകുതിയായിട്ടാണ് പാർവതിയെ രൂപകൽപന നൽകിയിരിക്കുന്നത്. അതാണ് അർദ്ധ നാരീശ്വര സങ്കല്പം തന്നെ. ഫ്രിറ്റ്ജോഫ് കാപ്രയുടെ ടാവോ ഓഫ് ഫിസിക്സ് എന്ന പുസ്തകത്തിൽ അതിഗഹനമായ വിവരണം ചെന്നുനിൽക്കുന്നത് അർദ്ധനാരീശ്വര സങ്കൽപത്തിലും ശിവന്റെ താണ്ഡവ നൃത്ത വിവരണത്തിലുമാണ്. 1930 കളിൽ തമിഴ്നാട്ടിലെ ഒരു കുമാരസ്വാമിയെഴുതിയ പുസ്തകത്തിലെ അർദ്ധനാരീശ്വര/ ശിവതാണ്ഡവ വിവരണങ്ങളാണ്. ഡോ. ഫ്രിറ്റ്ജോഫ് കാപ്ര പ്രപഞ്ച പ്രതിഭാസങ്ങളെ വിവരിക്കാനായി സ്വീകരിച്ചത്.
- പുരാണകഥകളിലൂടെ ബ്രഹ്മാവ്-വിഷ്ണു-മഹേശ്വരന്മാരുടെ അനേകം കഥകൾ പറയുന്നുണ്ട്. ബ്രഹ്മാവ് കൈലാസത്തിൽപോയി, ശിവൻ വൈകുണ്ഠത്തിൽവന്നു... എന്നെല്ലാം.... ! ഇവിടെ കഥകളിലൂടെ നമ്മെ അറിയിക്കാനാഗ്രഹിക്കുന്നത് സൃഷ്ടി-സ്ഥിതി-സംഹാര പ്രക്രിയകളിൽ ഏത് വലുത് ഏത് ചെറുത് ഏത് ശക്തം ഏതെല്ലാം അശക്തം പ്രസക്തം എന്നു പരിശോധിക്കാനസാദ്ധ്യമാണെന്നു മാത്രമാണ്. എവിടെയെല്ലാം ബ്രഹ്മാവിഷ്ണുമഹേശ്വര



Scanned with CamScanner

പേരുകൾ വരുന്നുവോ അവിടെയെല്ലാം സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ ചേർത്തു വായിക്കുക അപ്പോൾ പിടികിട്ടും!

- പുരാണകഥകളിൽ പറയുന്നതുപോലെ ഇവരാരും ആരുടെയുംഅടുത്തു പോകാറില്ല, അപേക്ഷിക്കലുമില്ല, യുദ്ധവുമില്ല... അതെല്ലാം പ്രതീകാത്മകമായി കാണിച്ച് വായനക്കാരോടും ശ്രോതാക്കളോടും പറയുന്ന സന്ദേശം മാത്രമാണ് നമുക്കാവശ്യമുള്ളത്. ഈ കഥകളിൽ ചിലതെല്ലാം അവിശ്വസനീയമായിതോന്നാം, കഥയല്ലല്ലോ വേണ്ടത് സന്ദേശമല്ലേ?
- ബ്രഹ്മാ-വിഷ്ണു-മഹേശ്വരന്മാർ മനുഷ്യനെപ്പോലെ 165 സെ.മി ഉയരവും, 75 കിലോ ഭാരവും, 38 ഇഞ്ച് ചെസ്റ്റ് അളവുമുള്ളവരല്ല എന്ന് വ്യക്തമായി അറിയണം. അതേപോലെ ത്രിശക്തികളും മനുഷ്യരൂപം നൽകി മനുഷ്യമനസ്സുകളിലേക്ക് പ്രപഞ്ച ചൈതന്യത്തെ നിറക്കാനൊരുപാധിയായാണ് ഈ വിവരണങ്ങളെല്ലാം നൽകിയിരിക്കുന്നത്. പുരാണ വിവരണങ്ങളെടുത്താണ് രൂപകൽപന കലണ്ടറുകളിൽ നൽകിയിരിക്കുന്നത്.
- സാധാരണക്കാർക്ക് കഥകളും ഉയരുന്നവർക്ക് അനുഭവങ്ങളും ഉയർന്നവർക്ക് സന്ദേശങ്ങളുമാണ് ഏറ്റവും പറ്റിയത്. അതുകൊണ്ട് തന്നെയാണ് പുരാണങ്ങളിൽ നിന്നുയർന്ന് ഇതിഹാസങ്ങളിലേക്ക് വളർന്ന് വേദങ്ങളിലെ സന്ദേശങ്ങളിലേക്കെത്തുന്നത്.
- ചെറിയ കുട്ടികൾക്ക് കഥപറഞ്ഞു കൊടുക്കാറുണ്ടല്ലോ! ആമയും മുയലും, മുയലും സിംഹവും, കുറുക്കനും കടുവയും. എല്ലാത്തിനുമൊരുദ്ദേശമേയുള്ളൂ, നന്മതിന്മകളുടെയും ജയപരാജയങ്ങളുടെയും സന്ദേശം കൊടുക്കുക. പ്രപഞ്ച പ്രതിഭാസങ്ങളെല്ലാം ഒരേതാളത്തിലുള്ളതാണെന്നറിയിക്കുവാൻ നമ്മുടെ പൂർവീകർ സന്ദേശങ്ങളും അനുഭവങ്ങളും കഥകളും പന്ഥാവുകളായി ഉപയോഗിച്ചു.
- ഭാഗവതത്തിലെ ഗജേന്ദ്രമോക്ഷം; മുതലപിടിച്ച ഒരാനയുടെ ഭക്തിസാന്ദ്രമായ കഥയാണല്ലോ. ഈ കഥയിലൂടെ മനുഷ്യന് അഭയം പ്രാപിക്കാനുള്ളതാണ് ഈശ്വരനെന്നും, എത്രശക്തനും വേദനയും ദുഃഖവും വരുമ്പോൾ ഈശ്വരനെ ശരണം പ്രാപിച്ചാൽ പല സങ്കീർണ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടാനാകുമെന്നുമുള്ള അറിവ് ലഭിക്കുന്നു. അതിനാണ് ആ കഥ ഭാഗവതത്തിലെഴുതിയത്. അത് ഒരാനയുടെ ചരിത്രസംഭവമായിട്ടെടുക്കേണ്ടതില്ല.
- തന്റെ ശരീരത്തിന്റെ പകുതി സ്വർണമായി മാറിയ ഒരു കീരി സ്വന്തം അനുഭവം ധർമ്മപുത്രരോടു പറയുന്ന കഥ മഹാഭാരതത്തിലുണ്ട്.



Scanned with CamScanner

ഇവിടെ ഇതിഹാസചരിതവും പുരാണത്തിലേതുപോലുള്ള കഥയും ഇഴുകിച്ചേരുന്നു. താൻ സ്വയം ധർമ്മത്തിന്റെ മൂർത്തിമത്ഭാവമാണെന്ന ചിന്തയൊന്നും ധർമ്മപുത്രരുൾപ്പടെ ആർക്കും വേണ്ട എന്നൊരു മുന്നറിയിപ്പാണ്, കഥ(യിലൂടെ)നൽകുന്നത്. ഇവിടെ ഇതൊരു കീർതിയുടെ അനുഭവമല്ല വിവരിക്കുന്നത്.

- സുരുചി എന്നു പേരുള്ള രുചിയുള്ള ഭാഷ സംസാരിക്കുന്ന സ്ത്രീയുടേയും സുനീതി എന്നുപേരുള്ള നീതിയുടെ ഭാഷ സംസാരിക്കുന്ന സ്ത്രീയുടേയും പുത്രന്മാരുടെ കഥ ഭാഗവതത്തിലുണ്ട്. അത് ധ്രുവന്റെ കഥയാണ്. ഒരമ്മ (സുരുചി) രാജാവായ ഭർത്താവിനെ സുഖിപ്പിച്ച് കാര്യം നേടുന്നവളാണ്. അതേ രാജാവിന്റെ രണ്ടാമത്തെ ഭാര്യയായ സുനീതി സത്യധർമ്മത്തിലൂടെ ഭർത്താവായ രാജാവിനെ സമീപിക്കുന്നവളാണ്. സുരുചിക്ക് രാജാവിൽ സ്വാധീനമേറെയുണ്ട്, സുനീതിക്കതില്ലായിരുന്നു. അത് സുനീതിയുടെ മകനായ ധ്രുവനിലും പ്രതിഫലിച്ചു. ആ മകൻ (ധ്രുവൻ) അച്ഛന്റെ സ്നേഹാദരത്തേക്കാൾ വലിയ ഒന്ന് ഈശ്വരസാക്ഷാത്കാരമാണെന്ന അമ്മയുടെ സന്ദേശവുമായി തപസ്സിനു പോകാനായി, അതിവിശിഷ്ടമായ ഒരവസ്ഥയിലെത്തുന്നു. വ്യാവഹാരിക ലോകത്തിലെ സത്യങ്ങളെ വിശദീകരിക്കുന്ന ജീവസുറ്റ കഥയാണിത്. സുനീതിയുടെ പുത്രനായ ധ്രുവനെപോലെയായിത്തീരേണമോ സുരുചിയുടെ പുത്രനെപോലെ ആയിത്തീരേണമോ എന്നീ രണ്ടു വഴികൾ തുറക്കുന്നു. അതിലൂടെ ചലിക്കുമ്പോളുണ്ടാകുന്ന ഗുണദോഷങ്ങളും അറിയിക്കുന്നു. ആ കഥയിൽ നമ്മൾ തന്നെ നായകന്മാരും നായികമാരുമാണെന്നു സങ്കൽപിച്ചാൽ അനുഭവത്തിന്റെ തലത്തിലേക്കുയരാനും നമുക്കും മക്കൾക്കും സാധിക്കും.

- അതിശ്രേഷ്ഠനും ഈശ്വരചൈതന്യത്തെപ്പോലും ചൊൽപ്പടിയിൽ നിർത്താൻ കഴിവുള്ളവനുമാണ് ദുർവാസാവ് എന്ന പണ്ഡിതശ്രേഷ്ഠനായ ഋഷി. അടക്കാനാവാത്ത അഹങ്കാരത്തിന്റേയും ദേഷ്യത്തിന്റേയും മൂർത്തിമത് ഭാവമായിരുന്ന അദ്ദേഹത്തിന് തന്റെ ഈ ദുസ്വഭാവം കൊണ്ടുതന്നെ സന്മനസും ധർമ്മബോധവുമുള്ള അംബരീഷനെന്ന രാജാവിന്റെ മുന്നിൽ അടിയറവു പറയേണ്ടിവന്നു. ഇതിൽ നമ്മൾ തന്നെ ദുർവാസാവായും അംബരീഷനായും സങ്കൽപ്പിച്ച് കാര്യങ്ങൾ വിവരിച്ചുകൊടുക്കുകയും എടുക്കുകയും ചെയ്യുക.

- വേദങ്ങളിലേയും ഉപനിഷത്തുക്കളിലേയും ഈശ്വരസങ്കല്പം വിവരിച്ചു. പുരാണങ്ങളിലെ ഈശ്വര സങ്കൽപമാണ് നാമിപ്പോൾ വിവ



Scanned with CamScanner

രിക്കുന്നത്. ഇവിടെ കഥകളനവധിയുണ്ട്. അതെല്ലാം നന്മനിറഞ്ഞ സന്ദേശങ്ങൾ എത്തിക്കാനുള്ള പരോക്ഷ മാർഗമായി മാത്രമെടു ത്താൽ പുരാണങ്ങളിലെ ഈശ്വര കഥകളെല്ലാം അതിശ്രേഷ്ഠമായ ജീവിതമൂല്യങ്ങളുടെ കലവറയായിട്ടനുഭവപ്പെടും.

- ചരിത്രഭാഗമല്ലാത്ത കഥകൾക്ക് ചരിത്രത്തിന്റെ പരിവേഷംകൊടു ക്കാതെ വിവരിക്കണം. അതല്ലെങ്കിൽ ചിന്തിക്കുന്നവന്റെ മനസ്സിൽ ഈ കഥകൾ ഉദ്ദേശിക്കുന്ന സ്വാധീനമുണ്ടാക്കില്ല എന്നു മാത്രമല്ല ഈ കഥകളിലൊക്കെയെന്തുകാര്യം എന്നൊരു തോന്നലുമുണ്ടാകും.
- കഥകൾ പുരാണത്തിൽ മാത്രമല്ല ഇതിഹാസങ്ങളിലുമുണ്ട്. എന്നാൽ നേരത്തേ സൂചിപ്പിച്ചിരുന്ന ഇതിഹാസ കഥാപാത്രങ്ങളെ (അല്ലെ ങ്കിൽ) ഇതിഹാസ (ചരിത്ര) പുരുഷന്മാരെ ഉത്തേജിപ്പിക്കാനായി പറയുന്ന ഈശ്വരബന്ധിയായ കഥകളുമുണ്ട്. അതായത് പുരാണ ത്തിൽ നാം കഥകേൾക്കുന്നു. ഇതിഹാസത്തിൽ പ്രധാന പന്ഥാ വുകൾക്ക് കോട്ടം വരുത്താതെ അതിനകത്ത് കേൾപ്പിക്കുന്ന കഥ കൾ നമ്മളും കേൾക്കുന്നു. ഇതിഹാസം വായിക്കുമ്പോൾ അഥവാ വിവരിക്കുമ്പോൾ, കഥ കേൾക്കുന്ന ഇതിഹാസ ചരിത്രപുരുഷന്മാ രുടെ കൂട്ടത്തിൽ നമ്മളുമിരിക്കുന്നു എന്ന രീതിയിലാണ് ഇതിഹാ സത്തിനകത്തെ കഥകൾ വിവരിക്കുന്നത്.
- ഇവിടെ നാം അറിഞ്ഞിരിക്കേണ്ടതായ കാര്യം വിശ്വാമിത്രനും അഗ സ്ത്യനും ശ്രീരാമലക്ഷ്ണന്മാരെ കേൾപ്പിക്കുന്ന കഥകളുണ്ട്. ഭീഷ്മ രും, അനവധി മഹർഷിമാരും പാണ്ഡവരെയും മറ്റു ഇതിഹാസ പുരുഷന്മാരേയും കേൾപ്പിക്കുന്ന കഥകളുണ്ട്. ഇവിടെ പുരാണങ്ങ ളിലെ ഈശ്വര സങ്കൽപത്തിനെ അൽപം കൂടി വ്യത്യാസപ്പെടുത്തി കഥപറയുന്നു. ഇത് നേരത്തെ വിവരിച്ച വിഷയമാണെ ന്നോർക്കുമല്ലോ.

**ദേവന്മാർ, ആസുരന്മാർ, രാക്ഷസന്മാർ**

- ഇവിടെ ഈശ്വരീയമായ നന്മകളില്ലാത്ത ആസുരീകശക്തിയുള്ള മനുഷ്യനെ **അസുരന്മാർ, രാക്ഷസന്മാർ**, എന്നെല്ലാം പറയുന്നു. അവന്റെ ഭയാനകരൂപം മനസ്സിൽ തിന്മയുടെ പ്രതീകമായി നില നിർത്തണം. കണ്ണുകളും, ചെവിയും, മൂക്കും, മുഖവും, ശരീരവു മെല്ലാം ക്രൂരതയുടെ രൂപമായി അവതരിപ്പിച്ചതാണ് അസുര- രാക്ഷസ ഭാവങ്ങൾ. ദുഷ്ട ശക്തികളുടെ പ്രതീകമായി വരുന്ന അവരെ നശിപ്പിക്കൽ / ഇല്ലാതാക്കൽ പ്രകൃതിയുടെ ഭാഗമാണെന്ന് (നാമിന്നു എല്ലാ സിനിമകളിലും കാണുന്നതുപോലെത്തന്നെ) പുരാ



Scanned with CamScanner

ണങ്ങളിൽ വിവരിക്കുന്നു. ആ പ്രകൃതി ചൈതന്യത്തെപ്രതീകാത്മകമായി അവതരിപ്പിക്കുന്നത് ഈശ്വരരൂപത്തിലാണ്. അതിനു പറ്റിയ പേരുകളും നൽകിയിട്ടുണ്ടാകും!

- മോഹാസുരൻ, മദാസുരൻ, മാത്സര്യാസുരൻ, കാമാസുരൻ, അഹ(ങ്കാര)മാസുരൻ ഇവരെയെല്ലാം ഗണപതി നിഗ്രഹിച്ചു എന്ന് ഗണേശപുരാണത്തിലുണ്ട്. ഇതിന്റെ അർത്ഥം നമ്മിലുള്ള ഈ വികാരങ്ങളെ നശിപ്പിച്ചു/നശിപ്പിക്കണം എന്നാണ്.
- മഹിഷാസുരൻ എന്നൊരു അസുരനുണ്ടാകാൻ സാധ്യതയുണ്ടോ? മഹിഷം = പോത്ത്, വിവേകവും വിചാരവും ബുദ്ധിയും യുക്തിയുമില്ലാത്തവനും ആസുരികമായ ശരീരശക്തിയുള്ളവനുമായ ഒരു മനുഷ്യനാണ് മഹിഷാസുരൻ (ഏതാണ്ട് ഇഡി അമീനിനെപോലെ) അതിനെ പ്രകൃതിതന്നെ വകവരുത്തിയെന്നത് കഥാരൂപത്തിൽ വിവരിച്ചതാണ് മഹിഷാസുരവധം.
- മനുഷ്യരിൽ തിന്മനിറഞ്ഞവർ അസുരന്മാരായും നന്മനിറഞ്ഞവർ ദേവന്മാരായും/ അവതാരങ്ങളായും സങ്കൽപിച്ച് അവരെ കഥാരൂപത്തിലവതരിപ്പിക്കലാണ് പുരാണ ഈശ്വരസങ്കല്പം, ഭസ്മാസുരൻ, ബകാസുരൻ, വൃകാസുരൻ ............ ഇവർ ആസുരീക ശക്തിയുള്ളവരും രാക്ഷസീയ ശക്തിയുള്ളവരുമാണ് രാക്ഷസന്മാരും, രാവണൻ, കുംഭകർണ്ണൻ, കബന്ധൻ എന്നിവർ ഇക്കൂട്ടത്തിലുള്ള കഥാപാത്രങ്ങളാണ്.
- എല്ലാവരേയും ആകർഷിക്കാൻ കഴിവുള്ളവരെ ഗന്ധർവന്മാർ എന്നും പറയുന്നു. അതിമനോഹരമായ ശരീരപ്രകൃതിയുള്ള സ്ത്രീകളെ അപ്സരസുകളെന്നു പറയുന്നു. നീചമായി ജീവിക്കുന്നവരെ മ്ലേച്ഛന്മാരെന്നു പറയുന്നു. ഇതെല്ലാമാണ് പുരാണ വിവരണങ്ങളിലെ ദേവതാ അസുര-രാക്ഷസ സങ്കൽപം. അതായത് മനുഷ്യനും, മൃഗങ്ങളും, ദേവന്മാരും, ദേവതമാരുമെല്ലാം ചേരുന്ന സമൂഹങ്ങൾ.
- നാരദമഹർഷി തുടങ്ങിയവരൊന്നും വേദത്തിലും ഗഹനമായ ഉപനിഷത്തുകളിലുമില്ല. അവരെ ബ്രഹ്മാവിന്റെ സാങ്കല്പിക മാനസപുത്രന്മാരായിട്ടാണ് വിവരിക്കാറുള്ളത്. ഇതിഹാസ പുരാണങ്ങളിലെല്ലാം വരുന്ന കഥാപാത്രമാണ് നാരദമഹർഷി.
- ബ്രഹ്മസങ്കൽപത്തിന്നൊരു സ്ത്രൈണസമാന്തരമുണ്ട്. അതാണ് മാഹാമായാ സങ്കൽപം. മഹാമായയുടെ ഒരായിരം രൂപഭാവപര്യായങ്ങളാണ് ലളിതാ സഹസ്രനാമത്തിലും ദേവീമാഹാത്മ്യത്തിലുമുള്ളത്.



Scanned with CamScanner

- പ്രകൃതിശക്തിയേയും നാം ഈശ്വരനായി കാണുന്നു. പർവതങ്ങൾ, വൃക്ഷങ്ങൾ, സമുദ്രം, വായു, അഗ്നി.... ഇവയെ നമ്മൾ ഹിമവാൻ വന്നു, മഹേന്ദ്രപർവതം വളർന്നുയരുന്നു, വൃക്ഷങ്ങൾ ശകുന്തളയെ പോകാനനുവദിച്ചില്ല, സമുദ്രം ശ്രീരാമന്റെ മുന്നിൽ കൈകൂപ്പിനിന്നു, സമുദ്രത്തിൽ നിന്ന് പർവതമുയർന്ന് ഹനുമാനോട് അതിൽ വിശ്രമിച്ചുകൊള്ളുവാൻ പറഞ്ഞു. ഇങ്ങിനെയുള്ള സാങ്കൽപിക പദ പ്രയോഗങ്ങൾ പുരാണത്തിൽ കാണാം.
- വ്യാസ ഭാരതത്തിലെ കുറേയേറെ കാര്യങ്ങൾ പുരാണമായ ഭാഗവതത്തിലേക്കും, വാത്മീകി രാമായണത്തിലെ കാര്യങ്ങൾ പുരാണ ഭാഗമായ ആദ്ധ്യാത്മിക രാമായണത്തിലേക്കുമെടുത്തപ്പോൾ രണ്ടിലും കുറേചരിത്ര ഭാഗങ്ങൾ അതിശയോക്തികൾ ചേർത്ത് കഥകളാക്കപ്പെട്ടിട്ടുണ്ട്. അതിൽ ചരിത്രപുരുഷന്മാരായ ശ്രീകൃഷ്ണനും, ശ്രീരാമനും, ഭരതനും, ലക്ഷ്മണനും എല്ലാം ഈശ്വരന്മാരാക്കപ്പെട്ടു. അതുകൊണ്ട് ഭരതനും, ലക്ഷ്മണനും, ശത്രുഘ്നനും, ഗാന്ധാരിക്കും, ദുര്യോധനനും ക്ഷേത്രങ്ങളുണ്ടാക്കി അവർ ആരാധിക്കപ്പെടുന്ന ഈശ്വര രൂപങ്ങളായി അഥവാ അവതാരങ്ങളായി.
- വൈദീക സാഹിത്യത്തിൽ (വേദം-ബ്രാഹ്മണം-ആരണ്യകം-ഉപനിഷത്ത്) ഇന്ദ്രൻ, അഗ്നി, പൂഷാവ്, സൂര്യൻ, രുദ്രൻ, വിഷ്ണു, വായു, ജലം, വൈശ്വാനരൻ..... തുടങ്ങിയ ദേവതാസങ്കൽപങ്ങൾ (പ്രകൃതിയുടെ ഭാഗമായി) ആരാധിച്ചിരുന്നു. ഉപനിഷത്തിൽ പ്രധാനമായും ബ്രഹ്മസങ്കൽപവും പുരാണങ്ങളിൽ അവതാര സങ്കല്പങ്ങളും, ചില വൈദീക ദേവന്മാരെ കഥാരൂപത്തിലവതരിപ്പിക്കുന്നതായും വരുന്നു.
- ഇന്ദ്രൻ പല പല പുരാണങ്ങളിലും വരുന്നുണ്ട്. അഗ്നി ചില പുരാണങ്ങളിൽ വരുന്നു. അഗ്നിപുരാണത്തിൽ ശ്രദ്ധേയമായ രീതിയിൽ അഗ്നി വരുന്നു. മഹാഭാരതത്തിൽ അർജ്ജുനൻ ഇന്ദ്രലോകത്തു പോയതായി പറയുന്നു. ഇവിടെ നാം ശ്രദ്ധിച്ചു പഠിക്കേണ്ട ഒരു കാര്യമുണ്ട്. നമ്മിൽ ചിലർ മനസ്സിലാക്കിവെച്ചിരിക്കുന്നത് പാണ്ഡവർ യമധർമ്മൻ, ഇന്ദ്രൻ, വായു തുടങ്ങിയവരുടെ യഥാർത്ഥ പുത്രന്മാരാണെന്നാണ്. ഒരു സന്ദേശമേ അതിൽ നിന്നെടുക്കാവൂ. ഇത് അനുഭവമോ ചരിത്രമോ സംഭവമോ അല്ലേ അല്ല. കാരണം യമധർമ്മ രാജാവെന്നൊരുരാജാവില്ല. ഇന്ദ്രനെന്നൊരുമനുഷ്യനുമില്ല. വായുവെന്നൊരു രൂപവുമില്ല. അതുകൊണ്ട് ഇവർക്ക് കുന്തീമാതാവിൽ ജനിച്ചപുത്രന്മാരാണെന്നു പറയുന്നത് വാച്യാർത്ഥത്തിൽ തെറ്റാണ്. ലക്ഷ്യാർത്ഥത്തിൽ ശരിയുമാണ്. അതെന്താണ് ലക്ഷ്യാർത്ഥം? ഞാൻ ഗുരുവായൂരപ്പനെ പ്രാർത്ഥിച്ച് എനിക്കൊരു



Scanned with CamScanner

പോലും ദേവന്മാർ ശപിച്ചിട്ടില്ല. അതായത് ദേവന്മാർക്കെതിരെ യുദ്ധംചെയ്തവരെപോലും ശപിച്ചിട്ടില്ല. രാവണനെ രാമനോ, കംസനെ, കൃഷ്ണനോ, ബകനെ-തൃണാസുരനെ-കാകാസുരനെ -കാളിയനെ-ജരാസന്ധനെ-ഭുമാസുരനെ-മഹിഷാസുരനെ-ഭസ്മാസുരനെ.... ഒരു ഈശ്വരചൈതന്യവും അവതാരവും ശപിച്ചിട്ടില്ല. ഇതാണ് സെമിറ്റിക് മതങ്ങളിലെ ഈശ്വരസങ്കൽപവും ഭാരതത്തിലെ ഈശ്വരസങ്കൽപവും തമ്മിലുള്ള വ്യത്യാസം. സെമിറ്റിക് മതങ്ങളിൽ യഹോവയും, അള്ളാഹുവും പറഞ്ഞത് മനുഷ്യൻ കേട്ടിട്ടില്ലെങ്കിൽ, അവന്റെ നാലുതലമുറയെ യഹോവ കുത്തുപാളയെടുപ്പിക്കുമെന്ന് ബൈബിളിൽതന്നെയുണ്ട്. വാശിയുംപകയുമുള്ള ദൈവസങ്കൽപങ്ങളീ ഭാരതത്തിലില്ല

- ഈശ്വരനിൽ നിന്ന് അതുണ്ടായാൽ ഐശ്വര്യത്തിനുനിദാനമായ ആ ചൈതന്യത്തിന് ആ പേര് അനുയോജ്യമല്ലാതായിത്തീരുന്നു. ബൈബളിൽ ഞാൻ പ്രതികാരത്തിന്റെ പ്രതീകമെന്നെല്ലാം ദൈവം സ്വയം പറയുന്നുണ്ട്. അത് ഭാരതീയവേദങ്ങളിലൊ, ഇതിഹാസങ്ങളിലോ കാണില്ല.

- ദൈവത്തിന് ഇഷ്ടമുള്ളവർ ഇഷ്ടമില്ലാത്തവർ എന്ന് രണ്ടുവിഭാഗം മനുഷ്യരോ ജന്തുക്കളോ ഹിന്ദുധർമ്മത്തിലില്ല. ദൈവം ആരോടും ഇഷ്ടമോ അനിഷ്ടമോ കാണിക്കാറുമില്ല. പ്രതികാരമോ പ്രതിഷേധമോ കാണിക്കാറുമില്ല.

- ഭാരതത്തിൽ ദൈവത്തിന് പ്രിയപ്പെട്ടത് എന്നൊന്നില്ല. നന്മനിറഞ്ഞതെല്ലാം ദൈവത്തിന് ഇഷ്ടപ്പെട്ടതാണ്. മറ്റൊരർത്ഥത്തിൽ ഈശ്വരൻ നന്മയുടെ പ്രതീകമാണ്. നാം ഈശ്വരന് നിവേദിക്കുന്നതും ഈശ്വരന് ഇഷ്ടപ്പെടുന്നത് എന്നു നാം വ്യാഖ്യാനിക്കുന്നതുമെല്ലാം, മനുഷ്യർക്ക് ഏറ്റവും ഇഷ്ടമുള്ളതു മാത്രമാണ്. (നന്മനിറഞ്ഞ മനുഷ്യർക്ക്)

- കൗരവപക്ഷത്തുള്ളവരെ ശത്രുവായി ശ്രീകൃഷ്ണൻ കണ്ടില്ല. അവതാരമായ ശ്രീകൃഷ്ണന് അങ്ങിനെ കാണാൻ സാദ്ധ്യമല്ല. അതുകൊണ്ട് ശ്രീകൃഷ്ണൻ സ്വന്തം യാദവസൈന്യത്തെ കൗരവർക്കു വിട്ടുകൊടുത്തു എന്ന് ഞാൻ പറഞ്ഞതോർക്കുമല്ലോ! ശ്രീകൃഷ്ണൻ സ്വയം പാണ്ഡവരുടെ പക്ഷത്തു നിന്നു. കൃഷ്ണൻ കുരുക്ഷേത്രയുദ്ധത്തിൽ ആയുധമെടുത്തുമില്ല, ധർമ്മത്തിന്റെ കൂടെ നിന്നത് അധർമ്മത്തെ ഇല്ലാതാക്കാനാണ്.

- ശ്രീകൃഷ്ണൻ പറഞ്ഞതനുസരിക്കാത്തവരുടെ നാലുതലമുറകളോട് ശ്രീകൃഷ്ണൻ പ്രതികാരം കാണിച്ചില്ല. തന്നെ ശപിച്ച ഗാന്ധാരി



Scanned with CamScanner

യേയും ഉത്തുംഗനേയും ലോകമെന്നും ആരാധിക്കട്ടെയന്നാണ് കൃഷ്ണൻ തിരിച്ചു പറഞ്ഞത്. കൗരവരുടെ എല്ലാ നന്മകളും യുദ്ധത്തിനു മുമ്പും പിമ്പും ശ്രീകൃഷ്ണൻ വ്യക്തമാക്കുന്നുണ്ട്. അവരെല്ലാം അങ്ങിനെയാകാനുള്ള കാരണവും വ്യക്തമാക്കുന്നുണ്ട്.

- ശ്രീരാമനോടു യുദ്ധംചെയ്ത രാവണന്റെ ആത്മാവ് ശ്രീരാമനിൽ അലിയുകയാണുണ്ടായത്. കംസന്റെ ആത്മാവ് കൃഷ്ണനിൽ അലിഞ്ഞു. ഹിരണ്യകശിപുവിന്റെ ആത്മാവ് നരസിംഹമൂർത്തിയിലും, ശ്രീകൃഷ്ണൻ തന്നെ അവഹേളിച്ച ശിശിപാലനുപോലും മോക്ഷം കൊടുത്തു. കാളിയനെ മർദ്ദിച്ചൊതുക്കിയപ്പോഴും യമുനാനദി മലിനമാകാതിരിക്കാൻ കാളിയനെ കൊല്ലാതെവിട്ടു. ഇവിടെയെല്ലാം ഈശ്വരീയ നന്മകളുടെ മഹത്വം അക്കമിട്ടുവിവരിക്കുന്നതായികാണാം. ഇതു നമുക്കുമാർഗദർശമാകാൻ വേണ്ടിയാണ്.
- ഭാരതത്തിൽ, മനുഷ്യനാണ് നന്മ തിന്മകളുടെ പ്രതീകം. അസുര-രാക്ഷസന്മാർ തിന്മയുടെ പ്രതീകവും ഈശ്വരൻ നന്മയുടെ മാത്രം പ്രതീകവുമാണ്. അതുകൊണ്ടാണ് മുപ്പത്തിമുക്കോടി (33%) ദേവന്മാരും മുപ്പത്തിമുക്കോടി (33%) മാനവരും മുപ്പത്തിമുക്കോടി (33%) അസുരന്മാരുമെന്നു പറയുന്നത്.
- ഈ ഈശ്വര സങ്കൽപങ്ങളെല്ലാം മനുഷ്യമനസ്സുകളിൽ നന്മയുടെ ചൈതന്യം നിറക്കാൻവേണ്ടി മാത്രമുള്ളതാണ്. അതുകൊണ്ട് മേൽ വിവരിച്ച മൂന്നും മനുഷ്യനിലുള്ളതാണെന്നു പറഞ്ഞാലും (1:1:1) ശരിയല്ലേ? എന്നിൽതന്നെ ഈശ്വരാംശം 33%; ആസുരികത 33%; ഉണ്ട്. ചില മനുഷ്യരിൽ ഈശ്വരീയാംശംകൂടി നിൽക്കുന്നു. അവരാണ് അവതാരങ്ങളുടെ നിലവാരത്തിലേക്കുയരുന്നത്. ചിലരിൽ മാനുഷികത ഏറിയിരിക്കും. അവരാണ് ലാഭമുള്ള വലിയ വലിയ ബിസിനസ്സുകളും പ്രവൃത്തികളും ചെയ്യുന്നത്. ചിലരിൽ ആസുരികത 33% ത്തേക്കാൾ കൂടുതലുണ്ടാകും. അവരാണ് തീവ്രവാദികളും, കൊള്ളക്കാരുമെല്ലാം. ഇതെല്ലാം സാമാന്യ ബുദ്ധിക്ക് ഉൾക്കൊള്ളാൻ സാധിക്കണം. കൂടുതൽ വ്യക്തമായി ഇനിയും വിവരിക്കുന്നുണ്ട്.
- ഇന്നു ഭാരതത്തിൽ അനവധി അവതാരങ്ങളുള്ളതിനു കാരണം അവരിലെ 33% ഈശ്വരീയാംശത്തെ അവർ നിരന്തരം ഉയർത്തുന്നതുകൊണ്ടാണ്. സ്വാഭാവികമായും ഈശ്വരീയാംശം 33% ൽ നിന്നുയരുമ്പോൾ ആസുരികതയും മാനുഷീക ദൗർബല്യങ്ങളും 33% ൽ നിന്നു കുറയും.
- മനുഷ്യൻ ഈശ്വരനിലേക്കുയരുമ്പോഴാണ് അവന് പൂർണതവരുന്നതും. അവർ ഈശ്വരന്റെ പ്രതീകമാകുന്നതും. ആ അവസ്ഥയിൽ



Scanned with CamScanner

അവൻ ഈശ്വരോപാസനപോലും ചെയ്യേണ്ടതില്ല. ഈശ്വരീയനന്മകൂടി കൂടിവന്ന് 3:0:0 ആയാൽ മനുഷ്യൻ ഈശ്വരനായി എന്നർത്ഥം. സാധിക്കുമോ, നമുക്കങ്ങിനെ ഉയരാൻ?

കേവലം ഈശ്വരനാണ് ഈ ലോകത്തിൽ നിറഞ്ഞിരിക്കുന്നതെന്നറിയുന്നവന് ഒന്നിന്റെയും ആവശ്യമില്ല എന്നു നേരത്തെ സൂചിപ്പിച്ചതോർക്കുമല്ലോ. അവൻ സ്വയം ഈശ്വരാംശമുണ്ടെന്നറിയുന്നു. അവനെല്ലാ നന്മതിന്മകൾക്കും അതീതനാണെന്ന് പൊതുവെ പറയാറുണ്ട്.

ഭാരതത്തിൽ മുപ്പത്തുമുക്കോടി ദേവന്മാരുണ്ടെന്നു പറയാറുണ്ട്. ഈ സംഖ്യക്ക് വളരെ നല്ല ഒരു സന്ദേശം കൂടി കൊടുക്കാനുണ്ട്. കോടി എന്ന പദത്തിന് ഭാഗം, പങ്ക്, ശതമാനം, മൂല എന്നൊക്കെയാണർത്ഥം. മുപ്പത്തിമൂന്ന് നൂറിന്റെ മൂന്നിലൊന്നുഭാഗമാണ്. അതുകൊണ്ട് മുപ്പത്തി മുക്കോടി എന്ന പദത്തിന്റെ സന്ദേശം മൂന്നിലൊന്ന് എന്നാണ്. മനുഷ്യനിൽ മൂന്നിലൊന്ന് ഈശ്വരീയ നന്മകൾ, മൂന്നിലൊന്ന് മാനുഷീക ദൗർബല്യങ്ങൾ, മൂന്നിലൊന്ന് ആസുരിക തിന്മകൾ നിറഞ്ഞിരിക്കുന്നു എന്ന് മുൻവരികളിൽ മുമ്പ് വിവരിച്ചതാണിത്.

ഇതിൽ പൂർവജന്മപുണ്യംകൊണ്ടോ, വളരുന്ന ചുറ്റുപാടുകൾ കൊണ്ടോ, ചെയ്യുന്ന പ്രവർത്തികൾ കൊണ്ടോ, ചെയ്യാൻ നിർബന്ധിതമാകുന്ന കർമ്മങ്ങൾകൊണ്ടോ ചിലരിൽ ഈശ്വരീയ നന്മകൾ കൂടികൂടി 33 ശതമാനം എന്നത് 40, 50, 60, 70, 90 എന്നിങ്ങനെ ഉയർന്നു എന്നു വിചാരിക്കുക. അവരിൽ മാനുഷീക ദൗർബല്യങ്ങളും ആസുരീക തിന്മകളും നിരന്തരം ആനുപാതികമായി കുറഞ്ഞുകൊണ്ടേയിരിക്കും. കാരണം ഈശ്വരീയ നന്മകൾ കൂടിക്കൊണ്ടിരിക്കുന്നു. ഇവരെയാണ് അവതാരങ്ങൾ എന്നു പറയുന്നത്.

ചിലരിൽ ഈശ്വരീയാംശം കുറഞ്ഞുവരുന്ന മാനുഷീക ദൗർബല്യങ്ങൾ കൂടിക്കൊണ്ടേയിരിക്കും. അവർക്ക് സാമ്പത്തീകമായും, അധികാരപരമായും, കീർത്തിപരമായും, സ്ഥാനമാനപരമായും എന്നും അമിതാഗ്രഹം നിലനിൽക്കുന്നു. അതിന്നായി അവർ മാനുഷിക ദൗർബല്യങ്ങളുടെ അളവ് കൂട്ടിക്കൊണ്ടേയിരിക്കും. ചിലരിൽ ആസുരിക തിന്മകൾ കൂടിക്കൊണ്ടിരിക്കുന്നു. കളവ്, ചതി, വഞ്ചന, തീവ്രവാദം, കള്ളക്കടത്ത്, നശീകരണം, കള്ളനോട്ടടി, തുടങ്ങിയ തിന്മകൾ അവരിൽ നിറച്ചുകൊണ്ടിരിക്കും. അവരിൽ ഈശ്വരീയത 33 ശതമാനം ഉണ്ടാകില്ല, വളരെക്കുറവുമായിരിക്കും. ഇപ്പോൾ ഭാരതത്തിലെ ഈശ്വരസങ്കൽപം കുറേക്കൂടി വ്യക്തമായിട്ടുണ്ടാകുമല്ലോ ഇല്ലേ?



Scanned with CamScanner

🙏 മേൽ വിവരിച്ചത് കുറേയെല്ലാം കർമ്മം കൊണ്ടു നേടുന്നു. വിഭീഷണൻ തന്റെ സഹോദരന്മാരെപ്പോലെയായില്ല. മണ്ഡോദരി തന്റെ ഭർത്താവിനെ ന്യായീകരിച്ചില്ല. ഹനുമാൻ മറ്റു കുരങ്ങന്മാരെപ്പോലെയല്ല.... കാരണം ഇവരെല്ലാം ഈശ്വരീയാംശമായ നന്മകൾ കൊണ്ടു സ്വന്തം മനസ്സിനെ പൂരിതമാക്കിയവരാണ്. അവരുടെ ശരീരത്തിലല്ല മാറ്റം വന്നത് മനസ്സിലാണെന്നറിയാമല്ലോ? അതുകൊണ്ട് ഇവരെ നാം അക്ഷരാർത്ഥത്തിൽ സ്മരിക്കുന്നുണ്ട്, ആരാധിക്കുന്നുണ്ട്, ചിലരെ പൂജിക്കുന്നുമുണ്ട്.

🙏 മാതാ അമൃതാനന്ദമയീദേവി മനുഷ്യ ദുഃഖത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. ഉള്ളവരിൽ നിന്ന് സ്വീകരിച്ച് ഇല്ലാത്തവർക്ക് കൊടുക്കുന്നതാണ് വ്യാവഹാരിക ലോകത്ത് ചെയ്യാവുന്ന നരസേവ, മാനവസേവ, ജനസേവ. അതുകൊണ്ടുതന്നെ അതെല്ലാം നാരായണസേവയും, മാധവസേവയും, ജനാർദ്ദന സേവയുമായിമാറുന്നു. ജനകോടികളെകൊണ്ട് ദുഃഖിക്കുന്നവരേയും, വേദനിക്കുന്നവരേയും, വിശക്കുന്നവരേയും, രോഗികളേയും, അശരണരേയും സഹായിക്കുന്നതിൽ ശ്രീ സത്യസായിബാബയും, ശ്രീ ശ്രീ രവിശങ്കറും സഹായിപ്പിക്കുന്നു. മദർ തെരേസയും അതേപോലെ പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ അവരെല്ലാം ഈ ഭൂമിയിലേക്കിറങ്ങിവന്ന ഈശ്വരാംശമായ അവതാരങ്ങളാണ്. മാനുഷീകദൗർബല്യങ്ങളും, ആസുരീക തിന്മകളും മനസ്സിൽ നിന്നു പിഴുതുമാറ്റി ഈശ്വരീയ നന്മകളെ പ്രതിഷ്ഠിച്ചവരാണവർ. (ഈ വരിയെഴുതുന്ന ദിവസം ശ്രീ സത്യസായിബാബ സമാധിയായി എന്നു ദുഃഖത്തോടെ അറിയിക്കട്ടെ)

🙏 മതത്തിനുവേണ്ടി പ്രവർത്തിച്ചവരും ചോരപ്പുഴയൊഴുക്കിയവരുമെല്ലാം ചിലമതത്തിൽ വിശുദ്ധന്മാരായിട്ടുണ്ട്. വിശുദ്ധന്മാരുടെ പട്ടികയെടുത്താൽ ക്രിസ്തുദേവന്റെ ഉപദേശം പിന്തുടർന്ന് ക്രിസ്തുമതം സ്വീകരിക്കാൻ വിസമ്മതിച്ചവരെ കൊന്നുകൊലവിളിച്ചവരെ കർത്താവിന്റെ പ്രതിപുരുഷന്മാരായ പുണ്യവാളന്മാരാക്കി വാഴ്ത്തപ്പെടുത്തുക. ഒരു മതത്തിന്റെ ദുഃഖകരമായ പ്രത്യേകതയാണ്. ഇങ്ങിനെയാണ് പോർച്ചുഗീസുകാരനായ ഫ്രാൻസിസ് സേവ്യർ എന്ന കൊലയാളി പതിനായിരക്കണക്കിന് ഹിന്ദുക്കളെ കൊന്ന് ആയിരക്കണക്കിന് ക്ഷേത്രങ്ങൾ തകർത്തതിന് ഗോവയിൽ സെയിന്റ് ഫ്രാൻസീസ് സേവ്യറായി വാഴ്ത്തപ്പെട്ടത്.

🙏 ഈശ്വരനുവേണ്ടി മനുഷ്യരെക്കൊന്ന് ഹിന്ദുമതത്തിലേക്കു ചേർത്ത് എണ്ണം കൂട്ടുന്നവരെ ഭാരതീയ സംസ്കാരത്തിൽ പുണ്യാത്മാക്കളായി കണക്കാക്കാറില്ല. അവരെ ആരാധിക്കാറുമില്ല. മറ്റാരെയെ



Scanned with CamScanner

- എല്ലാ ഈശ്വരസങ്കൽപങ്ങൾക്കും വൃക്ഷങ്ങളും, സസ്യലതാദികളുമായും ബന്ധമുണ്ട്. കൂവളം ശിവനും, തുളസി വിഷ്ണുവിനും, അരയാൽ കൃഷ്ണനും, കറുക ഗണപതിക്കും, ബലിപ്പൂവ് പിതൃക്കൾക്കും.... ശ്രേഷ്ഠമാണ്. ഇവിടെ ഈശ്വരീയ ചൈതന്യത്തെ സസ്യലതാദികളുമായി ബന്ധപ്പെടുത്തുന്നു. നക്ഷത്രവനങ്ങളുടെ ഉദ്ദേശലക്ഷ്യവും സസ്യലതാദികളെ ഈശ്വരബന്ധം നൽകി നിലനിർത്തുകതന്നെയാണ്.
- ശക്തിയെ അരാധിച്ചിരുന്ന ഭാരതീയർ ഈശ്വരാംശമായിത്തന്നെ ആയുധത്തേയും, ശൗര്യമുള്ള മൃഗങ്ങളേയും തേജസ്വിയായ സൂര്യനേയുമെല്ലാം ആരാധിച്ചു. ശക്തിയുടെ പ്രതീകമായി ദുർഗയും, പാർവതിയുമെല്ലാം ഉദയം ചെയ്തു.
- അറിവ്, ഇരുട്ടകറ്റുന്ന പ്രകാശമായതിനാൽ അറിവിനെ സരസ്വതിയായി ആരാധിച്ചപ്പോൾ പുസ്തകങ്ങളും ഗ്രന്ഥങ്ങളും അവയുടെ ഭാഗമായി. അറിവുതരുന്ന ഗുരുവും ഈശ്വരനായി.
- ഐശ്വര്യത്തിനു നിദാനമായ ലക്ഷ്മിയും, സ്വർണവും, ധനവും, ധാന്യവുമെല്ലാം ഐശ്വര്യത്തിന്റെ പര്യായപദമായിത്തീർന്നു. അവയും ദേവതാസങ്കൽപങ്ങളുടെ ഭാഗമായി.
- പ്രപഞ്ചപുരുഷ സങ്കൽപത്തിൽ ആ പ്രപഞ്ചത്തിന്റെ ഭാഗമായതെല്ലാം ഈശ്വരാംശമായപ്പോൾ എല്ലാ ഗ്രഹങ്ങളും ഈശ്വരീയതയിലേക്കുയർന്നു.
- നന്മ ചെയ്ത വ്യക്തികൾ, പതിവ്രതകൾ.... ഇവരും ഈശ്വരീയ നിലവാരത്തിലേക്കുയരുന്നുണ്ട്. ഷഷ്ട്യബ്ദപൂർത്തി, ശതാഭിഷേകം എന്നിവയെല്ലാം ആചരിക്കുന്ന വേളയിൽ ചിരഞ്ജീവികളായ **അശ്വത്ഥാമാവ്, ബലി, വ്യാസൻ, ഹനുമാൻ, വിഭീഷണൻ** എന്നിവർക്കും **ഹോമമുണ്ട്. അവർ ഈശ്വരീയ നിലയിലേക്കുയർന്നവരാണ്. അവരെ ഹോമമന്ത്രങ്ങൾ ചൊല്ലി സ്വീകരിച്ച് അവർക്ക് ആഹുതി നൽകാറുണ്ട്.**
- **അഹല്യ, ദ്രൗപതി, സീത, താര, മണ്ഡോദരി** എന്നീ പഞ്ചകന്യകൾ (സ്ത്രീകളും) ഇതേപോലെ ഈശ്വരീയ നിലവാരത്തിലേക്കുയർന്നവരാണ്. മണ്ഡോദരി രാവണന്റെയും താര ബാലിയുടേയും ഭാര്യമാരായിരുന്നിട്ടും മാതൃകാ വനിതകളായി സ്വീകരിക്കപ്പെട്ട് മന്ത്രങ്ങളാൽ ആരാധിക്കുന്നു. ശ്രീരാമൻ വധിച്ചവരാണ് ബാലിയും രാവണനും!
- ചില ക്ഷേത്രങ്ങളിൽ നിരന്തരം ഉപാസിച്ചിരുന്ന ക്ഷേത്രഉപാസകരോ ജീവനക്കാരോപോലും മരണാനന്തരം ചിലപ്പോൾ പ്രതി



Scanned with CamScanner

എന്നറിയപ്പെടുന്നു. രണ്ടാമത്തേത് നമുക്കീശരീരം തന്നതാകട്ടെ മാതാപിതാക്കളാണ്, അവർക്ക് അവരുടെ മതാപിതാക്കളും ശരീരം നൽകി. ഇങ്ങിനെ വലിയൊരു തലമുറ പുറകോട്ടു പോകണം. നമ്മുടെ വേരുകൾ കണ്ടെത്താൻ ശ്രമകരമായിരിക്കും. അവരിലാരെങ്കിലും ഒരാൾ മാറിയിരുന്നുവെങ്കിൽ നാമിതുപോലുള്ള ശരീരത്തിൽ ഈ ഭൂമിയിൽ വരില്ലായിരുന്നു. അപ്പോൾ നമ്മളെ നാമാക്കി ഇവിടെകൊണ്ടുവന്നത് നമ്മുടെ മാതാപിതാക്കളാണ്. അവരോടുള്ള കടപ്പാടാണ് **പിതൃഋണം.** നമ്മുടെ സംസ്കാരം നമുക്ക് നൽകിയത് ഋഷിവര്യന്മാരാണ്. അവരോടുള്ള കടപ്പാടാണ് **ഋഷിഋണം.** അവരാണ് നമ്മളെ ധർമ്മബോധമുള്ളവരാക്കിയത്. അവരിൽ മാതാപിതാക്കളും സംസ്കാരംതന്ന ആചാര്യന്മാരും ഈശ്വരതുല്യരാണ്. ഇവരെല്ലാം കണ്ണുകൊണ്ടു കാണാവുന്ന പ്രത്യക്ഷമായ ദൈവങ്ങളാണെന്നു നമ്മുടെ പൂർവ്വീകർ പറയുന്നു.

- സർവചരാചരങ്ങൾക്കും ആധാരമായത് വായുവും ജലവും ആയതിനാൽ അവയും ഈശ്വരീയമാണ്. ഭൂമിയും, സൂര്യനും, പ്രപഞ്ച പുരുഷന്റെ അവിഭാജ്യഘടകമാണ്. വൃക്ഷങ്ങളും ജീവജാലങ്ങളുമെല്ലാം ഭാരതീയർക്ക് ഈശ്വരാംശമാണ്. അതുകൊണ്ടുതന്നെ അവയെല്ലാം വേദങ്ങളിലും ഉപനിഷത്തുകളിലും സവിസ്തം വർണിക്കപ്പെടുന്നു. അവയെല്ലാം പുരാണങ്ങളിൽ കഥാരൂപത്തിലും വിവരിക്കപ്പെടുന്ന ഈശ്വര സങ്കൽപങ്ങളാണ്.

- അവതാരങ്ങളോടും ഈശ്വര സങ്കൽപങ്ങളോടുമൊപ്പം പലതരത്തിലുള്ള മൃഗപക്ഷികളുമുണ്ട്. അവ ദേവവാഹനമായി വിവരിക്കപ്പെടുന്നു. മയിൽ മുരുകന്റേയും, കാള ശിവന്റേയും, സിംഹം ദേവിയുടേയും, എലി ഗണേശന്റേയും, പുലി ധർമ്മശാസ്താവിന്റേയും, ഗരുഡൻ മഹാവിഷ്ണുവിന്റേയും...... വാഹനസ്ഥാനം അലങ്കരിക്കുമ്പോൾ അവയെല്ലാം ഈശ്വരീയാംശമായിത്തീരുന്നു എന്ന സ്മരണ നമ്മിലുദയം ചെയ്യുന്നു. നമുക്കിഷ്ടമുള്ളതാണെങ്കിലും അല്ലെങ്കിലും ഇവക്കെല്ലാം പ്രകൃതിയിൽ ചെയ്തുതീർക്കാനുള്ള ദൗത്യങ്ങളേറെയുണ്ട്. ഓരോന്നിനേയും പ്രത്യേകം ശ്രദ്ധിക്കുക. ശനിയുടെ വാഹനമായ കാക്കക്കും, ശിവന്റെ കഴുത്തിലുള്ള പാമ്പിനും ...... എല്ലാത്തിനും ചെയ്തുതീർക്കേണ്ട പ്രകൃതിയിലെ ദൗത്യമുണ്ട്. മനുഷ്യരാരുമിവിടെയില്ലെങ്കിലും അവയെല്ലാം ജീവിക്കും അവയില്ലെങ്കിൽ മനുഷ്യനു ജീവിക്കാനാവില്ല. നമ്മുടെ നന്മക്കുവേണ്ടി അവയെന്തെല്ലാം ചെയ്യുന്നുവെന്നു സാവധാനത്തിൽ ചിന്തിക്കുക. അവയും ഈശ്വരീയത നമ്മിലേക്കെത്തിക്കാനുള്ള വാഹനമാണെന്നറിയാൻ വിഷമമുണ്ടാകില്ല.



Scanned with CamScanner

- എല്ലാ ഈശ്വരസങ്കൽപങ്ങൾക്കും വൃക്ഷങ്ങളും, സസ്യലതാദികളുമായും ബന്ധമുണ്ട്. കൂവളം ശിവനും, തുളസി വിഷ്ണുവിനും, അരയാൽ കൃഷ്ണനും, കറുക ഗണപതിക്കും, ബലിപ്പൂവ് പിതൃക്കൾക്കും.... ശ്രേഷ്ഠമാണ്. ഇവിടെ ഈശ്വരീയ ചൈതന്യത്തെ സസ്യലതാദികളുമായി ബന്ധപ്പെടുത്തുന്നു. നക്ഷത്രവനങ്ങളുടെ ഉദ്ദേശലക്ഷ്യവും സസ്യലതാദികളെ ഈശ്വരബന്ധം നൽകി നിലനിർത്തുകതന്നെയാണ്.
- ശക്തിയെ അരാധിച്ചിരുന്ന ഭാരതീയർ ഈശ്വരാംശമായിത്തന്നെ ആയുധത്തേയും, ശൗര്യമുള്ള മൃഗങ്ങളേയും തേജസ്വിയായ സൂര്യനേയുമെല്ലാം ആരാധിച്ചു. ശക്തിയുടെ പ്രതീകമായി ദുർഗയും, പാർവതിയുമെല്ലാം ഉദയം ചെയ്തു.
- അറിവ്, ഇരുട്ടകറ്റുന്ന പ്രകാശമായതിനാൽ അറിവിനെ സരസ്വതിയായി ആരാധിച്ചപ്പോൾ പുസ്തകങ്ങളും ഗ്രന്ഥങ്ങളും അവയുടെ ഭാഗമായി. അറിവുതരുന്ന ഗുരുവും ഈശ്വരനായി.
- ഐശ്വര്യത്തിനു നിദാനമായ ലക്ഷ്മിയും, സ്വർണവും, ധനവും, ധാന്യവുമെല്ലാം ഐശ്വര്യത്തിന്റെ പര്യായപദമായിത്തീർന്നു. അവയും ദേവതാസങ്കൽപങ്ങളുടെ ഭാഗമായി.
- പ്രപഞ്ചപുരുഷ സങ്കൽപത്തിൽ ആ പ്രപഞ്ചത്തിന്റെ ഭാഗമായതെല്ലാം ഈശ്വരാംശമായപ്പോൾ എല്ലാ ഗ്രഹങ്ങളും ഈശ്വരീയതയിലേക്കുയർന്നു.
- നന്മ ചെയ്ത വ്യക്തികൾ, പതിവ്രതകൾ.... ഇവരും ഈശ്വരീയ നിലവാരത്തിലേക്കുയരുന്നുണ്ട്. ഷഷ്ട്യബ്ദപൂർത്തി, ശതാഭിഷേകം എന്നിവയെല്ലാം ആചരിക്കുന്ന വേളയിൽ ചിരഞ്ജീവികളായ അശ്വത്ഥാമാവ്, ബലി, വ്യാസൻ, ഹനൂമാൻ, വിഭീഷണൻ എന്നിവർക്കും ഹോമമുണ്ട്. അവർ ഈശ്വരീയ നിലയിലേക്കുയർന്നവരാണ്. അവരെ ഹോമമന്ത്രങ്ങൾ ചൊല്ലി സ്വീകരിച്ച് അവർക്ക് ആഹൂതി നൽകാറുണ്ട്.
- അഹല്യ, ദ്രൗപതി, സീത, താര, മണ്ഡോദരി എന്നീ പഞ്ചകന്യകൾ (സ്ത്രീകളും) ഇതേപോലെ ഈശ്വരീയ നിലവാരത്തിലേക്കുയർന്നവരാണ്. മണ്ഡോദരി രാവണന്റെയും താര ബാലിയുടേയും ഭാര്യമാരായിരുന്നിട്ടും മാതൃകാ വനിതകളായി സ്വീകരിക്കപ്പെട്ട് മന്ത്രങ്ങളാൽ ആരാധിക്കുന്നു. ശ്രീരാമൻ വധിച്ചവരാണ് ബാലിയും രാവണനും!
- ചില ക്ഷേത്രങ്ങളിൽ നിരന്തരം ഉപാസിച്ചിരുന്ന ക്ഷേത്രഉപാസകരോ ജീവനക്കാരോപോലും മരണാനന്തരം ചിലപ്പോൾ പ്രതി



Scanned with CamScanner

ഷ്ഠിക്കപ്പെടുന്നത് ദേവപ്രശ്നവിധിപ്രകാരമാണ്. കോട്ടയത്തിനടുത്ത് ഒരിടത്ത്, തന്റെ കോടതി വിധി തെറ്റായിരുന്നുവെന്നറിഞ്ഞ് ഒരു ജഡ്ജി സ്വന്തം നാക്ക് പിഴുത് ആത്മഹത്യ ചെയ്തു. ആ ജഡ്ജിയെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. പതിനായിരക്കണക്കിന്നാരാധകർ തൊഴാനായി ഇവിടെ വരാറുമുണ്ട്.

- പൂന്താനത്തേയും, കുറൂരമ്മയേയും, മഞ്ജുളയേയുമെല്ലാം ഈശ്വര നിലവാരത്തിലേക്ക് ഉയർത്തിയത് ഭക്തികൊണ്ടാണ്. നമ്മളെപ്പോല സാധാരണ മനുഷ്യരാണെങ്കിലും അവരുടെ മനസ്സിൽ നിറഞ്ഞിരുന്നത് ഈശ്വരീയ ചിന്തകളായിരുന്നു. അവിടെ ആസുരിക വികാരങ്ങളും മാനുഷിക ദൗർബല്യങ്ങളുമില്ലാതെ അവർ വളർന്നുയർന്നു.
- ഗരുഡനേയും, സർപ്പത്തേയും, ആനയേയും പ്രതിഷ്ഠിക്കുന്ന ക്ഷേത്രങ്ങളുണ്ട്. ഈശ്വരീയനന്മകളുടെ പ്രതീകമായിട്ടാണിത്.
- ചരിത്രപുരുഷന്മാരും ഈശ്വരീയതലത്തിലേക്ക് ഉയരുന്നവരുണ്ട്. പന്തളം രാജാവിന്റെ മകനാണ് അയ്യപ്പൻ. പുരാണ കഥാപാത്രമായ ധർമ്മശാസ്താവിന്റെ കൂടെചേർത്ത് ഈശ്വരനാക്കി. ശ്രീബുദ്ധനും, ജൈനനും, ശങ്കരാചാര്യരും, മാധ്വാചാര്യരും, ഭക്തകവി മീരയും തുളസീദാസുമെല്ലാം ആരാധിക്കപ്പെടുന്നത് അവരിൽ ഈശ്വരീയമായ നന്മകൾ വളരെയേറെ നിലനിൽക്കുകയും മാനുഷീക ദൗർബല്യങ്ങളും, ആസുരീക ചിന്തകളും വളരെ കുറച്ചുമാത്രം അവശേഷിക്കുകയും ചെയ്യുന്നതിലാണ്.
- ഇവരാരും മറ്റുള്ളവരുടെ പാപം ഇല്ലാതാക്കിയവരോ അവരുടെ പാപവും, ദുഷ്കർമ്മഫലങ്ങളും സ്വയം ഏറ്റെടുത്തവരോ അല്ല. മറിച്ച് അവരുടെ മനസ്സിൽ നന്മനിറക്കാനും, (സന്മസ്) നല്ല ചിന്തകളുണ്ടാക്കാനും (സത്ചിന്തകൾ) അതിലൂടെ നല്ല കർമ്മങ്ങൾ ചെയ്യിക്കാനും (സത്കർമ്മങ്ങൾ) നല്ല കർമ്മഫലങ്ങൾ സൃഷ്ടിക്കുനും (സത്കർമ്മഫലങ്ങൾ = പുണ്യം) തിന്മനിറഞ്ഞ കർമ്മഫലങ്ങൾ (ദുഷ്കർമ്മഫലങ്ങൾ = പാപം) ഇല്ലാതാക്കാനും. അതിലൂടെ സത്കർമ്മപ്രതിഫലങ്ങൾ (സ്വർഗം) സൃഷ്ടിക്കാനും ദുഷ്കർമ്മ പ്രതിഫലങ്ങൾ (നരകം) സൃഷ്ടിക്കാതിരിക്കാനും, പ്രത്യക്ഷമായോ പരോക്ഷമായോ മനുഷ്യമനുസ്സുകളെ സ്വാധീനിച്ചവരാണ് ഇവരെല്ലാം. അതായത് നമുക്ക് നാമേ പണിവതു നാകം നരകവുമതു പോലെ എന്നു ഓർമ്മപ്പെടുത്തിയവരും, താൻ താൻ നിരന്തരം..... എന്നറിയിച്ചവരുമാണ്.
- വ്യക്തമായി നാം അറിഞ്ഞിരിക്കേണ്ടതായ ഒരു കാര്യം; ലോകത്തിലെല്ലായിടത്തും എല്ലായിപ്പോഴും നടത്തുന്നതും നടക്കുന്നതു



Scanned with CamScanner

മാണ്; ഈശ്വരൻ, ക്ഷേത്രം, ആരാധന, സന്യാസം, ഭക്തി, പൂജ, വഴിപാട്..... എന്നിവയുടെ പേരിൽ അനവധി തിന്മകളും, പറ്റിക്കലുകളും, ചതിയും, വഞ്ചനകളും. അതിൽ പോയിവീഴുന്നതും അബദ്ധം പറ്റുന്നതുമെല്ലാം സ്വന്തം കഴിവുകേടാണെന്നറിയണം. എവിടേയും പറ്റിക്കാനാളുണ്ടാകും. പറ്റിക്കപ്പെടാതിരിക്കേണ്ടത് നമ്മുടെ സ്വയമുള്ള ഉത്തരവാദിത്വമാണ്. അപ്രകാരം സംഭവിക്കുന്നതിന് അവനവൻതന്നെയാണ് കാരണമെന്നറിയണം. ഞാൻ നിന്നുകൊടുക്കാതെ എന്നെ ആർക്കും പറ്റിക്കാനാകില്ല.

- ഭാരതീയ ആത്മീയതയുടെ അവിഭാജ്യഘടകങ്ങളാണ് ഈശ്വരോപാസന. ഇതു രണ്ടു തരത്തിലൂടെയാകാം; കർമ്മത്തിലൂടെയും ജ്ഞാനത്തിലൂടെയും നമ്മളെല്ലാവരും ഈശ്വരോപാസന നടത്തുന്നു. കർമ്മത്തിലൂടെ നടത്തുന്ന ഉപാസനകളും രണ്ടുവിധത്തിലുണ്ട്. പൂജകളും ഹോമങ്ങളുമാണവ. ഇവയും രണ്ടുതരത്തിലുണ്ട്. ദ്രവ്യസ്ഥാന ലാഭത്തിനുവേണ്ടി നടത്തുന്ന പൂജകൾ; അതായത് വിജയം, സമ്പത്ത്, പ്രശസ്തി...... എന്നിവക്കെല്ലാംവേണ്ടി നടത്തുന്നതാണ്; കാമ്യേഷ്ഠികൾ. അത് ആഗ്രഹപൂർത്തിക്കായി നടത്തുന്ന പൂജകളും ഹോമങ്ങളുമായി കാണണം.

- **മോക്ഷേഷ്ഠികൾ** : ശാന്തമായ ജീവിതത്തിനും ശാശ്വത സമാധാനത്തിനും എല്ലാ ബന്ധനങ്ങളിൽ നിന്നുമുള്ള മോചനത്തിനുമായി നടത്തുന്നതാണ് മോക്ഷേഷ്ഠികൾ.

- (സനാതനധർമ്മത്തിൽ) കാമ്യേഷ്ഠികൾ (കാര്യസാദ്ധ്യത്തിനായി) നടത്തുന്ന ഈശ്വരാരാധനകളെല്ലാം വ്യാവഹാരികലോകത്തിൽ സുഖത്തോടെ ജീവിക്കാനുള്ളതാണ്.

- വിഗ്രഹങ്ങളിൽ നടത്തുന്ന വിവിധ മന്ത്രങ്ങൾ ചൊല്ലിയുള്ള പൂജകളിലൂടെ കാര്യസാദ്ധ്യത്തിനായി ഈശ്വരനോട് അഭ്യർത്ഥിക്കുന്നതിനാണ് പ്രാർത്ഥനയെന്നു പറയുന്നത്. നല്ല പുഷ്പം, ഫലം, ജലം, ദൂപം, ദീപം ഇലകൾ എന്നിവ സമർപ്പിക്കുന്നത് പൂജ.

- ഇതിൽ പ്രത്യേകമായ പദപ്രയോഗങ്ങളുണ്ട്. ഈശ്വരനെ സ്തുതിക്കുക. സന്തോഷിപ്പിക്കുക പ്രസാദിപ്പിക്കുക... ഇവയൊന്നും മറ്റു മതങ്ങളിലെ പ്രയോഗം പോലെയല്ല. നമുക്കിഷ്ടമുള്ളതെല്ലാം തരാനുള്ള ഒരു ട്രെഷറി ഓഫീസറോ, വെൽഫെയർ മന്ത്രിയോആയി ഈശ്വരനെ കണ്ടാൽ നമ്മുടെ മനസ്സിൽ അനവധിതെറ്റിദ്ധാരണകളുദയംചെയ്യും. അങ്ങിനെയൊരു വീക്ഷണം ഹിന്ദുധർമ്മത്തിലില്ല. ഈശ്വരനെ സുഖിപ്പിച്ച് കാര്യസാദ്ധ്യം നേടാമെന്നാണെങ്കിൽ പത്തുരൂപ വഴിപാടിനു കൊടുക്കുന്നവനും നൂറുരൂപ വഴിപാടിനു



Scanned with CamScanner

കൊടുക്കുന്നവനുമുണ്ടെങ്കിൽ ഈശ്വരൻ ആർക്കാണു കൂടുതൽ സുഖം കൊടുക്കുക?

- ഓരോ സുവിശേഷ പ്രസംഗവും ടിവിയിൽ വരുന്നത് നിങ്ങളും കേൾക്കുക. അതിൽ ഈശ്വരനെക്കുറിച്ചും ഈശ്വര പ്രാർത്ഥനയെക്കുറിച്ചും വിവരിക്കുന്നത് ശ്രദ്ധിക്കുക. യേശുക്രിസ്തുവിനെക്കുറിച്ച് വിവരിക്കുന്നത് ശ്രദ്ധിക്കുക. ഇവർക്കെല്ലാം ഒരു രോഗം മാറ്റാനുള്ള ഡോക്ടറുടെയോ ഭക്ഷണം തരാനുള്ള റേഷൻ ഓഫീസറുടേയോ, ന്യായവിധി നടത്താനുള്ള ജഡ്ജിയുടേയോ, വികൃതമായ റോളാണുള്ളതെന്നു ബോദ്ധ്യപ്പെടും. ഈ ഒരുധാരണ ശരിയെങ്കിൽ നല്ല ഒരു ക്രിസ്ത്യാനിക്കും രോഗം ഉണ്ടാകരുത്, വിശപ്പുണ്ടാകരുത്, പിച്ചയെടുക്കേണ്ടിവരരുത്, നരകത്തിൽ പോകേണ്ടിവരരുത്, പാപത്തിന്റെ ഫലമായ മരണവും അവർക്കുണ്ടാകരുത്, യേശുവിനുപോലും മരണമുണ്ടായെങ്കിൽ അത് അദ്ദേഹത്തിന്റെ പാപത്തിന്റെ ശമ്പളമല്ലേ?
- കൂടുതൽ കൂടുതൽ കാശും വഴിപാടും കൊടുത്ത് കാര്യം സാധിക്കുമെങ്കിൽ നമ്മളെല്ലാം ചെയ്യുന്ന കർമ്മത്തിന്റെ നന്മതിന്മകൾക്കെന്തുസ്ഥാനം? അഞ്ചുലിറ്റർ പെട്രോളൊഴിച്ച്, നൂറുരൂപ ഭണ്ഡാരത്തിലിട്ട് വണ്ടി മുന്നൂറു കിലോമീറ്റർ പോകേണമേ ഈശ്വരാ എന്നു പ്രാർത്ഥിച്ചാൽ..........?
- ഇവിടെയാണ് പ്രാർത്ഥന വിഫലമാകുന്നത്. അർഹിക്കുന്നത് ചോദിക്കണം. അർഹിക്കുന്നത് തരേണമേ എന്നു പ്രാർത്ഥിക്കുന്നതാണ് തരക്കേടില്ലാത്തപ്രാർത്ഥന. അങ്ങിനെ പ്രാർത്ഥിച്ചാൽ അർഹിക്കുന്ന തലത്തിലേക്കുയരാൻ മനസ്സിനതൊരു പ്രേരണാശക്തിയാകും എന്നതാണ് പ്രാർത്ഥനയുടെ സന്ദേശം.
- ജീവിതത്തിൽ സുഖ-ദുഃഖങ്ങളുണ്ട്, നന്മ-തിന്മകളും, ജയ-പരാജയങ്ങളും, ശത്രു-മിത്രങ്ങളും, ചിരി-കരച്ചിലുകളുമെല്ലാമുണ്ട്. ജീവിതാനുഭവങ്ങളിലൂടെ മുന്നോട്ടു പോകുമ്പോൾ ജീവിത വേദനകളെ അഭിമുഖീകരിക്കാനുള്ള ശക്തി തരേണമെ എന്നാണ് പ്രാർത്ഥിക്കേണ്ടത്. അല്ലെങ്കിൽ നെഗറ്റീവുകളെ പോസിറ്റീവുകളാക്കാനുള്ള മാനസീക ശക്തി തരേണമേ...! ഇതാണ് പ്രാർത്ഥനയുടെ മാനസീക ലക്ഷ്യം.
- ആറുതരത്തിലുള്ള ഭക്തിയാണ്, ഭാരതീയവീക്ഷണപ്രകാരം മനസ്സിലുദയംചെയ്യുന്നത്. ശാന്തഭാവശക്തി (ഭീഷ്മർ/വിദുരർ/അക്രൂരർ/......... എന്നിവർക്ക് ശ്രീകൃഷ്ണനോടു തോന്നിയ ഭക്തി. വാത്സല്യഭാവ ഭക്തി മാതാപിതാക്കൾക്ക് മക്കളോടു തോന്നുന്ന വാത്സല്യം ഈശ്വരചൈതന്യത്തോടുള്ള ഭക്തി രൂപത്തിലായാൽ അത് ദേവകി



Scanned with CamScanner

ബന്ധപ്പെട്ട മറ്റൊരു കർമ്മത്തിനും വേദമന്ത്രങ്ങൾ പൊതുവേ ചൊല്ലാറില്ല.

- ശ്രാദ്ധകർമ്മങ്ങൾക്ക് പിതൃക്കളെ ക്ഷണിക്കുന്ന അനവധി വേദമന്ത്രങ്ങൾ ചൊല്ലാറുണ്ട്. ബാക്കിയെല്ലാം കർമ്മമന്ത്രങ്ങളുമാണ്. ശ്രാദ്ധകർമ്മങ്ങളിലും ചില പൂജകൾ നടക്കുന്നുണ്ട്. യജ്ഞോപവിതധാരികൾ നടത്തുന്ന പിതൃകർമ്മത്തിലാണ് വേദമന്ത്രങ്ങൾ വരുന്നത്. അല്ലാത്തവർക്ക് വേദമന്ത്രങ്ങളുടെ ആവശ്യമില്ല.
- വേദപണ്ഡിതർ നടത്തുന്ന പൂജകളിലും ഹോമങ്ങളിലും പരസ്പര വ്യത്യാസങ്ങളുണ്ട്. ഇതിനുകാരണം ഋഗ്വേദികളായ പണ്ഡിതർ ഋഗ്വേദീയ ധർമ്മശാസ്ത്ര പ്രകാരവും, യജുർവേദികളായവർ യജുർവേദീയ ധർമ്മശാസ്ത്ര പ്രകാരവും, സാമവേദികളും അഥർവ വേദികളുമായ വൈദീകർ അതാതു ധർമ്മശാസ്ത്ര പ്രകാരവുമാണ് ആരാധനാ കർമ്മങ്ങൾ നടത്തുന്നത്. അതുകൊണ്ടുതന്നെ ഓരോ വിഭാഗക്കാരുടേയുമാരാധനാ രീതികളിൽ വ്യത്യാസമുണ്ടായിരിക്കും. അവയുടെയെല്ലാം അന്തസത്തയും അർത്ഥവും സന്ദേശവും ഒന്നു തന്നെയായിരിക്കും.
- എല്ലാപൂജകളും ഹോമങ്ങളും മനുഷ്യമനസ്സുകളെ ഉയർത്തുന്ന ആത്മീയതയും ആചാരങ്ങളും അടങ്ങുന്നതാണ്. മറ്റൊരർത്ഥത്തിൽ അവയെല്ലാം applied spirituality യാണ്.

**ആചാര സംക്ഷിപ്തം**

- പൂജാ-ഹവനങ്ങളിലെല്ലാം ആത്മീയതയുടെ അംശം വളരെക്കൂടുതലും ആചാരങ്ങളുടെ അംശം കുറവുമാണ്. എന്നാൽ സനാതന ധർമ്മം നിലനിൽക്കുന്നതുതന്നെ ആചാരങ്ങളിലാണ്. ആചാരപ്രഭവോ ധർമ്മ...... ധർമ്മത്തിന്റെ അടിസ്ഥാനം ആചാരങ്ങളാണ്. ഈ ആചാരങ്ങളാണ് നമ്മുടെ മനസ്-ശരീരം-കുടുംബം-സമൂഹം -രാഷ്ട്രം ഇവയുടെ ശാശ്വതനന്മക്കായി ഉതകുന്നത്.
- ഓരോ വ്യക്തിയും അനുഷ്ഠിക്കേണ്ടതായ ആചാരങ്ങളുണ്ട്. അവയെല്ലാം ആ വ്യക്തിയുടെ ധർമ്മമാണെന്നു നിർവചിക്കപ്പെട്ടിട്ടുമുണ്ട്. അതാണ് മാതൃധർമ്മം, പിതൃധർമ്മം, പുത്രധർമ്മം, ഭാര്യാധർമ്മം, ഭർത്തൃധർമ്മം, ആചാര്യധർമ്മം, പൗരധർമ്മം, അമാത്യധർമ്മം, രാജധർമ്മം .............. ഇവയെല്ലാം ചേർത്തെഴുതിയാൽ അത് സനാതനധർമ്മമായി. അതായത് സനാതനധർമ്മം ആചാരങ്ങളുടെ സമാഹാരമാണ്.
- സനാതനധർമ്മം ഒരു ജീവിതരീതിയാണെന്നും അതൊരു വ്യക്തിയുണ്ടാക്കിയ മതമല്ലെന്നും പറയുന്നത് അതുകൊണ്ടാണ്. ആയിര



Scanned with CamScanner

ക്കണക്കിന് ഋഷിമാർ, ആയിരക്കണക്കിന് വിഷയങ്ങളിലായി ആയിരക്കണക്കിന് ഗ്രന്ഥങ്ങളിലൂടെ, ആയിരക്കണക്കിന് വർഷങ്ങളായി നമുക്കു നൽകിയിരിക്കുന്ന താത്വീകവും പ്രായോഗികവുമായ അറിവുകളുടെ ആകത്തുകയാണ് സനാതനധർമ്മം എന്ന് തുടക്കത്തിലേ സൂചിപ്പിച്ചത് ഓർക്കുമല്ലോ.

- മാനവരാശിക്ക് ആവശ്യമായ എല്ലാ അറിവുകളും ഒരു വ്യക്തിക്കോ, ഒരു ഗ്രന്ഥത്തിനോ ഒരു കാലഘട്ടത്തിലോ, ഒരു വിഷയമായിട്ടോ, എഴുതി സമർപ്പിക്കാൻ സാധ്യമല്ല എന്നറിയാവുന്നതിനാലാണ് ഇത്രയും ഗ്രന്ഥങ്ങൾ നമ്മുടെ പൂർവപിതാമഹന്മാർ എഴുതിയത് എഴുതിക്കൊണ്ടേയിരിക്കുന്നത്.

- അവയിലെല്ലാം ആത്മീയവും, ഭൗതീകവും, സാമൂഹികവും, കാർഷികവും, സാമ്പത്തീകവും, ഭരണപരവും, ദൈവീകവും, താന്ത്രികവുമായ ആചാരങ്ങളുണ്ട്.

- ഇക്കാലഘട്ടത്തിൽ അനാവശ്യമായ ആചാരങ്ങളെ അനാചാരങ്ങളെന്നു പറയുന്നു. ദൂഷ്യഫലങ്ങളുളവാക്കുന്ന ആചാരങ്ങളെ ദുരാചാരങ്ങളെന്നു പറയുന്നു. മനസ്സിനും-ശരീരത്തിനും-കുടുംബബന്ധങ്ങൾക്കും-സാമൂഹികബന്ധങ്ങൾക്കും-രാഷ്ട്രത്തിന്റെ ഐക്യത്തിനും ഉതകുന്ന ആചാരങ്ങളെ സദാചാരങ്ങളെന്നു പറയുന്നു. ആചാരങ്ങളെക്കുറിച്ച് സുദൂർഘമായി രണ്ടാംഭാഗത്തിൽ വിവരിക്കുന്നുണ്ട്.

- വേദങ്ങളിൽ യാഗയജ്ഞങ്ങളുമായി ബന്ധപ്പെട്ട അചാരങ്ങളും, ബ്രാഹ്മണഗ്രന്ഥങ്ങളിലും വൈദീകകർമ്മങ്ങളുമായി ബന്ധപ്പെട്ട ആചാരങ്ങളും, ഉപനിഷത്തുക്കളിൽ ആത്മീയാചാരങ്ങളും വിവരിക്കുന്നു. ഭാരതീയ ആചാരങ്ങളുടെ സമഗ്രസന്ദേശം ലഭിക്കുന്നത്, ഇതിഹാസങ്ങളിൽ നിന്നും പുരാണങ്ങളിൽ നിന്നുമാണ്. തീർത്ഥയാത്ര, പ്രതിദിന-പ്രതിവാര-പ്രതിമാസ പ്രതിവർഷ ആചാരങ്ങളെല്ലാം പുരാണഗ്രന്ഥങ്ങളിലെ വിവരണങ്ങളിൽപെടുന്നു. നക്ഷത്രം, തിഥി, ദിവസം, ആഴ്ച, മാസം.... എന്നിവയുമായി ബന്ധപ്പെട്ട ആചാരങ്ങളാണ് പുരാണങ്ങളിൽ വിവരിക്കുന്നത്. വാവ്, ചതുർദശി, ഏകാദശി, ദ്വാദശി തുടങ്ങിയ തിഥിബന്ധിതാചാരങ്ങൾ, പുണർതം, മകം, തിരുവാതിര..... തുടങ്ങി നക്ഷത്ര ബന്ധിത ആചാരങ്ങൾ, തിങ്കളാഴ്ച വ്രതം, ശനിയാഴ്ച വ്രതമെന്നീ വാരാടിസ്ഥാനത്തിലുള്ള ആചാരങ്ങൾ വൈശാഖ മാസാചാരങ്ങൾ, കർക്കിടക മാസാചാരങ്ങൾ ......... ഇവയെല്ലാം പുരാണങ്ങളിൽ സവിസ്തരം നൽകുന്നു.



Scanned with CamScanner

- ഈ ആചാരങ്ങളെല്ലാം മനസിന്റേയും ശരീരത്തിന്റേയും, കുടുംബ ബന്ധത്തിന്റേയും നന്മക്കുവേണ്ടിയുള്ളതാണ്. തീർത്ഥയാത്രയു മായി ബന്ധപ്പെട്ട ആചാരങ്ങൾ ദേശീയ ഐക്യത്തിനുള്ളതുമാണ്.
- ഈ പുരാണാന്തർഗത ആചാരങ്ങളെങ്ങിനെയനുഷ്ഠിക്കണമെന്ന് വ്യക്തമായി ഗൃഹ്യസൂത്രഗ്രന്ഥങ്ങളിലും ധർമ്മശാസ്ത്ര ഗ്രന്ഥങ്ങ ളിലും വിവരിക്കുന്നു. ഗൃഹസ്ഥൻ ആചരിക്കേണ്ടതായ ആചാരങ്ങ ളെല്ലാം ഗൃഹ്യസൂത്രഗ്രന്ഥങ്ങളിലുണ്ട്. ഒരു രാഷ്ട്രത്തിന്റെ നില നില്പിന്നാവശ്യമായി വ്യക്തികൾ - കുടുംബാംഗങ്ങൾ - സമൂഹാം ഗങ്ങൾ - പൗരന്മാർ അനുഷ്ഠിക്കേണ്ടതായ ആചാരങ്ങളെല്ലാം ധർമ്മശാസ്ത്രഗ്രന്ഥങ്ങളിലുണ്ട്. ആചാരങ്ങളെല്ലാം ധർമ്മത്തിന്റെ ഭാഗമായി എഴുതിയിരിക്കുന്നു.
- ആദ്ധ്യാത്മീകമായി ആചാരങ്ങളെല്ലാം ജീവിതത്തിന്റെ ഭാഗമാണ്. അതൊന്നും ജീവിതത്തിൽ ഭാരമാകരുത്. ആചാരങ്ങൾ അനാചാ രങ്ങളിലേക്കും ദുരാചാരങ്ങളിലേക്കും കടക്കരുത്. ആചാരങ്ങളിൽ ഭൗതീകത വളരെകൂടുതലും ആത്മീയത കുറച്ചു മാത്രവുമാണുള്ളത്. അതാണ് വേണ്ടതും.
- ആചാരങ്ങൾ ആയുരാരോഗ്യസൗഖ്യത്തിനും, സമ്പൽസമൃദ്ധിക്കും, ദൃഢമായ സാമൂഹിക ബന്ധത്തിനും നന്മനിറഞ്ഞ വ്യക്തിത്വത്തി നുമായിട്ടാണ് അനുശാസിക്കുന്നത്.
- അവനവന്റെ ഗ്രാമത്തിൽ പൂർണമായും, മറ്റൊരു ഗ്രാമത്തിലുള്ള വാസമാണെങ്കിൽ പകുതിയും പട്ടണത്തിൽ കാൽഭാഗവുമാണ് ആചാരങ്ങൾഅനുഷ്ഠിക്കാനുള്ളത്. യാത്രാവേളയിൽ ആചാരങ്ങൾ അനുഷ്ഠിക്കേണ്ടതില്ല.
- ആചാരങ്ങൾ, ദേശത്തിനും കാലത്തിനുമനുസരിച്ച് മാറ്റണം. ആചാ ര്യനിൽ നിന്ന് കാൽഭാഗം, സ്വയം ചിന്തിച്ച് കാൽഭാഗം, മറ്റുള്ളവരു മായി ചർച്ചചെയ്ത് കാൽഭാഗം, ജീവിതത്തിൽ മുന്നോട്ടുള്ള പ്രയാ ണത്തിൽ addition, deletion, modification and correction ലൂടെ അവ സാനത്തെ കാൽഭാഗം ആചാരങ്ങൾ നവീകരിക്കണം.
- ഭാരതീയ ആചാരങ്ങൾ ദേശത്തിനും കാലത്തിനും അധീനമാണ്. കേരളത്തിലെ ആചാരങ്ങളല്ല കാശ്മീരിലുള്ളത്, അവിടത്തേതല്ല ബംഗാളിലുള്ളത്. ഗുജറാത്തിലേയും ഒറീസ്സയിലേയും വ്യത്യാസ മുണ്ട്. ഒരേ ആചാരം ദേശവും കാലവും മാറുന്നതനുസരിച്ച് മാറി ക്കൊണ്ടിരിക്കും. കേരളത്തിൽ ആയുധപൂജ പുസ്തകപൂജ, കർണാ ടകത്തിൽ ദസറാ, തമിഴ്നാട്ടിലും മറ്റിടങ്ങളിലും നവരാത്രി ....... എന്നിങ്ങനെ പോകുന്നു വൈവിധ്യമാർന്ന ആചാരങ്ങൾ.



Scanned with CamScanner

- ആചാരങ്ങളെ അഞ്ചായി തിരിക്കാനാകും. മനസ്സിന്, ശരീരത്തിന് കുടുംബത്തിന്, സമൂഹത്തിന്, രാഷ്ട്രത്തിന് നന്മ വരുത്തുന്ന ആചാരങ്ങൾ. ഈ ആചാരങ്ങളിലെല്ലാം ഭൗതീയമായ നേട്ടങ്ങളും ആത്മീയ നേട്ടങ്ങളും പരസ്പരം ഇഴുകിച്ചേർന്നിരിക്കുന്നു.
- മനസ്സിന് നന്മ തരുന്ന ആചാരങ്ങളുടെ സൈക്കോളജിക്കൽ ഇംപാക്ട് ആധുനിക ശാസ്ത്രം അടിവരയിട്ടു തെളിയിക്കുന്നു. ആചാരങ്ങളെ ഈ പുസ്കത്തിന്റെ രണ്ടാം ഭാഗത്തിൽ സമഗ്രമായിവിലയിരുത്തുന്നുണ്ട്.

ഷഡ്ദർശനങ്ങൾ

- മനുഷ്യമനസ്സുകളെ കാര്യമായി സ്വാധീനിക്കാനും നന്മയിലേക്കു നയിക്കാനുമായി അതിഗഹനങ്ങളായ ആറു ഗ്രന്ഥങ്ങൾ പൂർവീക ഋഷിമാർ രചിച്ചിട്ടുണ്ട്. അതാണ് ഷഡ്ദർശനങ്ങൾ.
- **ജൈമിനി മഹർഷിയുടെ പൂർവമീമാംസാ** ദർശനം എല്ലാവിധ ആചാരാനുഷ്ഠാനങ്ങളിലൂടെയും, ഈശ്വരപ്രീതി വരുത്തി സ്വർഗത്തിലേക്കു പോകാനുള്ള മാർഗം വിവരിക്കുന്ന ഈ ദർശനത്തിൽ ധർമ്മവും അധർമ്മവും വ്യക്തമായി വിവരിക്കുന്നു. പൂർവമീമാംസാ ദർശനത്തിൽ ലോകം നിലനിൽക്കുന്നത്; പ്രകൃതിതന്നെ പാപികളെ ശിക്ഷിക്കുകയും പുണ്യാത്മാക്കളെ സംരക്ഷിക്കുകയും ചെയ്യുന്നു എന്ന ദർശനത്തിലൂടെയാണ്. തെറ്റും ശരിയും, തെറ്റിനുള്ള ശിക്ഷയും ശരിക്കുള്ള രക്ഷയുമാണ് ഈ ദർശനത്തിലൂടെ വിവരിക്കുന്നത്.
- **വേദവ്യാസനെഴുതിയ ഉത്തരമീമാംസയാണ്** ഷഡ്ദർശനങ്ങളിൽ രണ്ടാമത്തെ ദർശനം. അദ്വൈതവേദാന്ത ദർശനം നിലനിൽക്കുന്നത് ഉത്തരമീമാംസയിലാണ്. പരമാത്മചൈതന്യമായ പരബ്രഹ്മത്തെക്കുറിച്ച് ദർശനത്തിൽ വിവരിക്കുന്നു. ഈ പ്രപഞ്ചത്തിലെ സർവചരാചരങ്ങളും പരമമായ ബ്രഹ്മചൈതന്യത്തിന്റെ manifestation ഉം manipulation ഉമാണ്. ബ്രഹ്മസത്യം ജഗത്മിഥ്യാ എന്ന സന്ദേശത്തിന്റെ അടിസ്ഥാനം ഉത്തര മീമാംസയാണ്. ശങ്കരാചാര്യരുടെ ജീവിതം മുഴുവൻ ഈ സത്യം പ്രചരിപ്പിക്കാനായിരുന്നു വിനിയോഗിച്ചത്. ഈ ദർശനമാണ് ജ്ഞാനയോഗത്തിനാധാരമായി നിലകൊള്ളുന്നതും.
- **കപില മഹർഷിയുടെ സാംഖ്യയോഗം** : പ്രകൃതിയും പുരുഷനും ചേരുന്നതാണീ ലോകസൃഷ്ടി എന്നും പ്രകൃതി ഭൗതീകഘടകമാണെന്നും പുരുഷൻ (പ്രപഞ്ചപുരുഷചൈതന്യം) ഈശ്വരനാണെന്നുമതിൽ വിവരിക്കുന്നു. പ്രകൃതിയുടെ ഗുണവിശേഷങ്ങളാണ്



Scanned with CamScanner

അവയിലെ സത്വരജസ് തമോഗുണങ്ങൾ എന്നും ഈ ദർശനം വിവരിക്കുന്നു. ഭഗവത്ഗീതയിലെ രണ്ടാം അദ്ധ്യായത്തിൽ സാംഖ്യ യോഗം തന്നെ അഗാധമായി വിവരിക്കുന്നു. അതും പ്രായോഗിക തലത്തിൽതന്നെ!

- **കണാദ മഹർഷിയുടെ വൈശേഷികം** പൂർണ്ണമായും ഈ പ്രപഞ്ച ത്തിന്റെ ഘടനയെക്കുറിച്ചും ഒരു ശാസ്ത്രീയമായ വിവരണം നൽകു ന്നു. പരമാണുവിനെക്കുറിച്ച് തന്മാത്രകളെക്കുറിച്ചും ഈ ദർശ നത്തിൽ ഗഹനമായി വിവരിക്കുന്നുണ്ട്. മറ്റഞ്ചുദർശനങ്ങളിലും ഒരൽപംപോലും സ്പർശിക്കാത്തവിഷയം പ്രത്യേകമായി ഇതിൽ വിവരിക്കുന്നുണ്ട്. ആ വിശേഷത ഇതിനുള്ളതിനാലാണ് ഈ ദർശ നത്തെ **വൈശേഷികം** എന്നു പറയുന്നത് വിശേഷിക്കപ്പെട്ടത് എന്ന അർത്ഥത്തിൽ!

- **ഗൗതമ മഹർഷിയുടെ ന്യായശാസ്ത്രമാണ്** അഞ്ചാമത്തെ ദർശനം. ലോകത്തിലെല്ലാത്തിലും ഒരു കാര്യമുണ്ടെങ്കിൽ അതിന് ഒരു കാരണവുമുണ്ട്. സൃഷ്ടിയുണ്ടെങ്കിൽ സൃഷ്ടികർത്താവുമുണ്ട്. അതുകൊണ്ട് ഈ പ്രപഞ്ചത്തിലെന്തെല്ലാമാണോ ഉള്ളത് അതെല്ലാം ഉണ്ടെങ്കിൽ അതുണ്ടാക്കിയവനുമുണ്ട്. അതാണ് ഈശ്വ രൻ എന്ന് വ്യക്തമായ ഉദാഹരണങ്ങളിലൂടെ ഗൗതമമഹർഷി ന്യായ ശാസ്ത്രത്തിലൂടെ വിവരിക്കുന്നു.

- **പതഞ്ജലിയുടെ** യോഗശാസ്ത്രം മനുഷ്യമനസ്സിനേയും ശരീര ത്തേയും ഈ പ്രപഞ്ചത്തേയും പരസ്പരം ബന്ധിപ്പിക്കുന്നു. മനു ഷ്യനെ ഇത്രയുമധികം സ്വാധീനിച്ചിട്ടുള്ള മറ്റൊരു ദർശനമില്ലതന്നെ.

- അഷ്ടാംഗയോഗത്തിലൂടെ **യമ-നിയമ-ആസന-പ്രാണായാമ-പ്ര ത്യഹാര-ധാരണ-ധ്യാന-സമാധി** എന്നീ എട്ടു പന്ഥാവുകളി ലൂടെയാണ് പതഞ്ജലി മനുഷ്യമനസ്സിനേയും ശരീരത്തേയും നിയ ന്ത്രിക്കാനുപദേശിച്ചത്.

- അതിൽ പ്രധാനപ്പെട്ട രണ്ടു ഭാഗങ്ങളാണ് യമങ്ങളും നിയമങ്ങളും. ഇന്നുമുതൽ നമ്മുടെ ജീവിതത്തിലിതുപകർത്തിയാൽ നമ്മൾ പുതിയൊരു മനുഷ്യരായിത്തീരുകതന്നെചെയ്യും. യമനിയമങ്ങളിൽ പത്തുനിർദ്ദേശങ്ങളാണുള്ളത്.

- യമങ്ങൾ അഞ്ചും മനുഷ്യൻ സമൂഹത്തിലെങ്ങിനെ നിലനിൽക്ക ണമെന്ന നിർദ്ദേശം തരുന്നു. 1. **അഹിംസയിലൂടെ** ഈ ലോക ത്തിൽ സംതൃപ്തമായി ജീവിക്കണം. 2. പാരമാർത്ഥിക സത്യവും വ്യാവഹാരിക സത്യവും അറിഞ്ഞ് **സത്യത്തിലൂടെ** ജീവിക്കണം.



Scanned with CamScanner

3. **അസ്തേയ**മെന്ന പന്ഥാവിലൂടെ മറ്റുള്ളവന്റേത് അപഹരിക്കാതെ (കള്ളനാകാതെ) ജീവിക്കണം. 4. **ബ്രഹ്മചര്യ**മെന്നാൽ ജീവിതലക്ഷ്യത്തേയും മാർഗത്തെയും കുറിച്ച് വ്യക്തമായ ബോധത്തോടെ മുന്നേറണം. 5. **അപരിഗ്രഹം** : മറ്റുള്ളവനിൽ നിന്ന് കഴിവതും ഒന്നും സ്വീകരിക്കാതെ സ്വന്തമായുള്ളതിൽ ജീവിച്ചു ശീലിക്കണം. ഇതാണ് അഞ്ച് യമങ്ങൾ.

- അഞ്ചുനിയമങ്ങളും അഷ്ടാംഗയോഗത്തിലെ രണ്ടാം അംഗത്തിൽ വിവരിക്കുന്നു. അതിൽ 1. **ശൗചം**; സമഗ്രവും സമ്പൂർണവുമായ ശുചി/വൃത്തി ജീവിതത്തിലുണ്ടാകണം 2. **സന്തോഷം**; ഓരോനിമിഷവും സംതൃപ്തമായ ഒരു ജീവിതം നയിക്കാൻ സാധിക്കണം. 3. **തപഃ** ജീവിതത്തിലെ ഓരോ കർമ്മവും ഒരു തപസ്സായി തീർക്കണം 4. **സ്വാധ്യായം**; ഓരോ നിമിഷവും പഠിക്കണം. ലോകത്തിലെവിടെയെല്ലാം അറിവുകളുണ്ടോ അതെല്ലാം സ്വീകരിക്കാനുള്ള മനസ്സുണ്ടാകണം. 5. **ഈശ്വരപ്രണിധാനം**; നമുക്കതീതമായ ഒരു ശക്തി ഈ പ്രപഞ്ചത്തിലുണ്ടെന്നും നാമതിന്റെ നിയന്ത്രണത്തിലാണെന്നുമുള്ള അറിവുണ്ടാകണം. ഇവയാണ് അഞ്ചു നിയമങ്ങൾ.

- അടുത്തത് യോഗചര്യയിലെ മൂന്നാമത്തെ ഭാഗമായ **ആസനങ്ങൾ.** ശരീരത്തിലെ ഓരോ ജ്ഞാനേന്ദ്രിയത്തേയും കർമ്മേന്ദ്രിയത്തേയും ചൈതന്യവത്താക്കുന്നതാണ് പ്രധാനപ്പെട്ട എല്ലാ യോഗാസനങ്ങളും. ഇന്നു ലോകം മുഴുവനും അംഗീകരിക്കപ്പെട്ടിരിക്കുന്നതാണിത്.

- **പ്രാണായമം** : ശ്വാസനിശ്വാസനിയന്ത്രണത്തിലൂടെ ശരീരത്തെ ചൈതന്യവത്താക്കുന്ന മാർഗമാണിത്.

- **പ്രത്യാഹാരം** : മനസ്സിനെ സ്വാധീനിക്കുന്ന (ചുറ്റുപാടുകളിലുള്ള) എല്ലാത്തിൽ നിന്നും മനസ്സിനെ പിൻവലിക്കുന്നതാണ് പ്രത്യാഹാരം. മനസ്സിനെ ഏകാഗ്രമാക്കുന്നതിനുമുമ്പ് നാം ചെയ്യേണ്ടതായ മാനസീകവ്യായാമം.

- **ധാരണ** : ഏതൊന്നിനെക്കുറിച്ചാണോ അഗാധമായി ധ്യാനിക്കാൻ പോകുന്നത് അതിനെക്കുറിച്ചൊരു ധാരണയുണ്ടാക്കലാണ് ധാരണ. ധ്യാനിക്കുന്ന വിഷയം മനസ്സിൽ നിറക്കുന്ന കർമ്മം.

- **ധ്യാനം** : ധീ + യാനം = ധ്യാനം. മനസ്സും ബുദ്ധിയും ഏതു പന്ഥാവിലൂടെയാണോ ഏകാഗ്രമായി സഞ്ചരിക്കുന്നത് ആ സഞ്ചാരമാണ് ധ്യാനം.



Scanned with CamScanner

- **സമാധി** : സമാ+ ധീ = സമാധി; മനസ്സിനേയും ബുദ്ധിയേയും നിരന്തരമായി ഉയർത്തുന്ന പ്രക്രിയയാണ് സമാധി എന്നറിയപ്പെടുന്ന അവസാനത്തെ യോഗയുടെ ഭാഗം.
- ഇവിടെ ഇതെല്ലാം ഒന്നുരണ്ടു വരികളിലൂടെ എഴുതിയെങ്കിലും അതിന്റെ അഗാധതലത്തിലേക്കുള്ള പ്രയാണം അത്രക്കും എളുപ്പമല്ല എന്നും നാമറിയണം.

**വേദാംഗങ്ങൾ**

- വേദാംഗങ്ങൾ ആറെണ്ണമാണുള്ളത്. ഇവയെ വേദങ്ങളുടെ അംഗങ്ങളായി അഥവാ അവയവങ്ങളായി അറിയപ്പെടുന്നു. അത് വേദപഠനരീതിയും ഭാഷാപ്രയോഗരീതിയും പഠിക്കുമ്പോൾ ജീവിതത്തിലനുഷ്ഠിക്കേണ്ടതായ ആചാരങ്ങൾ എന്നിങ്ങനെ വ്യത്യസ്ത ഗ്രന്ഥങ്ങളായി വരുന്നു.
- വേദമന്ത്രങ്ങൾ പഠിക്കുകയും ചൊല്ലുകയും ആലപിക്കുകയും ചെയ്യുന്ന നിയമങ്ങളാണ് ഒന്നാമത്തെ വേദാംഗമായ ശിക്ഷാഗ്രന്ഥങ്ങളിലുള്ളത്. ശൗനക-പാണിനീയ-ശിക്ഷാഗ്രന്ഥങ്ങൾ പ്രസിദ്ധമാണ്.
- സംസ്കൃതഭാഷയുടെ സമഗ്രവും സമ്പൂർണവുമായ അറിവു നൽകുന്നതാണ് നിരുക്തഗ്രന്ഥങ്ങൾ. ഇത് വേദാംഗങ്ങളിൽ രണ്ടാമത്തേതാണ്. യാസ്കാചാര്യന്റെ നിരുക്തഗ്രന്ഥമാണ് ഏറ്റവും ശ്രേഷ്ഠം.
- **വ്യാകരണം** എന്നത് സംസ്കൃത ഭാഷയുടെ സമഗ്രമായ ഗ്രാമർ വിവരിക്കുന്നു. പാണിനിയുടെ അഷ്ടാധ്യായിയും ശാകടായന വ്യാകരണവും ലോകഭാഷകൾക്കെല്ലാം മാർഗദർശകമാണ്.
- **ഛന്ദശാസ്ത്രം** : വേദമന്ത്ര/കവിതാരചനാ നിയമങ്ങളാണ് ഛന്ദശാസ്ത്ര ഗ്രന്ഥങ്ങളിലുള്ളത്. പിംഗളാചാര്യന്റെ ഛന്ദശാസ്ത്രമാണ് ഈ വിഷയത്തിലെ ആധികാരിക ഗ്രന്ഥം.
- **കൽപശാസ്ത്രം** : ധർമ്മശാസ്ത്രം + ഗൃഹ്യസൂത്രം + ശ്രൗതസൂത്രം + പിതൃമേധസൂത്രം + സുൽബസൂത്രം + പ്രായശ്ചിത്തവിധി എന്നി പ്രകാരം ആറു ഭാഗങ്ങളായി കൽപശാസ്ത്രത്തെ വിഭജിച്ചിരിക്കുന്നു. ഇവ യഥാക്രമം ഭരണ നിയമങ്ങൾ + ഗൃഹസ്ഥന്റെ ആചാരങ്ങൾ + യാഗാനുഷ്ഠാന മാർഗങ്ങൾ + മരണാനന്തര കർമ്മങ്ങൾ + യാഗശാലാ നിർമ്മാണ നിയമങ്ങൾ + കർമ്മങ്ങളനുഷ്ഠിക്കുന്ന വേളയിലെ കുറവുകൾ പരിഹരിക്കാനുള്ള പ്രായശ്ചിത്ത വിധികൾ. ഇവയാണ് (യഥാക്രമം) വിവരിക്കുന്ന വിഷയങ്ങൾ.
- ആറാമത്തെ വേദാംഗമായ ജ്യോതിഷത്തിൽ കാലദേശത്തെക്കുറിച്ച് സമഗ്രമായി വിവരിക്കുന്നു. കാലഗണനയും, ജാതകം, നിമിത്തം,



Scanned with CamScanner

ശകുനം, പ്രശ്നം എന്നിവയുമെല്ലാം ആറാമത്തെ വേദാംഗമായ ജ്യോതിഷത്തിന്റെ ഭാഗമാണ്. അതിശക്തമായ ഗണിത-ജ്യോതി ശാസ്ത്രങ്ങളുടെ പിൻബലത്തോടെയാണ് ജ്യോതിഷം എന്ന വിജ്ഞാനശാഖ വളരുന്നത്.

- ഉപവേദങ്ങൾ നാലെണ്ണമാണ്. 1. **അർത്ഥശാസ്ത്രം** അതിസങ്കീർണമായ ഒരു രാഷ്ട്ര ഭരണതന്ത്ര സാമ്പത്തീക ശാസ്ത്രഗ്രന്ഥമാണ്. ലോകം മുഴുൻ അംഗീകരിക്കുന്ന കൗടില്യന്റെ അർത്ഥശാസ്ത്രം ഋഗ്വേദത്തിന്റെ ഉപവേദമായി കണക്കാക്കുന്നു.
- **ധനുർവേദം** രണ്ടാമത്തെ ഉപവേദമാണിത്. യജുർവേദത്തിന്റെ ഉപവേദമാണിത്. യുദ്ധനീതിശാസ്ത്രം പൂർണമായും വിവരിക്കുന്ന ദ്രോണാചാര്യരുടെ കൃതിയായ ധനുർവേദം ഏറെപേർക്കറിയാത്ത ഗ്രന്ഥമാണ്. മഹാഭാരതയുദ്ധത്തിൽ വിവരിച്ചിരിക്കുന്നത് പൂർണമായും ധനുർവേദത്തിലെ യുദ്ധനിയമങ്ങളാണ്.
- **ഗാന്ധർവവേദം :** സംഗീത-നൃത്ത വിഷയങ്ങളാണ് ഇതിലെ പ്രധാന വിവരണവിഷയം. ഭാരതീയ സംഗീതത്തിലെ രാഗങ്ങളും താളങ്ങളും നൃത്തവിഷയങ്ങളും പദാനുപദം ഈ ഗ്രന്ഥസമൂഹങ്ങളിൽ വിവരിക്കുന്നു.
- **ആയുർവേദം :** മനസ്സിന്റേയും ശരീരത്തിന്റേയും സമഗ്രമായ ആരോഗ്യവിഷയങ്ങളെ പ്രതിപാദിക്കുന്ന ശുശ്രുതസംഹിത, ചരകസംഹിത, അഷ്ടാംഗസംഗ്രഹം, അഷ്ടാംഗഹൃദയം ഇവയെല്ലാമാണ് അഥർവവേദത്തിന്റെ ഉപവേദമായ ആയുർവേദത്തിലെ പ്രധാന ഗ്രന്ഥങ്ങൾ.
- തച്ചുശാസ്ത്രം, സ്ഥാപത്യവേദം എന്നീ പേരുകളിലറിയപ്പെടുന്ന ഗ്രന്ഥങ്ങൾ ആധുനിക വാസ്തു വിദ്യയുടെകൂടി അടിസ്ഥാനതത്വങ്ങളാണ് നൽകുന്നത്. ഇത് അഥർവ വേദത്തിന്റെ ഉപവേദമത്രെ.
- മുൻപേജുകളിൽ സൂചിപ്പിച്ചതുപോലെ (ഇവിടെ വീണ്ടും ആവർത്തിക്കട്ടെ) നന്മനിറഞ്ഞ കർമ്മം; സത്കർമ്മം ആ കർമ്മങ്ങളുടെ ഫലം = (നല്ല സംസ്കൃത്തിൽ) പുണ്യവും; അതിന്റെ പ്രതിഫലം = സ്വർഗവുമാണ്. (ഭൂമിയിലെതന്നെ സ്വർഗം). അതുപോലെ ദുഷ്കർമ്മങ്ങളുടെ ഫലം = പാപവും അതിന്റെ പ്രതിഫലം = നരകവുമാണെങ്കിൽ ഇവിടെ അനുഭവിച്ചു തീരാത്ത സ്വർഗവും നരകവും ഈ ശരീരം ചെയ്ത കർമ്മഫലം ആത്മാവനുഭവിക്കില്ല. കാരണം ആത്മാവ് നിത്യശുദ്ധബുദ്ധ, ചൈതന്യമാണ്. പ്രകാശവും, ഇരുട്ടും, ചൂടും, തണുപ്പും കറക്കവും ഒന്നും ഇലക്ട്രിസിറ്റിയെ ബാധിക്കില്ല, പക്ഷേ ഇതെല്ലാം ഇലക്ട്രിസിറ്റികൊണ്ട് ഉണ്ടാക്കാം.



Scanned with CamScanner

അതുപോലെ ജീവാത്മാവുള്ളപ്പോൾ ശരീരം ഇതെല്ലാം ചെയ്യുന്നു. എന്നാൽ ജീവാത്മാവല്ല ഇതൊക്കെ ചെയ്യുന്നത്. ആ ശരീരം ചെയ്ത കർമ്മങ്ങൾ, കർമ്മഫലങ്ങൾ, കർമ്മപ്രതിഫലങ്ങൾ എല്ലാം ഈ ജന്മത്തിലനുഭവിച്ചുതീർത്തില്ലെങ്കിൽ അതെല്ലാം എവിടെയിട്ടേച്ചു പോകാനാണ് - താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻ താനനുഭവിക്കേണ്ടതല്ലേ.

അനുഭവിക്കാതെ കിടക്കുന്നു കർമ്മഫലങ്ങൾ അത് നന്മകളായാലും തിന്മകളായാലും എല്ലാം സഞ്ചിതകർമ്മമായി അഥവാ സഞ്ചിത കർമ്മഫലമായി ആത്മാവ് വഹിച്ച് ഈ കർമ്മഫലങ്ങളനുഭവിച്ചു തീർക്കാൻ പറ്റിയ ഒരു ശരീരം, ഒരു മാതാപിതാവിന്റെ മകനായി/ മകളായി അനുയോജ്യമായ ഒരുവീട്ടിൽ അനുയോജ്യമായ കാലഘട്ടത്തിൽ അനുയോജ്യമായ ദേശത്ത് ജന്മമെടുക്കുന്നു എന്നു പറഞ്ഞതോർക്കുമല്ലോ ഇല്ലേ.

ആ ശരീരമാണ് കഴിഞ്ഞ ജന്മത്തിൽ ചെയ്ത കർമ്മഫലങ്ങളിൽ അനുഭവിച്ചു തീരാത്തത് അനുഭവിക്കേണ്ടിവരുന്നത്. കഴിഞ്ഞ ജന്മ ശരീരത്തിൽനിന്ന് ഈ ശരീരത്തിലേക്കു കർമ്മഫലങ്ങളെ വഹിച്ചുകൊണ്ടു വന്നതാകട്ടെ ആത്മാവത്രെ. സുഗന്ധവും ദുർഗന്ധവും കാറ്റ് വഹിച്ചുകൊണ്ടു പോകുന്നതുപോലെയെന്ന് ശ്രീകൃഷ്ണൻ പറഞ്ഞു.

ആ കഴിഞ്ഞ ജന്മത്തെ കർമ്മങ്ങളും കർമ്മഫലങ്ങളും ഉണ്ടായതെങ്ങിനെയെന്നോർമ്മയുണ്ടല്ലോ ഇല്ലേ. മനസ്സിൽ നിന്ന് ചിന്തകളും ചിന്തകളിൽ നിന്ന് കർമ്മങ്ങളും കർമ്മങ്ങളിൽ നിന്ന് കർമ്മഫലങ്ങളും കർമ്മ പ്രതിഫലങ്ങളും ഉണ്ടായതിനാൽ അനുഭവിച്ചു തീരാത്തത് ഈ ജന്മത്തിലേക്കു ട്രാൻസ്ഫർ ചെയ്തു

ആ ട്രാൻസ്ഫർ ചെയ്ത കർമ്മഫലത്തെ ചിലപ്പോൾ നാം വിധി എന്ന പദത്തിലൂടെയും **മുജ്ജന്മകർമ്മഫലം, മുജ്ജന്മപുണ്യം, മുജ്ജന്മപാപം** എന്നിങ്ങിനേയും പറയാറുണ്ട്. ചിലപ്പോൾ അതിനെ **തലയിലെഴുത്ത്** എന്നും പറഞ്ഞുപോകാറുണ്ട്.

ഒരു പ്രത്യേക ശരീരം സ്വീകരിച്ച് ഒരു ജന്മമെടുക്കുമ്പോൾ ആ ജന്മത്തിന്റെ ആരംഭം മുതൽക്ക് നാം ചെയ്യുന്ന കർമ്മങ്ങളുണ്ടാകുന്നതെങ്ങിനെയാണ്? ആ ശരീരത്തിലെ നന്മയോ തിന്മയോ നിറഞ്ഞ മനസ്സിൽ നിന്ന് നന്മ/തിന്മയുള്ള ചിന്തകളുണ്ടാകും. അത് സത്കർമ്മ ദുഷ്കർമ്മഫലങ്ങളുമുണ്ടാക്കും. അതായത് പുണ്യപാപം.

കഴിഞ്ഞ ജന്മത്തിൽ നിന്ന് ഈ ജന്മത്തിലേക്ക് കടത്തികൊണ്ടുവന്നത് **സഞ്ചിതകർമ്മം** എന്നു പറഞ്ഞു. അപ്പോൾ ഈ ജന്മത്തിൽ



Scanned with CamScanner

ചെയ്തത് ആർജിതകർമ്മവും ആർജ്ജിത കർമ്മഫലവും. അതും ഈ ശരീരത്തോടുകൂടി അനുഭവിച്ചു തീർത്തു എന്നു വരില്ല. അപ്പോൾ പല ജന്മങ്ങളിലേയും കർമ്മഫലങ്ങൾ ചേർത്ത് അതെല്ലാം അനുഭവിച്ചു തീർക്കാൻ പാകത്തിന്നോരോ കാലഘട്ടത്തിൽ ഓരോ ശരീരം ആ ആത്മാവ് സ്വീകരിച്ചുകൊണ്ടേയിരിക്കും. (Same soul many bodies എന്ന Brian L. Weiss ന്റെ പുസ്തകം വായിക്കുക.)

- ആ ശരീരം അനുഭവിക്കുന്ന സ്ഥിരമോ താൽക്കാലികമോ ആയ ശാരീരിക വൈകല്യങ്ങളോ മാനസീക വൈകല്യങ്ങളോ അനുഭവിച്ചുകൊണ്ടായിരിക്കും എന്നുകൂടി നാമറിഞ്ഞാൽ നമ്മുടെ പ്രവൃത്തികളുടെ/കർമ്മങ്ങളുടെ പരിണതഫലമാണ് നമുക്കിതൊക്കെയനുഭവിക്കേണ്ടിവന്നതെന്നറിയാൻ സാധിക്കും.

- അപ്പോൾ ഓർമ്മിക്കുക നാം ചെയ്തതും ചെയ്യുന്നതുമെല്ലാം അനുഭവിച്ചു തിരുന്നതുവരെ പുതിയ പുതിയ ശരീരം നമ്മുടെ ആത്മാവ് സ്വീകരിച്ചുകൊണ്ടേയിരിക്കും. അതാണ് നാം പറയുന്ന ജനനമരണ ചക്രം.

- കൂടുതൽ നന്മയും കുറവു തിന്മയുമുണ്ടെങ്കിൽ ശ്രേഷ്ഠമായ കുടുംബത്തിൽ ശ്രേഷ്ഠമായ മാതാപിതാക്കളുടെ മക്കളായി ജനിച്ച് പൂർണ്ണ ആരോഗ്യത്തോടെ അനവധികാലം ജീവിതമാസ്വദിക്കും.

- കൂടുതൽ തിന്മയും കുറച്ചു നന്മയുമേയുള്ളൂ എങ്കിൽ അതനുസരിച്ച് പ്രശ്നസങ്കീർണമായ ഒരു കുടുംബത്തിൽ ശാരീരികമോ മാനസീകമോ ആയ വൈകല്യത്തോടെയോ, ദരിദ്രനായോ ജന്മമെടുത്ത് ജീവിക്കേണ്ടവരുന്നു.

- ഓരോ ജന്മത്തിലും നമ്മളിലുണ്ടായ ഭയം, വാശി, പക, സംതൃപ്തി, ആനന്ദം, ആദരവ്, ലാളിത്യം ഇവയിൽ പലതും ചിലപ്പോൾ കാര്യകാരണസഹിതം അടുത്ത ജന്മത്തിലെ ശരീരത്തിലും മനസ്സിലും പ്രതിഫലിക്കും.

- ഈ ജന്മത്തിൽ തീപൊള്ളി മരിച്ച വ്യക്തി അടുത്ത ജന്മത്തിൽ തീകാണുമ്പോൾ അസാധാരണമായി ഭയപ്പെടുന്നുണ്ടാകും. വെള്ളത്തിൽ മുങ്ങിമരിച്ച വ്യക്തി വെള്ളം കാണുമ്പോൾ ഭയപ്പെടുന്നുണ്ടാകും. കഴിഞ്ഞ ജന്മത്തിലെ പല അഭിരുചികളും അനുഭവിച്ചു തീരാത്തത് ഈ ജന്മത്തിലേക്കു പറിച്ചു നടുന്നു.

- ഭാഗവതത്തിൽ ജഡഭരതന്റെയും ഭരതൻ മാനിന്റെയും കഥ പറയുന്നുണ്ട്. പൂർവ്വജന്മത്തിലേതെല്ലാം അടുത്ത ജന്മത്തിലേക്ക് carry over ചെയ്യപ്പെടുമെന്ന്, ഭരതന്റെ മൂന്നു ജന്മങ്ങളിലൂടെ ഈ കഥ പറയുന്നു. ഭാഗവതം മുഴുവനും പൂർവജന്മബന്ധിത സംഭവങ്ങളും



Scanned with CamScanner

കഥകളുമാണ്. ഭാഗവതത്തിൽ മാത്രമല്ല എല്ലാ പുരാണങ്ങളിലും ഇത്തരത്തിലുള്ള അനവധി കഥകളുണ്ട്.

- മഹാഭാരതത്തിന്റെ പ്രധാന പന്ഥാവിൽ നിന്ന് വിട്ട് അനവധി കഥാ പാത്രങ്ങൾ അനവധി കഥകൾ വിവരിക്കുന്നതിലെല്ലാം (ഇതിഹാസ കഥാപാത്രങ്ങൾ പറയുന്ന കഥകളിൽ) പൂർവ്വജന്മകഥകൾ നിറഞ്ഞിരിക്കുന്നു. അതെല്ലാം ജന്മജന്മാന്തരങ്ങളിലെ അനുഭവങ്ങൾ പോലെയാണ്. ആധുനിക മനശാസ്ത്രം ഇതിനെ അംഗീകരിക്കുന്നു.
- ഇത്രയും ഇവിടെ എഴുതിയത് നാം ചെയ്യുന്ന കർമ്മഫലങ്ങളനുഭവിക്കാനുള്ളതെല്ലാം അവസാനത്തെ ശ്വാസത്തിനു മുമ്പ് ഇവിടെ വച്ചു തന്നെ ഈ ജന്മത്തിൽത്തന്നെ അനുഭവിച്ചു തീരണമെന്നില്ല. അത് അടുത്ത ജന്മത്തിലേക്ക് കർമ്മഫലമായി ആത്മാവ് കൊണ്ടു പോകുമ്പോൾ ഓർമ്മിക്കണം. **'കർമ്മഫലങ്ങൾ ഇന്നല്ലെങ്കിൽ നാളെ അനുഭവിച്ചേ തീരൂ'** എന്ന്.
- ജന്മജന്മാന്തരങ്ങളിൽ ചെയ്യുന്ന/ചെയ്ത സുകൃതം/ദുഷ്കൃതം എന്ന പദപ്രയോഗങ്ങളുണ്ട്. ഇതിന്റെയെല്ലാം അർത്ഥമെന്താണെന്നു മനസ്സിലായില്ലേ?
- അവനെന്തുകൊണ്ട് രാജകൊട്ടാരത്തിൽ ജനിച്ചു? മറ്റവൻ എന്തുകൊണ്ട് ഇങ്ങിനെയായി? വിശ്വസിച്ചാലും ഇല്ലെങ്കിലും, അംഗീകരിച്ചാലും ഇല്ലെങ്കിലും സ്വീകരിച്ചാലും ഇല്ലെങ്കിലും സത്യമാണെങ്കിലും അല്ലെങ്കിലും ......... ഓർമ്മിക്കുക അതിനെല്ലാം ഒരുത്തരമുണ്ട്. ചെയ്തവർ ചെയ്തതിന്റെയെല്ലാം ഫലങ്ങൾ അനുഭവിച്ചു തീർക്കാൻ പറ്റിയയിടത്തു ജനിച്ചു ജീവിച്ചനുഭവിക്കുന്നു അഥവാ ആസ്വദിക്കുന്നു.
- ഡൈനാമോയിലുണ്ടാക്കുന്ന ഇലക്ട്രിസിറ്റി കുറേക്കാലം സൂക്ഷിച്ചുവെക്കാൻ പറ്റില്ലല്ലോ. അത് പ്രകാശമായോ, താപമായോ, മറ്റേതെങ്കിലും തരത്തിലുള്ള ഊർജ്ജമായോ പരിണമിച്ചു തീരേണ്ടതല്ലേ? അതുപോലെയാണല്ലോ, ചെയ്തകർമ്മത്തിന്റെ ഫലങ്ങളും പ്രതിഫലങ്ങളും erase off ചെയ്യണം.
- അപ്പോൾ എന്തു സംഭവിക്കും? ദുഷ്കർമ്മഫലങ്ങൾ കുറച്ചുകൊണ്ടേയിരുന്നാൽ ആ സ്ഥാനത്ത് സത്കർമ്മഫലങ്ങൾ നിറഞ്ഞുകൊണ്ടുമിരിക്കും. അങ്ങിനെ ആത്മാവ് ഒന്നാമത്തെ നിലവാരത്തിൽ നിന്ന് ആറാമത്തെ നിലവാരത്തിലേക്കുയരും. അവിടെ ഏകദേശം പൂർണമായും പുണ്യം (സത്കർമ്മഫലങ്ങൾ) മാത്രമേയുള്ളൂ. പാപം (ദുഷ്കർമ്മഫലങ്ങളില്ല) ഇല്ലെന്നു വിചാരിക്കുക.



Scanned with CamScanner

അവിടെനിന്നുമുയർന്നു ആറും കടന്നു! അപ്പോൾ പിന്നെയൊന്നു മാത്രം അവശേഷിക്കുന്നു. അതാണ് individual soul എന്ന ജീവാത്മ ചൈതന്യം cosmic soul എന്ന പരമാത്മ ചൈതന്യത്തോടലിഞ്ഞു ചേരുന്നു.

അതാണ് ഭാരതീയർ പറഞ്ഞ **പരമമായ മോക്ഷം.** വെറും മോക്ഷമല്ല. അവസാനത്തെ **മോക്ഷം!** തിരച്ചുവരവില്ലാത്ത മോക്ഷം. ഇതിനെ വിഷ്ണുപദപ്രാപ്തി, പ്രപഞ്ചചൈതന്യത്തിലലിഞ്ഞു. ചേരുന്നു, വൈകുണ്ഡപദപ്രാപ്തി, മോക്ഷം കിട്ടി.... എന്നെല്ലാം ഭാരതീയർ പറയാറുണ്ട്. ഇത് മറ്റു മതങ്ങളുടെ സങ്കൽപങ്ങളുമായി ഒരു ബന്ധവുമില്ല. ഇവിടെയാണ് തിരിച്ചുവരവില്ലാത്ത സ്ഥാനം ലഭിക്കുന്നത്.

നദി കടലിൽ ചെന്നു ചേരുന്നതുപോലെയാണത്. **ആകാശാത് പതിതം തോയം യദാ ഗച്ഛതി സാഗരം.........** എന്ന പറയാറുള്ളതോർമ്മയുണ്ടല്ലോ. എല്ലാം അവിടെയെത്തുന്നു.

ചിലപ്പോൾ ചിലർ പറയാറുണ്ട് **ധർമ്മാർത്ഥകാമ മോക്ഷമെന്ന** ചതുർവിധ പുരുഷാർത്ഥങ്ങൾക്കന്ത്യത്തിലും മോക്ഷമാണ് എന്ന്. ഇവിടെ ധാർമ്മീകമായി ജീവിക്കുക, ധാർമ്മീകമായ ധനം സമ്പാദിക്കുക, ധാർമ്മീകമായ സമ്പാദിച്ച ധനം ധാർമ്മീകമായിതന്നെ ആഗ്രഹപൂർത്തീകരണത്തിന്നായി വിനിയോഗിക്കുക, അവസാനം ആ ആഗ്രഹങ്ങളിൽ നിന്നെല്ലാം മോക്ഷം (മോചനം) നേടുക എന്ന അർത്ഥവുമുണ്ട്. അത് വ്യാവഹാരികമോക്ഷം, നേരത്തെ പറഞ്ഞത് പാരമാർത്ഥിക (ശാശ്വത) മോക്ഷം!

ഭാരതീയ ജീവിതത്തിന്റെ നാലു നെടും തൂണുകളാണ് ധർമ്മാർത്ഥകാമമോക്ഷങ്ങൾ. ഈ നാലു പദങ്ങളുടെ പ്രായോഗികവൽക്കരണമാണ് ജീവിതം.

ഇവിടേയും ശ്രദ്ധിക്കുക എല്ലാം കർമ്മ(action)മാണ്. Action വരുന്നത് thoughts ൽ നിന്നാണ്, thoughts ആകട്ടെ mind ൽ നിന്നുമാണ്. അപ്പോൾ പരമമായ മോക്ഷത്തെ നാമെങ്ങിനെയെഴുതും ആത്മാവ് പരമാത്മാവിലലിയുന്ന മോക്ഷം! സാധിക്കുമോ നിങ്ങൾക്ക്? വേണോ അത്?

ഈ പുസ്തകത്തിലൂടെ മനസ്സിനെ ഉയർത്തേണ്ടതാണ് എന്ന് നമ്മൾ വായിച്ചു മനസ്സിലാക്കി. ഗ്രന്ഥങ്ങളിലൂടെയും, ഈശ്വരസങ്കൽപങ്ങളിലൂടെയും, ആചാരാനുഷ്ഠാനങ്ങളിലൂടെയുമെല്ലാം നമുക്കെങ്ങിനെ മനുഷ്യമനസ്സിനെയും ശരീരത്തേയും, മനസ്സിന്റെ ഉയർച്ചയിലൂടെ



Scanned with CamScanner

കുടുംബ ബന്ധങ്ങളേയും, സാമൂഹിക നന്മകളേയും രാഷ്ട്രത്തിന്റെ ഉത്ഗ്രഥനത്തേയും സാധ്യമാകുന്നതും വിവരിച്ചു.

- ഭാരതീയ പൈതൃകത്തെ സമഗ്രമായി കാണുമ്പോൾ അഥവാ സമഗ്രമായി പഠിക്കുമ്പോൾ നാമോർമ്മിക്കണം ശുദ്ധമായ ശാസ്ത്ര (സയൻസ്) സാങ്കേതിക വിദ്യയും ഈ പുണ്യഭൂമിയിലുണ്ടായിരുന്നു. അത്യഗാധമായ ഗണിതശാസ്ത്രം, അതിഗഹനമായ ജ്യോതി ശാസ്ത്രം, അതിഗഹനമായ കാലിക്രിയാ ഗണനം, ഫിസിക്സ്, കെമിസ്ട്രി, ബയോടെക്നോളജി (ഫെർമെന്റേഷൻ ടെക്നോളജി) ശരീരശാസ്ത്രം, ഔഷധശാസ്ത്രം, ......... ഇനിയെന്തെല്ലാം നിങ്ങൾക്ക് ചേർക്കേണ്ടതുണ്ടോ അതെല്ലാം ചേർക്കൂ എന്നിട്ട് നമ്മുടെ പൈതൃകം പരിശോധിക്കൂ. ഭാരതം ഒരു ശാസ്ത്രരാഷ്ട്രമായിരുന്നു.
- സാങ്കേതിക വിദ്യയിൽ നാമെവിടെ നിന്നു എന്ന് പഠിക്കുന്നത്, ആത്മാഭിമാനമുണ്ടാക്കാനും ദേശാഭിമാനമുണ്ടാക്കാനും ആ പഴയ നന്മകളിൽ ഇന്നത്തെ കാലഘട്ടത്തിനാവശ്യമുള്ളതെല്ലാം പ്രയോജനപ്പെടുത്താനുമായി സാധിക്കും. അതും നമ്മുടെ പൈതൃകത്തിന്റെ അവസാന വാക്കുകളല്ല. അതിലുമപ്പുറത്തുണ്ട്. നമ്മുടെ പൂർവീകർ അകക്കണ്ണുകൊണ്ടും പുറംകണ്ണുകൊണ്ടും കണ്ടറിഞ്ഞ് പറഞ്ഞുതന്നത്.
- **അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും :** സനാതനധർമ്മത്തിൽ പറയാത്തതും വൈദീക സംസ്കാരങ്ങളിലില്ലാത്തതും ഇടക്കാലങ്ങളിൽ വന്നു ചേർന്നിട്ടുണ്ട്. അതിൽ ചിലതാണെന്നു തോന്നുന്നു മദ്യം, മത്സ്യം, മാംസമെല്ലാം. ഇതെല്ലാം ന്യായീകരിക്കുന്നവരുണ്ടാകാം. അതിനെ തന്ത്രത്തിന്റെ പേരിൽ കീഴ്വഴക്കങ്ങളായിക്കാണുന്നവരുമുണ്ടാകാം. ആധുനീകകാലഘട്ടത്തിൽ മദ്യം മത്സ്യം മാംസം ആട്-കോഴി ഇവയെല്ലാം ആരാധനയുടെ ഭാഗമായി ഈശ്വരനർപ്പിക്കുന്നത് ദുരാചാരമാണ്.
- കേരളത്തിൽ അനവധി ക്ഷേത്രങ്ങളിൽ ബ്രാഹ്മണരായ മാതാപിതാക്കൾക്കല്ലാതെ ജനിച്ചവരും പൂജാരിമാരായി കർമ്മം ചെയ്യുന്നുണ്ട്. അതായിരുന്നു നമ്മുടെ പൂർവീകരും ആചരിച്ചിരുന്നത്. ഒരു മന്ത്രവും തന്ത്രവും അറിയാത്ത വ്യക്തി-ബ്രാഹ്മണരായ അച്ഛനമ്മമാർക്കു ജനിച്ചു എന്ന ഒറ്റക്കാരണത്താൽ പൂജാരിയാകനർഹനല്ല.
- ആയിരവും പതിനായിരവും നാളികേരം കത്തിച്ച് ഗണപതിഹോമം നടത്തുന്നത് ഈ 21-ാം നൂറ്റാണ്ടിൽ അനാവശ്യമാണ്. ഇത്രയും നാളികേരം കത്തിച്ചുകളഞ്ഞാൽ ഗണപതി പ്രസാദിക്കുമെന്ന് ഒരി



Scanned with CamScanner

ടത്തും പറയുന്നുമില്ല. ആചാരമോ ആരാധനയോ എന്തായാലും കുറച്ചുനാളികേരം ഗണപതിഹോമത്തിനുപയോഗിച്ച് ബാക്കിയെല്ലാം ഗണപതിക്ക് നിവേദിച്ച് പ്രസാദമായി ഭക്തർക്കു സമർപ്പിക്കുന്നതാണുത്തമം.

- 21-ാം നൂറ്റാണ്ടിൽ യാഗത്തിന്റെ പേരിൽ കോടിക്കണക്കിന് രൂപ ദുർവ്യയം ചെയ്യുന്നു. അന്തരീക്ഷ ശുദ്ധീകരണമോ, പ്രകൃതിയെ ചൈതന്യവത്താക്കലോ ഒന്നും പരീക്ഷണ നിരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടില്ല. യാഗങ്ങളും യജ്ഞങ്ങളും സംരക്ഷിക്കപ്പെടണം. പക്ഷേ അതൊരു ബിസിനസ്പോലെയാകുന്നതിനെ പൂർണമായും നിരുത്സാഹപ്പെടുത്തണം.
- വൈദീക കാലഘട്ടത്തിലല്ല നാമിന്നു ജീവിക്കുന്നത്. അതുകൊണ്ട് വൈദിക സംസ്കാരം സംരക്ഷിക്കണമെന്ന പേരിൽ കേരളത്തിലെമ്പാടും യാഗങ്ങൾ നടത്തുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾപോലും പലപ്പോഴും വ്യക്തമല്ല. എല്ലായിടത്തും ഗവേഷണവും പഠനവും നടത്താൻ പലരും മുമ്പോട്ടുവരുന്നുവെങ്കിലും അതിന്റെ ഫലങ്ങളൊന്നും ഇന്നുവരെ വ്യക്തമായിട്ടില്ല.
- ക്ഷേത്രങ്ങളിൽ ആനകളെക്കൊണ്ട് ഉത്സവം നടത്തുമ്പോൾ ആ മൃഗമനുഭവിക്കുന്ന വേദനയും ദുഃഖവും നാമറിയണം. വിയർപ്പു ഗ്രന്ഥികളില്ലാത്ത കറുത്ത തൊലി, വെയിലത്ത് ചുട്ടുപഴുക്കുന്ന, പൊള്ളൽ! കൂച്ചുവിലങ്ങിട്ട് മണിക്കൂറുകളോളം പലമനുഷ്യരേയും ചുമന്നുകൊണ്ട് നിൽക്കുകയും നടക്കുകയും ചെയ്യുക. പത്തടിമാത്രം നീളമുള്ള കുടലിൽ കൂടി ഒരു പോഷാകാംശവുമില്ലാത്ത് തെങ്ങിന്റെ ഓലയും പനയോലയും തിന്ന് ഈ ശരീരം നിലനിർത്തേണ്ടിവരിക. പ്രകൃതി നൽകുന്ന ഇണചേരാനുള്ള തൃഷ്ണയെ കൂച്ചുവിലങ്ങിട്ട് സഹിക്കേണ്ടിവരുന്ന ഒരേരു മൃഗമാണ് ആന. ആസാമിലും, അരുണാചലിലുമുള്ള ആനകളെ വർഷത്തിൽ കുറേദിവസം കാട്ടിൽ വിടുന്നതിനാൽ അവിടെ ആനകൾ മദമിളകുന്ന പ്രശ്നമില്ല. അവിടത്തെ ആനകൾ കൂച്ചുവിലങ്ങുമിടാറില്ല. വൈദീക സംസ്കാരത്തിൽ ആനയെ എഴുന്നെള്ളിക്കുന്ന സമ്പ്രദായമില്ല. കേരളത്തിലൊഴികെ മറ്റൊരു സംസ്ഥാനത്തും ക്ഷേത്രാചാരത്തിന്റെ ഭാഗമായി ഇത്രയും ആനകളെ ഇങ്ങിനെ ക്രൂരമായി ഉപയോഗിക്കാറില്ല.
- ഇതേപ്രകാരമുള്ള ഒരു ദുരാചാരമല്ലേ അന്തരീക്ഷത്തെ ശബ്ദം കൊണ്ടും രാസവസ്തുക്കൾകൊണ്ടും മലിനീകരിക്കുന്ന വെടിക്കെട്ട്. ജനങ്ങൾക്ക് താല്പര്യമുണ്ടായിരിക്കാം. ജനങ്ങൾ അതിനുവേണ്ടി രാപ്പകൽ കാത്തിരിക്കുന്നുണ്ടാകാം. പക്ഷേ ജനങ്ങളുടെ താല്പര്യം പലവിധത്തിലാകാം. അതനുസരിച്ചുമാത്രമല്ല ക്ഷേത്രങ്ങൾ നില



Scanned with CamScanner

നിർത്തേണ്ടത്. ക്ഷേത്രങ്ങളിൽ പണ്ടില്ലാത്ത പലതും കൂട്ടിച്ചേർത്ത്, അത് മാറ്റാൻ പറ്റില്ല, ആചാരമാണെന്നു പറയുന്നതാണ് ദുരാചാരം.

- ഒരു ഈശ്വരനും ചെകിടടപ്പിക്കുന്ന ശബ്ദവും വായുമലിനീകരണവും ഇഷ്ടപ്പെടാറില്ല. ഒരു ഭാരതീയ ഗ്രന്ഥങ്ങളിലുമതില്ല. മാത്രമല്ല വെടിക്കെട്ട് ക്ഷേത്രത്തിൽ ചേർത്തിട്ടുതന്നെ ഏറെക്കാലമായിട്ടുണ്ടാകില്ല.
- നമ്മുടെ കുടുംബ ജീവിതത്തിലും ദുരാചാരങ്ങൾ ധാരാളമുണ്ട്. ഇതെല്ലാം 21-ാം നൂറ്റാണ്ടിൽ ഒരിക്കലും തുടർന്നുപോകാൻ പാടില്ലാത്തതാണ്.
- വേണ്ടതിനും വേണ്ടാത്തതിനും പ്രശ്നം വയ്ക്കുക. എന്നിട്ട് അതിന്റെ പ്രായശ്ചിത്തവുമായി നടക്കുക.
- നല്ല നക്ഷത്രവും ചീത്ത നക്ഷത്രവും പറഞ്ഞു നടക്കുക. ജനനത്തിനും മരണത്തിനും അതന്വേഷിച്ചു നടന്ന് ജീവിതം തന്നെ ദുഃഖപൂർണമാക്കുക.
- അവിട്ടം മുതൽ രേവതി വരെ അഞ്ചു നക്ഷത്രത്തിൽ വീട്ടിലാരെങ്കിലും മരിച്ചാൽ വീണ്ടും മരണമുണ്ടാകുമെന്ന് പറഞ്ഞു പ്രായശ്ചിത്തം ചെയ്യുകയും, കോഴിയെ അറക്കുകയും ചെയ്യുക.
- ചീത്തനാളിൽ ജനിച്ചവന്റെ ദൃഷ്ടി വീഴാതിരിക്കാൻ മുളനട്ടു വളർത്തുക.
- ചൊവ്വാദോഷം, കണ്ടകശനി, ഏഴരശനിയെന്നെല്ലാം പറഞ്ഞ് നടക്കുക.
- വേണ്ടതിനും വേണ്ടാത്തതിനും വഴിപാടുകൾ നേർന്ന് ഈശ്വരനെ സേവിച്ചാൽ താൻ ചെയ്ത തെറ്റുകളും കുറ്റങ്ങളുമെല്ലാം പോകുമെന്നു ധരിക്കുക.
- പഞ്ചമഹായജ്ഞത്തിന്റെ ഭാഗമാണ് വഴിപാടുകളെന്നറിയാതെ ഈശ്വരനുള്ള കൈക്കൂലിപോലെ വഴിപാടുകൾ നടത്തുക.
- ആത്മീയത രോഗവും വഴിപാടുകൾ രോഗലക്ഷണങ്ങളുമാകുന്ന വിധത്തിൽ ജീവിക്കുക.
- മദ്യവും മറ്റും ക്ഷേത്രത്തിൽ നിവേദിക്കുകയും വെളിച്ചപ്പാടിനു കൊടുക്കുകയും ചെയ്യുക.
- അസ്ഥിസഞ്ചയനത്തിനുപോലും ഭക്ഷണം കൊടുത്ത് സൽക്കരിക്കുക. ചിതാഭസ്മം വീട്ടിൽവച്ച് അതിന്റെ സമീപത്തിരുന്നുതന്നെ അപ്പവും മുട്ടയുമെല്ലാം തിന്നുക.



Scanned with CamScanner

- വിഷുവും, ദീപാവലിയും, ഓണവുമെല്ലാം മദ്യവും മട്ടണും ബീഫും കൊണ്ടു നിറക്കുക.
- വിവാഹനാളുകളിലും തലേദിവസവും സിനിമകളിൽ കാണുന്നതു പോലെ വെള്ളവുമടിച്ചാഘോഷിക്കുക.
- പവിത്രമായ ദിവസങ്ങളിലും ക്ഷേത്രോത്സവങ്ങളിൽപോലും സമീപ വാസികളുമെല്ലാം 'ഈശ്വരപ്രീതിക്കായി' ചിക്കനും മട്ടണും കഴിക്കുക.
- ഹൈന്ദവരല്ലാത്ത വ്യക്തികൾ ക്ഷേത്രത്തിൽ കയറിയാൽ പുണ്യാഹം തളിക്കുകയും അവർക്ക് പ്രവേശാനനുമതി നിഷേധിക്കുകയും ചെയ്യുക.
- ക്ഷേത്രത്തിലും ദേവപ്രശ്നം വച്ച് അത്യാഡംബരങ്ങളിലൂടെ ദൂർത്തടിച്ച് കർമ്മങ്ങളനുഷ്ഠിക്കുക.
- വിവാഹത്തിനും വീട്ടാചാരങ്ങൾക്കും ഇന്ന് മദ്യവും മാംസവും ഭക്ഷണത്തിന്റെ അവിഭാജ്യ ഘടകമാകുന്നു. ക്രൈസ്തവരും മുസ്ലീമുകളും സസ്യാഹാരത്തിലേക്കു വരുമ്പോൾ ഹൈന്ദവർ മദ്യത്തിലേക്കും മാംസത്തിലേക്കും കുത്തിയൊഴുകുന്നു.
- ഇവ രണ്ടും ഉപേക്ഷിച്ച ക്ഷേത്രങ്ങളിൽ ദേവപ്രശ്നത്തിന്റെ പേരിൽ മദ്യവും മാംസവും തിരിച്ചുവരുന്നു.
- പുരാതനകാലത്ത് ശകുനം നോക്കുന്നതും ആചരിക്കുന്നതും ഒരു പക്ഷേ പ്രകൃതിയോട് ചേർന്ന് ജീവിക്കുന്നതിന്റെ ഭാഗമാകാം. എന്നാൽ ഇന്ന് ശകുനം നോക്കി ജീവിക്കുന്നതിൽ അർത്ഥമില്ല.
- വളരെ ചെറിയ പുരയിടത്തിൽ വളരെച്ചെറിയൊരു വീടുണ്ടാക്കുമ്പോൾ ഉള്ളസ്ഥലം നല്ലരീതിയിലുപയോഗിക്കുകയാണ് വേണ്ടത്. അവിടെ വാസ്തുപ്രകാരമുള്ള എല്ലാ കാര്യങ്ങളും അക്ഷരംപ്രതി അനുശാസിക്കാൻ ശ്രമിക്കരുത്.
- നാം ജീവിക്കുന്നത് 21-ാം നൂറ്റാണ്ടിലാണ്. പുരാതന ഭാരതത്തിലെ എല്ലാ ആചാരവിചാര വിശ്വാസ പ്രമാണങ്ങളും അതേപ്രകാരം ജീവിതത്തിൽ പകർത്താനാകില്ല. അതിന് ശ്രമിക്കുകയുമരുത്. സനാതന ധർമ്മം മാറ്റങ്ങളെ സ്വീകരിക്കുന്നു. എല്ലാപ്രകാരത്തിലുള്ള മാറ്റങ്ങളും ഉൾക്കൊള്ളാൻ കെൽപ്പുള്ളതുകൊണ്ടാണ് ഇത് സനാതന ധർമ്മം എന്നറിയപ്പെടുന്നത്.
- നാം എല്ലാത്തിനേയും ഭയപ്പെടുന്നു. എന്തെല്ലാമോ പ്രശ്നങ്ങളുണ്ടെന്ന് വിചാരിക്കുന്നു. നാളെയെന്നത് നമ്മുടെ ഉപബോധമനസ്സിലെ ഒരു ചോദ്യചിഹ്നമാണ്, എന്നുമെന്നും നാം ഓർമ്മിക്കണം;



Scanned with CamScanner

ജീവിതത്തിൽ സുഖവും ദുഃഖവുമുണ്ട്; നല്ലതും ചീത്തയുമുണ്ട്; ഉയർച്ചയും താഴ്ചയുമുണ്ട്, ചിരിയും കരച്ചിലുമുണ്ട്, പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരവുമുണ്ട്. പലതും വരും വന്നതുപോലെ പോകുകയും ചെയ്യും.

- ഭാരതത്തിന്റെ ചരിത്രമെടുത്താൽ ഇത്രയും സ്വസ്ഥത നിറഞ്ഞ ഒരു കാലഘട്ടം എ.ഡി. 995 നുശേഷം ഉണ്ടായിട്ടില്ല. ഇന്നു നമുക്ക് എല്ലാ വിധ സുഖസൗകര്യങ്ങളുമുണ്ട്. എണ്ണിയെണ്ണി ചിന്തിച്ചുനോക്കുക. നമ്മുടെ മാതാപിതാക്കളനുഭവിച്ച ദുഃഖത്തിന്റെ ഒരു ശതമാനം പോലും നമുക്കനുഭവിക്കേണ്ടിവരുന്നില്ല. (ഗ്യാസ് അടുപ്പ്, ടാവ്, ഗ്രൈന്റർ, മിക്സി, ഫ്രിഡ്ജ്, ഫാൻ വാഷിംഗ് മെഷീൻ, ടിവി, റേഡിയോ, മൊബൈൽ ഫോൺ, വാഹനം..... പഠിക്കാൻ ഇഷ്ടംപോലെ കോളേജുകൾ, ജോലി ചെയ്യാൻ സന്മനസ്സുള്ളവന് അവസരങ്ങൾ..... എല്ലാമെല്ലാമുണ്ട്.
- ഇനി നമുക്ക് വേണ്ടത് സംതൃപ്തമായി ജീവിക്കാനുള്ള മനസ്സാണ്. പൂർവീക പൈതൃക നന്മകളും ആധുനിക നന്മകളും ചേർത്ത് നമുക്ക് ഒരു സമൃദ്ധമായ മൂല്യാധിഷ്ഠിത ജീവിതം നയിക്കാൻ സാധിക്കണം.
- ആഗ്രഹങ്ങൾക്കവസാനമില്ല. ആവശ്യങ്ങൾക്ക് പരിധിവെക്കുമ്പോൾ ആഗ്രഹങ്ങൾ കുറയും.... ധാർമ്മീകതയ്ക്ക് പ്രാധാന്യം കൊടുക്കുമ്പോൾ ജീവിതം ധന്യമാകും.

# ഭാരതീയ ശാസ്ത്രപൈതൃകം

## ശാസ്ത്രജ്ഞന്മാരുടെ ജീവിതകാലഘട്ട നിർണയ വിവരണം

- കലിയുഗം ആരംഭ ദിനമായി എടുത്തിരിക്കുന്നത് ബി.സി. 3102 ഫെബ്രുവരി 17 അർധരാത്രി വ്യാഴാഴ്ചയാണ്. ശകവർഷാരംഭം കുറിക്കുന്നത് 78 എ.ഡി. യിലും ഇവ രണ്ടും ശാസ്ത്രഗ്രന്ഥങ്ങളുടെ കാലനിർണയത്തിൽ പ്രധാനമാണ്. കൂടാതെ ഭൂതസംഖ്യ, കടപയാദിസംഖ്യ, സംസ്കൃതസംഖ്യാരചനാക്രമം, ഇവയും അറിഞ്ഞിരിക്കണം. ഉദാഹരണങ്ങൾ : ആര്യഭടന്റെ ജന്മദിവസം 476 മാർച്ച് 21 "അറുപതു വർഷങ്ങളറുപതു കഴിഞ്ഞപ്പോൾ എനിക്ക് 23 വയസ്സായി." എന്നു പറയുന്നു അതായതു കലിയുഗം തുടങ്ങി 3600 വർഷം കഴിഞ്ഞപ്പോൾ എന്നർത്ഥം. വരാഹമിഹിരൻ പഞ്ചസിദ്ധാന്തികയിൽ 'ഇപ്പോക് ഇറ' എടുത്തിരിക്കുന്നത് ശകവർഷം 427



Scanned with CamScanner

ആണ്. അതായത് 505 എ.ഡി. അദ്ദേഹം പഞ്ചസിദ്ധാന്തിക എഴുതിയത് 78 + 427 = 505 എ.ഡി. ആണെന്നർത്ഥം.

- ഭാസ്കരാചാര്യൻ I ജന്മവർഷം "ഈ കൽപം ആരംഭിച്ച് 1986123730 വർഷങ്ങൾ കഴിഞ്ഞിട്ടാണ്" എന്നെഴുതിയിട്ടുണ്ട്. ഇതിൽ നിന്നു കലിവർഷാരംഭം വരെയുള്ള കൽപവർഷങ്ങൾ : 1986120000 കുറച്ചാൽ 3730 എന്നു ലഭിക്കും. ഇതിൽ നിന്നും 3102 കുറച്ചാൽ 628 എ.ഡി. ലഭിക്കും ഇതാണ് ഭാസ്കരാചാര്യന്റെ ജന്മവർഷം. ദേവാചാര്യൻ എന്ന ഗണിതജ്ഞൻ ഗ്രഹങ്ങളുടെ അക്ഷാംശ-രേഖാംശത്തിന്റെ സ്ഫുടം (Correction) കരണരത്നയിൽ എടുത്തിരിക്കുന്നത്; ശകവർഷം 611 നാണ് അതായത് 689 എ.ഡി ലാണ് കരണരത്നം എന്ന ഗ്രന്ഥം രചിച്ചത്. മഞ്ചുളാചാര്യൻ ഗ്രഹസ്ഫുടം (Correction) നടത്തിയിരിക്കുന്നത്. പുറകോട്ടു ഗണിച്ചാൽ ലഭിക്കുന്ന വർഷമാണ് 932 എ.ഡി. ഈ വർഷത്തിലാണ് മഞ്ജുളാചാര്യൻ ലഘു മാനസമെഴുതിയത്. "ശകവർഷം 913 ലാണ് 'ന്യായകണ്ടൽ' എന്ന എന്റെ ഗ്രന്ഥം എഴുതിതീർന്നത്" എന്ന് ശ്രീധരാചാര്യൻ എഴുതുമ്പോൾ അത് 991 എ.ഡി. യാണ്. ശകവർഷം 802 കഴിഞ്ഞാണ് എന്റെ ജന്മം എന്ന് വടേശ്വരൻ തന്റെ ഗ്രന്ഥത്തിലെഴുതിയത് കൃസ്ത്വബ്ദപ്രകാരം 802+78 = 880 എ.ഡി. യാണല്ലോ.
- ഭാസ്കരാചാര്യൻ II തന്റെ ജന്മവർഷം ശകാബ്ദത്തിൽ എഴുതിയിരിക്കുന്നത് ഭൂതസംഖ്യയിലാണ് രസ-ഗുണ-പൂർണ-മഹീ എന്നാണ്. അതായത് ശകവർഷം 1036 എന്നർത്ഥം = 1114 എ.ഡി. യാണ് അദ്ദേഹത്തിന്റെ ജന്മവർഷം, കടപയാദിസംഖ്യയിൽ നീലകണ്ഠ സോമസുത്വൻ ഇങ്ങിനെ എഴുതുന്നു 'ഹേ വിഷ്ണോ നിഹിതകൃത്സനം' ഈ കടപയാദി അക്ഷരങ്ങൾ 1680548 എന്നർത്ഥം. കലിയുഗം തുടങ്ങി ഇത്രയും ദിവസം കഴിഞ്ഞപ്പോൾ എന്റെ രചന പൂർത്തിയാക്കി. അതായത് 4601 കലിവർഷം മീനം 26 = 1500 ഏപ്രിൽ എന്ന വ്യക്തം പുതുമന സോമയാജി കരണപദ്ധതിയിൽ നൽകിയിരിക്കുന്ന ശകവർഷം 1353 ആണ് അത് 1431 എ.ഡിയാണല്ലോ!
- ഇപ്രകാരം എല്ലാ ഭാരതീയ ശാസ്ത്രജ്ഞന്മാരും പല സാഹിത്യകാരന്മാരും തങ്ങളുടെ ജന്മവർഷം അല്ലെങ്കിൽ ഗ്രന്ഥം രചിച്ച കാലം എന്നിവ വ്യക്തമായി എഴുതിയിട്ടുണ്ട്. ആയുരാരോഗ്യസൗഖ്യം എന്ന നാരായണീയവരിയുടെ അർത്ഥം തന്നെ കലിയുഗം തുടങ്ങി 1712210 ദിവസങ്ങൾ കഴിഞ്ഞ് - നാരായണീയം എഴുതിതീർന്നു എന്നാണല്ലോ! ഇത്രയും മനസ്സിലാകുമ്പോൾ ഭാരതീയ ശാസ്ത്രജ്ഞന്മാർക്ക് ചരിത്രബോധമുണ്ടായിരുന്നു എന്നു വ്യക്തമാകും.



Scanned with CamScanner

## ഭാരതീയ ശാസ്ത്രപൈതൃകം കാലഘട്ടത്തിലൂടെ

- 5000 ബി.സി –2000 ബി.സി. ഭാരതീയ വൈദികസാഹിത്യങ്ങളിൽ അങ്ങിങ്ങായി നമുക്കു കാണുവാൻ സാധിക്കുന്ന ഗണിത-ജ്യോതി ശാസ്ത്ര- ലോഹതന്ത്രാദി പൈതൃകവിഷയങ്ങൾ പ്രധാനമായും അന്വേഷിക്കേണ്ടത് ഋഗ്വേദം, യജുർവേദം, അഥർവവേദം, തൈത്തി രീയ ബ്രാഹ്മണം, ശതപഥബ്രാഹ്മണം, താണ്ഡ്യബ്രാഹ്മണം, ഗോപ ഥബ്രാഹ്മണം, ഉപനിഷദ് എന്നീ ഗ്രന്ഥങ്ങളിലാണ്.

- 2000 ബി.സി.– 500 ബി.സി. മുകളിൽ വിവരിച്ചിരിക്കുന്ന പല ഗ്രന്ഥ ങ്ങളുടേയും ശാഖോപശാഖകളും, വ്യാഖ്യാനങ്ങളുമെല്ലാം ഇക്കാ ലഘട്ടത്തിലെ സംഭാവനകളാണ്. ഇതിഹാസങ്ങളിലെയും, ദർശ നങ്ങളിലേയും വരികൾ, ഭാരതീയ ആരോഗ്യ ശാസ്ത്രത്തിന്റെ അടി സ്ഥാനഗ്രന്ഥങ്ങളായ സുശ്രുതസംഹിത, യോഗചര്യകൾ ഇവയെല്ലാം ഇക്കാലഘട്ടത്തിലെ സംഭാവനകളാണ് ഗണിതശാസ്ത്രത്തിന്റെ ആദ്യകാലഗ്രന്ഥങ്ങളായ സുൽബസൂത്രങ്ങൾ-ബൗധായന, ആപ സ്തംബ, കാത്യായന, മാനവ സുൽബസൂത്രങ്ങൾ, ജ്യോമട്രിയുടെ അനേകം തത്വങ്ങൾ നൽകുന്നു.

- 500 ബി.സി.–00 ബി.സി. ഇക്കാലഘട്ടത്തിലെ അനവധി താളിയോ ലഗ്രന്ഥങ്ങൾ ലഭ്യമാണ്. അതിപ്രശസ്തമായ മൗര്യസാമ്രാജ്യ, ഗുപ്ത സാമ്രാജ്യ രാജാക്കന്മാരുടെ കാലത്ത് നിർമ്മിച്ചതും വികസിച്ചതു മായ എല്ലാ ശാസ്ത്ര-സാങ്കേതിക വിദ്യകൾക്കും ആധാരമായ അറി വുകൾ അന്നു ലഭ്യമായിരുന്നു. തച്ചുശാസ്ത്രം, ലോഹതന്ത്രം, ഗണി തം, ജ്യോതിശാസ്ത്രം ഇവയെല്ലാം ഈ വിഭാഗത്തിൽ പെടുത്താ വുന്നതാണ്. പുരാണങ്ങൾ, ഉപവേദങ്ങൾ, തച്ചുശാസ്ത്രഗ്രന്ഥങ്ങൾ, ആരോഗ്യശാസ്ത്രഗ്രന്ഥങ്ങൾ, അർത്ഥശാസ്ത്രഗ്രന്ഥങ്ങൾ എന്നിവ ധാരാളമായി ഇക്കാലഘട്ടത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്.

- 00–500 ഇക്കാലഘട്ടത്തിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങളെക്കുറിച്ച് വ്യക്ത മായുള്ള അറിവ് ലഭ്യമാണ്. ഭൂതസംഖ്യയിലോ, കടപയാദി സംഖ്യ യിലോ, സംസ്കൃത സംഖ്യയിലോ, ഗ്രഹങ്ങളുടെ സ്ഥാന വിവര ണത്തിലൂടെയോ ഗ്രന്ഥത്തിന്റെ/ രചയിതാവിന്റെ കാലഘട്ടം നൽകി യിരിക്കും. പൗലിശസിദ്ധാന്തം, റോമക സിദ്ധാന്തം, സൂര്യസിദ്ധാ ന്തം, പിതാമഹസിദ്ധാന്തം, വൃദ്ധഗാർഗസംഹിത, വൃദ്ധവസിഷ്ഠ സംഹിത എന്നിവയെല്ലാം ഗണിത-ജ്യോതിശാസ്ത്രഗ്രന്ഥങ്ങളാണ്. ഗണിത ശാസ്ത്രത്തിലെ എല്ലാ ഗണിതക്രിയകളും വിവരിക്കുന്ന ബാക്ഷാലി താളിയോലഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതും ഈ കാല



Scanned with CamScanner

ത്താണ് ക്വാഡ്രാറ്റിക് ഇക്വേഷൻ ഉൾപ്പടെയുള്ള ഗണിതക്രിയകളി തിലുണ്ട്. വിസിഷ്ഠസിദ്ധാന്തവും റോമക സിദ്ധാന്തവും - 3-ാം നൂറ്റാണ്ടിലെ ജ്യോതിശാസ്ത്രഗ്രന്ഥങ്ങളാണ് സൂര്യസിദ്ധാന്തം 4-ാം നൂറ്റാണ്ടിലേതാണ്. ആര്യഭടീയം 499 എ.ഡി.യിൽ രചിക്കപ്പെട്ട അത്യു ജ്ജ്വലമായ ജ്യോതിർഗണിതശാസ്ത്രഗ്രന്ഥമാണ് രണ്ടു വിഷയ ങ്ങളും ഇതിലുണ്ട്.

- 500-1000 എ.ഡി. വരാഹമിഹിരാചാര്യൻ (505 എ.ഡി) രചിച്ച പഞ്ച സിദ്ധാന്തിക ഉജ്ജ്വല ഗണിത-ജ്യോതിശാസ്ത്രഗ്രന്ഥമാണ്. ബൃഹത് സംഹിത, ബൃഹത് ജാതകം, ഹോരശാസ്ത്രം ഇവയും വരാഹമി ഹിര രചനകളാണ് ഭാസ്കരാചാര്യർ I(628 എ.ഡി) എഴുതിയ ആര്യ ഭടീയ-ഭാസ്കരഭാഷ്യം, ലഘുഭാസ്കരീയം, മഹാഭാസ്കരീയം ഇവയും ഗണിത ജ്യോതിശാസ്ത്രഗ്രന്ഥങ്ങളാണ്.
- ബ്രഹ്മഗുപ്തൻ (628 എ.ഡി.) എഴുതിയ ബ്രഹ്മസ്ഫുടസിദ്ധാന്തം പ്രസിദ്ധമായ ഗണിത ഗ്രന്ഥമാണ്. ജ്യോതിശാസ്ത്രവിവരണവും, ജ്യോതിർയന്ത്രങ്ങളെക്കുറിച്ചും ഇതിൽ വിവരണമുണ്ട്.
- 665. ബ്രഹ്മഗുപ്തൻ രചിച്ച ഖണ്ഡഖാദ്യക എന്നഗ്രന്ഥവും പ്രസിദ്ധ മാണ്.
- 638. ലല്ലാചര്യൻ രചിച്ച ശിഷ്യധീവൃദ്ധിതന്ത്രം ഒരുജ്ജ്വല ജ്യോതി ശാസ്ത്ര ഗ്രന്ഥമാണ്. ലല്ലാചാര്യൻ ഖണ്ഡഖാദ്യക പദ്ധതി എന്ന പുസ്തകവും രചിച്ചിട്ടുണ്ട്.
- 662. മഞ്ജുളാചാര്യൻ പ്രസിദ്ധമായ ലഘുമാനസം എന്ന ജ്യോതി ശാസ്ത്രഗ്രന്ഥ രചന നടത്തി. ഇത് ബ്രഹ്മമാനസം എന്ന സ്വന്തം കൃതിയുടെ സംക്ഷിപ്തമാണെന്നു കാണുന്നു.
- 821. ശാകല്യ സംഹിത എന്നു അറിയപ്പെടുന്ന ബ്രഹ്മസിദ്ധാന്തം ശാകല്യന്റെ സംഭാവനയായ ജ്യോതിശാസ്ത്രഗ്രന്ഥമാണ്.
- 850. ഗണിതസാരസംഗ്രഹം എന്ന ഗ്രന്ഥം മഹാവീരാചാര്യൻ എഴുതി. സമഗ്രമായ ഗണിതജ്ഞാനം നമുക്കതിൽ ദർശിക്കാം. ഇക്കാലഘട്ടത്തിലാണ് നാഗാർജ്ജുനൻ രസരത്ന സമുച്ചയം എന്ന ലോഹതന്ത്ര/ രസതന്ത്രപുസ്തകമെഴുതിയത്. അനവധി രസശാ സ്ത്രഗ്രന്ഥങ്ങൾ ഇക്കാലത്ത് രചിച്ചിട്ടുണ്ട്.
- 864. ബ്രഹ്മസിദ്ധാന്തത്തിന്റെ വാസനാഭാഷ്യവും, ഖണ്ഡഖാദ്യക വിവരണം എന്നീ രണ്ടു ഗ്രന്ഥങ്ങൾ പൃതുദകസ്വാമി രചിച്ചു.



Scanned with CamScanner

880. വടേശ്വരന്റെ വിശ്വപ്രസിദ്ധമായ വടേശ്വരസിദ്ധാന്തം എന്ന ഗ്രന്ഥത്തിന് ജന്മം ലഭിച്ചു.

950. ആര്യഭടൻ II ആര്യസിദ്ധാന്തം അഥവാ ആര്യഭട സിദ്ധാന്തം രചിച്ചു. ജ്യോതിശാസ്ത്രവും ഗണിതശാസ്ത്രവും കൊണ്ട് പ്രശോഭിക്കുന്ന ഗ്രന്ഥമാണിത്.

991. ശ്രീധരാചാര്യൻ ഗണിതസാരം എഴുതി. ഇതിന് പാടീഗണിതം എന്നും ശ്രീധരീ ലീലാവതി എന്നും പേരുണ്ട്.

1000-1500 എ.ഡി. സംസ്കൃതത്തിലും അൽപാൽപമായി പ്രാദേശിക ഭാഷകളിലും ശാസ്ത്രഗ്രന്ഥങ്ങൾ കൂടുതലായി രചിക്കപ്പെട്ട കാലഘട്ടമാണിത്. ഭാരതത്തിലെ പ്രാദേശിക ഭാഷകൾ വികസിച്ചുവന്നു തുടങ്ങിയ കാലഘട്ടമാണിത്.

1039. ധീകോടി, സിദ്ധാന്ത ശേഖരം, ധ്രുവമാനസം (1056) എന്നീ മൂന്നു ഗ്രന്ഥങ്ങൾ ശ്രീപതി ശാസ്ത്രലോകത്തിനു സംഭാവന നൽകി. ഇവ ജ്യോതി ശാസ്ത്രത്തിന്റേയും ഗണിതശാസ്ത്രത്തിന്റേയും നിറകുടങ്ങളാണ്.

1092. കരണപ്രകാശം എന്ന കൃതി ബ്രഹ്മദേവഗണകൻ എഴുതി- ഗണിത-ജ്യോതിശാസ്ത്രഗ്രന്ഥമാണ്.

1099. സദാനന്ദൻ ഭാസ്വതി അഥവാ ഭാസ്വതി കരണ എന്ന രചന നടത്തി.

1114. ഭാസ്കരാചാര്യർ II ബീജഗണിതം എഴുതി, തുടർന്ന് ബീജോപനയം. അദ്ദേഹത്തിന്റെ മൂന്നാമത്തെ കൃതിയാണ് ലീലാവതി ഇതിന്റെ പ്രസിദ്ധി വിവരിക്കേണ്ടതില്ലല്ലോ.

1150. ഭാസ്കരാചാര്യർ അതിപ്രസിദ്ധമായ സിദ്ധാന്തശിരോമണി എഴുതിത്തീർത്തു.

1183. കരണ കുതൂഹലം എന്ന പുസ്തകവും ഭാരതീയ ശാസ്ത്രലോകത്തിന് നൽകിയാണ് ഭാസ്കരാചാര്യൻ II ദിവംഗതനായത്.

800-1200. ഇക്കാലഘട്ടത്തിൽ തച്ചുശാസ്ത്രം, സംഗീതം, സംഗീത ഉപകരണങ്ങൾ, രസതന്ത്രം എന്നീ വിഷയങ്ങളിൽ ധാരാളം ഗ്രന്ഥരചനകൾ സംസ്കൃതത്തിലും പ്രാദേശിക ഭാഷകളിലും നടന്നിട്ടുണ്ട്.

1316. മഹാദേവഭട്ടൻ മഹാദേവി സരിണി എന്നഗണിതശാസ്ത്രഗ്രന്ഥം രചിച്ചു.



Scanned with CamScanner

- 1320. മഹേന്ദ്രസൂരി യന്ത്രരാജാഗമ എന്ന ഗ്രന്ഥത്തിലൂടെ ജ്യോതി ശാസ്ത്രസംബന്ധമായ യന്ത്രങ്ങളുടെ വിവരണം നൽകി.
- 1340. കേരളീയനായ പരമേശ്വരാചാര്യൻ ഭട്ടദീപിക, ദൃഗ്ഗണിത, ഗോളദീപിക, ഗോളസ്ഥാന, ഗ്രഹണാഷ്ടക, ലഘുഭാസ്കരീയ വ്യാഖ്യാ, ലീലാവതീ വ്യാഖ്യാ, സിദ്ധാന്തദീപികാ, സൂര്യസിദ്ധാന്ത വ്യാഖ്യാ എന്നീ പ്രസിദ്ധങ്ങളായ 9 പുസ്തകങ്ങളും 4 ലഘുപുസ്തകങ്ങളും എഴുതിയിട്ടുണ്ട്.
- 1365. നാരായണ പണ്ഡിതൻ ഗണിത കൗമുദി രചിച്ചു. കൂടാതെ ബീജഗണിതവടാംശവും രചിച്ചു.
- 1428 ആലത്തൂർ പുതുമന സോമയാജിയുടെ കരണപദ്ധതി, അത്യത്ഭുതകരമായ ഗണിതജ്യോതിശാസ്ത്രഗ്രന്ഥമാണ്. സൈൻ, കോസൈൻ ഇവയുപയോഗിച്ച് അനേകം തിയറങ്ങൾ എഴുതിയത് പുതുമനസോമയാജിയാണ്.
- 1465. കേരളീയനായ നീലകണ്ഠ സോമസുത്വൻ ജ്യോതിശാസ്ത്രവും ഗണിതശാസ്ത്രവും ചേർത്ത് അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ആര്യഭടീയവ്യാഖ്യാനം, ചന്ദ്രഛായാഗണിതം, ഗോളസാരം, സിദ്ധാന്തദർപ്പണം, തന്ത്രസംഗ്രഹം, എന്നിവയത്രെ നീലകണ്ഠസോമയാജിയുടെ പ്രസിദ്ധഗ്രന്ഥങ്ങൾ.
- പത്മനാഭാചാര്യന്റെ രചനകൾ ശ്രദ്ധേയമാണ്. ബ്രഹ്മസിദ്ധാന്ത ടീകാ, നർമദാടീകാ, യന്ത്രരാജ രത്നാവലി. എന്നിവയെല്ലാം ഇക്കാലത്തെ പത്മനാഭന്റെ സംഭാവനയാണ്. രചയിതാവിനെക്കുറിച്ച് വ്യക്തമല്ലാത്ത യുക്തിഭാഷ എന്ന ഉജ്ജ്വലഗ്രന്ഥത്തിൽ ധാരാളം തിയറങ്ങൾ നൽകിയിട്ടുണ്ട്.
- രസാർണവം, രസരത്നാകരം, രസചൂഡാമണി, രസേന്ദ്രസാരസർവസ്വം, രസകൽപം, രസപ്രദീപിക, രസോപനിഷദ്, രസചന്ദ്രിക തുടങ്ങിയ കെമിസ്ട്രി ഗ്രന്ഥങ്ങൾ 13-14 നൂറ്റാണ്ടിന്റെ രചനകളാണ്.
- 1500 എ.ഡി.ക്കുശേഷം പാശ്ചാത്യരാജ്യങ്ങളിലും, അതിവേഗത്തിൽ ശാസ്ത്രവളർച്ച നേടിയ കാലഘട്ടത്തിൽ ഭാരതത്തിലും പ്രസിദ്ധങ്ങളായ ശാസ്ത്രഗ്രന്ഥരചനകൾ നടന്നിട്ടുണ്ട്. അവയിൽ ചിലത് മാത്രം ചുവടെ ചേർക്കുന്നു.
- ജ്ഞാനരാജന്റെ സിദ്ധാന്തസുന്ദരം (1503) തിപ്പണ്ണയുടെ ഉപരാഗദർപ്പണ (1507) വെങ്കിടയജ്ജ്വന്റെ ഗ്രഹതന്ത്രം (1527) കൃഷ്ണദൈവജ്ഞന്റെ കരണകൗസ്തുഭം (1653) കരുണാകരന്റെ സിദ്ധാന്തതത്വം



Scanned with CamScanner

(1658) മലയേന്ദുവിന്റെ രണ്ടുഗ്രന്ഥങ്ങൾ (1659) യന്ത്രരാജരചന, യന്ത്ര രാജടീക എന്നിവയാണ്.

- ആധുനീക കാലഘട്ടത്തിൽ നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന അനവധി തത്വങ്ങളും സത്യങ്ങളും, ഭാരതത്തിൽ രചിച്ചിട്ടുള്ള മേൽ വിവരിച്ച ഗ്രന്ഥങ്ങളിലുണ്ട്. ഈ ഗ്രന്ഥങ്ങളെല്ലാം ഇന്നും ലഭ്യമാണ്. ഇവയുടെ ഹിന്ദി ഇംഗ്ലീഷ് തർജ്ജമയോടു കൂടിത്തന്നെ പല പ്രസാധകരും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഭാരതീയ ഗണിത-ജ്യോതിശാസ്ത്ര പൈതൃകത്തെക്കുറിച്ച് പഠിച്ച വിദേശിയർ

- Bell, E.T. (1946) - Sylvan, B.J. (1787) - Bentley, J. (1823) = Bernnard (1896) Brokhauss, H. (1862) - Burges, E (1862) - Reuben. B. (1790) - Burk, A. (1902) Cajori, F. (1958) - Cantor, M. (1907) - Colebrooke, H.T. (1807) Friedrich, D (1936) - Fleet, J. (1912) - Raymonds, G. (1932) -Edward, H.F. (1860) - Hornle A.F.R. (1882) - Hunter. W (1799) Herman, J. (1888) - William, J. (1807) - Kaye, G. R (1924) Le Gentil (1772) - Levi, B. (1800) - Gaston, M. (1910) - Muller, C (1929) - Needham, J. (1954) - Play fair. J. (1817) - Potts, D.H. (1946) - Rodet, L.L. (1878) - George, S. (1950) Smith, D.E (1958) - Spottiswoode, W. (1860) - Strachey, E (1813) - Suter, H.G. (1905) - Eine, B. (1908) - Thibaut, G (1875) - Vogt, H. (1906) - Warren, J. (1825) - Weber, A (1862) - Weissenborn (1879) - Lancelot, W (1834) - (1835) - Zeuthen, H. G. (1904)

## ഭാരതീയ ഗണിതശാസ്ത്ര വികസനം കാലഘട്ടത്തിലൂടെ

- 4000 ബി.സി -1000 ബി.സി. വൈദീകഗ്രന്ഥങ്ങളിലെ ഗണിത വിവരണം, ഭാരതത്തിലെ അതിപ്രാചീന അറിവുകളുടെ കലവറ തുറക്കുന്നു. സംഖ്യാരചനാക്രമം വേദത്തിൽ നമുക്കു ദർശിക്കാം. ഋഗ്വേദത്തിലും, യജുർവേദത്തിലും അഥർവവേദത്തിലും സാമാന്യഗണിത വിവരണം വ്യക്തമായി കാണാം.

- ബ്രാഹ്മണ ഗ്രന്ഥങ്ങളിൽ, അതിപ്രാചീനമായ ശതപഥബ്രാഹ്മണം, ഗോപഥ ബ്രാഹ്മണം, താണ്ഡ്യബ്രാഹ്മണം ഇവയിൽ ഭിന്നസംഖ്യകളും, വലിയ സംഖ്യകളും, വിസ്തീർണം, ചുറ്റളവ്, ഡയഗണൽ, എന്നീ ഗണിത പ്രയോഗങ്ങളും സുലഭമാണ്. യാഗകർമ്മങ്ങളെക്കുറിച്ചു വിവരിക്കുന്ന ബ്രാഹ്മണഗ്രന്ഥങ്ങളിലും ശ്രൗതസൂത്രഗ്രന്ഥ



Scanned with CamScanner

ങ്ങളിലും യാഗശാലയുടേയും അഗ്നി കുണ്ഡങ്ങളുടെയും വിവിധ ജ്യോമട്രി രൂപങ്ങൾ വ്യക്തമായി വിവരിക്കുന്നുണ്ട്.

- 1000 ബി.സി - 500 ബി.സി. നാലു സുൽബസൂത്രങ്ങളുള്ളതിൽ ബൗധായനസുൽബം, കാത്യായന സുൽബം, ആപസ്തംബ സുൽബം ഇവയെല്ലാം ഇക്കാലഘട്ടത്തിലെ സംഭാവനകളാണ്. ത്രികോണം, സമചതുരം, സമചതുരശ്രം, ദീർഘചതുരം, വൃത്തം, ട്രിപ്പീസിയം ഈ ആകൃതിയിലുള്ള ജ്യോമട്രി രൂപങ്ങൾ യാഗശാലയുമായി ബന്ധപ്പെട്ടവ ഇതിൽ വരുന്നു.
- വ്യാസം, വ്യാസാർധം, കോർഡ്, വൃത്തചുറ്റളവ്, $\Pi$ യുടെ ഏകദേശ മൂല്യം (3.2) ഈ ജ്യോമട്രി രൂപങ്ങളുടെ ചുറ്റളവ് വിവരണങ്ങൾ സവിസ്തരമുണ്ട്. ഓരോ ജ്യോമട്രി രൂപവും മറ്റൊന്നിനകത്ത് അഥവാ പുറത്ത് വരയ്ക്കേണ്ടതിന്റെ നിയമങ്ങളും ഇതിലുണ്ട്.
- $\sqrt{2}$, $\sqrt{3}$ പൈതഗോറസ് തിയറം, ചതുരശ്രങ്ങളുടെ ഡയഗണൽ, അവയുടെയെല്ലാം പ്രായോഗികതലത്തിലുള്ള അനവധി ഉദാഹരണങ്ങൾ ഇവയെല്ലാം സുൽബസൂത്രങ്ങളിൽ വരുന്നുണ്ട്.
- ഇക്കാലഘട്ടത്തിലെഴുതിയിട്ടുള്ള ശ്രൗതസൂത്രങ്ങളിലും സാമാന്യമായ ജ്യോമട്രി വിവരിക്കുന്നു.
- 700 ബി.സി -500 ബി.സി. സുശ്രുത സംഹിതയിൽ പെർമ്യൂട്ടേഷൻ കോമ്പിനേഷൻ ഗണിതം സുശ്രുതമഹർഷി എഴുതി. ഭാരതീയ ചിന്താധാരകളുടെ അടിസ്ഥാനഗ്രന്ഥങ്ങളായ അനവധി ധർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ പ്രശസ്തമായ ബൗധായന-ആപസ്തംബ-കാത്യായന-വിഷ്ണു-ഗൗതമ-വ്യാസ-വസിഷ്ഠ-ധർമ്മസൂത്രങ്ങൾ ഉദയം ചെയ്ത ഈ കാലഘട്ടത്തിൽ നികുതി, കരം, സാമ്പത്തിക ഇടപാടുകൾ, പലിശ, പിഴപലിശ, കൂട്ടുപലിശ, സ്വത്ത്ഭാഗം ചെയ്യൽ ഇവയെല്ലാമായി ബന്ധപ്പെട്ട ഗണിത ശാസ്ത്ര വിവരണം ലഭിക്കുന്നു,
- 500 ബി.സി -300 ബി.സി. ചാണക്യന്റെ അർത്ഥശാസ്ത്രം അതുപോലെയുള്ള 18 ഓളം അർത്ഥശാസ്ത്രഗ്രന്ഥങ്ങൾ, നീതിസാരം, നൂതനങ്ങളായ ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ ഇവയിൽ നൽകിയിരിക്കുന്ന നികുതി, കരം, ഷെയർ, ലാഭവി.ഹിതം, പലിശാക്രമം, എക്സൈസ് ഡ്യൂട്ടി, ബോണസ്, വ്യാവസായിക-കാർഷിക-തൊഴിൽ നികുതി, കടം എന്നിവയുമായി ബന്ധപ്പെട്ട ഗണിതം പ്രയോഗത്തിലിരുന്നു. അനവധി ബുദ്ധ ജൈനഗ്രന്ഥങ്ങളിലെ ഗണിത പ്രയോഗം ഇക്കാലഘട്ടത്തിന്റെ സംഭാവനകളാണ്.



Scanned with CamScanner

- 300- 00 ബി.സി. പൂജ്യം കണ്ടുപിടിച്ചത്. സാമാന്യമായ എല്ലാ ഗണിതക്രിയകളും വിവരിക്കുന്ന ഗ്രന്ഥങ്ങൾ, പിംഗളാചാര്യന്റെ ഛന്ദശാസ്ത്രം. സംഖ്യകളുടെ വർഗം, ഘനം കണ്ടുപിടിക്കുന്ന ഉത്തരാധ്യായനസൂത്രം രചിക്കപ്പെട്ടു. മേൽവിവരിച്ച ഗണിതശാസ്ത്രപ്രയോഗങ്ങൾ കൂടാതെ പിംഗളാചാര്യൻ ശബ്ദ വിവരണത്തിലൂടെ ബൈനോമിയൽ സിദ്ധാന്തവും വിവരിക്കുന്നുണ്ട്.
- 00–150 എ.ഡി. ബാക്ഷാലി താളിയോലഗ്രന്ഥങ്ങളിലെ അനവധി ഗണിതക്രിയകൾ, വർഗം, ഘനം, വർഗമൂലം, ഘനമൂലം, പവർ, ശതമാനപ്രയോഗം, ഭിന്നസംഖ്യാപ്രയോഗം എന്നിവയുടെ വിവരണം.
- 400–500 ഇക്കാലഘട്ടത്തിലെ ഏറ്റവും പ്രസിദ്ധമായ ഭാരതീയ സംഭാവനയാണ് 499 എ.ഡി.യിൽ രചിച്ച ആര്യഭടീയം. അതിലെ പ്രധാന കണ്ടുപിടുത്തങ്ങൾ. ആര്യഭടീയ സംഖ്യാസമ്പ്രദായം, സംഖ്യരചനയിലെ സ്ഥാനവിവരണം. വർഗം, ഘനം ക്രിയ ചെയ്യുന്ന മാർഗം, വർഗമൂലം, ഘനമൂലം ഇവ ഗണിച്ചെടുക്കുന്ന രീതി. ഒരേ ദിശയിലും എതിർദിശയിലും സഞ്ചരിക്കുന്ന വസ്തുക്കളുടെ ഗണിതം, അതിസങ്കീർണ്ണങ്ങളായ അരിത്തമെറ്റിക്സ് - ജ്യോമട്രിക് പ്രോഗ്രഷൻ.... ത്രികോണ- സമചതുര - വൃത്ത - ട്രപ്പീസിയ വിസ്തീർണ്ണങ്ങൾ, Π യുടെ കൃത്യമായ മൂല്യം, കോർഡ് - വ്യാസ ബന്ധ തിയറം, സൈൻ- റിവേഴ്സ് സൈൻ പ്രയോഗം, ആർക് - വ്യാസാർധ-ധനു-ബന്ധ തിയറം - ഇവയെല്ലാം ആര്യഭടൻ 1500 വർഷങ്ങൾക്കുമുമ്പ് നൽകി.
- 505 എ.ഡി. വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിൽ അതിസങ്കീർണ്ണങ്ങളായ ഗ്രഹഗണിതം സമഗ്രമായി നൽകിയിട്ടുണ്ട്. സൈൻ -കൊസൈൻ പ്രയോഗം, വൃത്തനിയമങ്ങൾ, ആംഗിൾ മൂല്യം, ആംഗിൾ, മിനിറ്റ്, സെക്കന്റ് കൂടാതെ റേഡിയനിലും നൽകിയിട്ടുണ്ട്. സംക്ഷിപ്ത വിവരണം അസാദ്ധ്യമായ അത്രയും ഗ്രഹഗണിത വിവരണം ഇതിലുണ്ട്.
- 623 എ.ഡി. ബ്രഹ്മഗുപ്തന്റെ ബ്രഹ്മസ്ഫുടസിദ്ധാന്തത്തിൽ പോസിറ്റീവ് നെഗറ്റീവ് സംഖ്യകളുടെ ഗണിത ക്രിയകൾ. ഭിന്നസംഖ്യകളുടെ ഘനമൂലം, വർഗമൂലം, ചതുർഭുജങ്ങളുടെ സങ്കീർണങ്ങളായ ഗണിതക്രിയകൾ, എല്ലാവിധ ചതുർഭുജങ്ങളുടെയും വിസ്തീർണ്ണവാക്യം, സൈക്ളിക് ചതുർഭുജങ്ങളുടെ വശങ്ങൾ-റേഡിയസ്- ഇവയുമായി ബന്ധിപ്പിക്കുന്ന തിയറങ്ങൾ വ്യത്യസ്ത ജ്യോമട്രിക് രൂപ



Scanned with CamScanner

ങ്ങളുടെ വ്യാപ്തഗണിതം. ഇവ കൂടാതെ ഇതിനുമേൽ വിവരിച്ച ഗണിത ജ്ഞാനത്തിന്റെ അനവധി വികസിതരൂപങ്ങളും ബ്രഹ്മഗുപ്തൻ നൽകിയിട്ടുണ്ട്.

- 629 എ.ഡി. ഭാസ്കരാചാര്യൻ I എഴുതിയ ആര്യഭടീയഭാഷ്യം ഗണിതശാസ്ത്രത്തിൽ ഭാരതീയ സംഭാവനകൾക്ക് തിളങ്ങുന്ന ഉദാഹരണമാണ്. റേഷ്യോ, പ്രൊപ്പോർഷൻ ഇവ പ്രയോഗത്തിൽ കൊണ്ടുവന്നു. ഭിന്നസംഖ്യകളുടെ ഘനമൂലം കണ്ടുപിടിക്കുന്ന പ്രായോഗികമാർഗം, അതിസങ്കീർണ്ണങ്ങളായ പതിനഞ്ചുതരത്തിലുള്ള അരിത്തമെറ്റിക് ജ്യോമട്രിക് പ്രോഗ്രഷനുകൾ, മോണോമിയൽ സിദ്ധാന്തം, എന്നിവയുമുണ്ട്.
- 749 എ.ഡി. ലല്ലാചാര്യന്റെ ശിഷ്യധീവൃദ്ധിതന്ത്രം, ജ്യോതിർഗണിതം, ആംഗിൾ, ആർക്ക്, വൃത്തം, കോഡ് ഇവയുമായി ബന്ധപ്പെട്ട പ്രായോഗിക ഗണിത തത്വങ്ങളാണ് ഇതിൽ വിവരിക്കുന്നത്.
- 750 എ.ഡി. ബ്രഹ്മസൂത്രഭാഷ്യത്തിൽ സംഖ്യാസ്ഥാനരചനയ്ക്ക് വ്യക്തമായ നിർവചനം നൽകി, ഓഹരി, പാർട്ണർഷിപ്പ്, ലാഭവിഹിതം, തുടങ്ങിയ വ്യാവസായിക- വാണിജ്യ ഇടപാടുകളിലെ ഗണിതപ്രയോഗം വ്യക്തമായി ശ്രീധരാചാര്യൻ പാടീഗണിതത്തിൽ നൽകി. പൂജ്യം ഉപയോഗിച്ചുള്ള എല്ലാ ഗണിതക്രിയകളും ശ്രീധരാചാര്യൻ വിവരിച്ചു. പൂജ്യം കൊണ്ടു ഹരിച്ചാൽ ലഭിക്കുന്നത് വ്യക്തമായ സംഖ്യയല്ല എന്നും തെളിയിച്ചു. അതിഗഹനങ്ങളായ വിവിധ പ്രോഗ്രഷനുകളെക്കുറിച്ചുള്ള ശ്രീധരാചാര്യരുടെ വിവരണം അത്ഭുതകരമാണ്. ക്വാഡ്രാറ്റിക് ഇക്വേഷൻ ലളിതമായ രീതിയിൽ ഉദാഹരണസഹിതം വിവരിക്കുന്നുണ്ട്, ഭാസ്കരാചാര്യൻ I
- 800 എ.ഡി. ഗോവിന്ദസ്വാമി സങ്കീർണ്ണമായ ന്യൂട്ടൺസ് ഗോസ് (1670 എ.ഡി.) ഇന്റർപൊളേഷൻ ഇക്വേഷൻ കണ്ടുപിടിച്ചു. ഇത് സാധാരണക്കാരന് വായിച്ചു മനസ്സിലാക്കാൻ പറ്റാത്തതാണ്.
- 904 എ.ഡി. ജ്യോതിർഗോളങ്ങളുമായി ബന്ധപ്പെട്ട ഭാരതീയ ഗണിത കൃതികളിൽ വടേശ്വരസിദ്ധാന്തത്തോട് ഉപമിക്കാനായി മറ്റൊന്നില്ല. ആംഗിൾ റേഡിയനിലും, അതിന്റെ വർഗവും വിവരിച്ചിരിക്കുന്ന ആദ്യഗ്രന്ഥവുമിതാണ്. ന്യൂട്ടൺ ഗോസ് (1670) ബാക്ക്‌വേർഡ് ഇന്റർപൊളേഷൻ സമഗ്രമായി നൽകിയത് വടേശ്വരസിദ്ധാന്തത്തിലാണ്.
- 950 എ.ഡി. ആര്യഭടൻ II മഹാസിദ്ധാന്തത്തിൽ ഗോളവിസ്തീർണ്ണം തുടങ്ങിയ വിഷയങ്ങൾ വിവരിക്കുന്നു. ഇന്നും ഗവേഷണത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുന്ന ഗണിത ഗ്രന്ഥമാണിത്. സംസ്കൃത



Scanned with CamScanner

വരികളിലെ സന്ദേശങ്ങളിൽ ചിലത് ഗണിത ലോകത്തിന് മനസ്സി ലാകാൻ തുടങ്ങിയത് കഴിഞ്ഞ ശതാബ്ദത്തിലായിരുന്നു. ആധുനിക ഗണിതജ്ഞന്മാർക്കുപോലും അവ്യക്തമായ-ഗഹനങ്ങളായ ഗണിതസംഭാവനകൾ ഭാരതീയരിൽ നിന്ന് ഉണ്ടാകുവാൻ തുടങ്ങിയത് ഈ കാലഘട്ടം (900 എ.ഡി.) മുതൽക്കാണ്.

- 1039 എ.ഡി. ശ്രീപതിയുടെ സിദ്ധാന്തശേഖരത്തിൽ മറ്റനവധി ഗണിതസിദ്ധാന്തങ്ങൾ വിവരിക്കുന്നതോടൊപ്പം സംഖ്യയെ 0 കൊണ്ടു ഹരിച്ചാൽ ലഭിക്കുന്നത് ഇൻഫിനിറ്റി എന്നും വിവരിക്കുന്നു. അനവധി നൂതനങ്ങളായ പ്രോഗ്രഷൻ പ്രയോഗം ശ്രീപതി നൽകുന്നു.
- 1114 എ.ഡി. ഭാസ്കരാചാര്യരുടെ ബീജഗണിതം എന്ന ആദ്യത്തെ ആൾജിബ്രാഗ്രന്ഥം രചിക്കപ്പെട്ടു. ലീലാവതിയിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങൾ : ആവരേജ് കണ്ടുപിടിക്കുന്ന മാർഗം, നെഗറ്റീവ് സംഖ്യയുടെ വർഗമൂലം ലഭ്യമല്ല എന്ന വിവരണം. പോളിഗണൽ/ ബഹുഭുജങ്ങളുടെ അഗാധമായ ജ്ഞാനം സൈക്ളിക് ബഹുഭുജത്തിന്റെ വശങ്ങൾ-വ്യാസം ഇവ തമ്മിലുള്ള ബന്ധം, കോണിന്റേയും, ഭാഗീക കോണിന്റേയും വ്യാപ്തം, ഗോളവ്യാപ്തം, എന്നിവയാണ്.
- 1350 എ.ഡി. അനവധി തിയറങ്ങൾ എഴുതിയ സംഗമഗ്രാമ മാധവാചാര്യരുടെ ക്രിയാക്രമകരി പോലുള്ള ഗ്രന്ഥരചന നടന്നു. പോളിഗണൽ അപ്രോക്സിമേഷൻ വ്യക്തമായി ഗണിച്ചു. ഗ്രിഗറീസ് തിയറം, ലെബനിറ്റ്സ് തിയറം, സൈൻ- കൊസൈൻ- ഉപയോഗിച്ചുള്ള തിയറങ്ങൾ, വൃത്തചുറ്റളവ് Π യുടെ മൂല്യം -ഇവയെല്ലാം ചേർത്ത് ഡസൻ കണക്കിന് തിയറങ്ങൾ എഴുതിയ ഗണിതജ്ഞനാണ് സംഗമഗ്രാമ മാധവാചാര്യൻ. ഗ്രീഗറീസ് തിയറം (1638 എ.ഡി) ഇന്നറിയപ്പെടുന്നത് മാധവ-ഗ്രിഗറീസ് തിയറം എന്ന പേരിലാണ്. ന്യൂട്ടൺസ് (1670) പവർസീരിസ് യഥാർത്ഥത്തിൽ വിവരിച്ചിരിക്കുന്നത് മാധവാചാര്യർ (1350 എ.ഡി.) ആണ്. ലെബനിറ്റ്സ് (1673 എ.ഡി) പവർസീരീസും, ഡീമോയ്‌വേഴ്സ് (1700 എ.ഡി) തിയറവും മാധവാചാര്യർ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ നൽകിയിട്ടുണ്ട്. ഇത്രയും സിദ്ധാന്തങ്ങൾ കൂടാതെ മാധവാചാര്യർ മറ്റനവധി, തത്വങ്ങൾ ഇന്നും ലോകത്തിലെ മറ്റൊരു ഗണിതജ്ഞനും അവകാശപ്പെടാൻ സാധിക്കാത്തതും വിവരിച്ചിട്ടുണ്ട്.
- 1360 എ.ഡി. പരമേശ്വരാചാര്യരുടെ സംഭാവനകൾ വൃത്തം-വ്യാസം-സൈൻ-കൊസൈൻ-ടാൻജന്റ്- കോർഡ്, എന്നിവയെ ബന്ധിപ്പിച്ചുള്ള അനേകം തിയറങ്ങൾ എന്നിവയാണ്. ല്ഹ്യൂളറുടെ



Scanned with CamScanner

(1782 എ.ഡി) ഫോർമുല കണ്ടുപിടിച്ചത്. പരമേശ്വരാചാര്യനാണ് (1400 എ.ഡി) തന്റെ ലീലാവതീഭാഷ്യം എന്ന ഗ്രന്ഥത്തിലാണിതു ള്ളത്.

- 1400 എ.ഡി. നീലകണ്ഠ സോമയാജി തന്ത്രസംഗ്രഹത്തിൽ അതി നൂതനങ്ങളായ പല ഗണിത വിവരണങ്ങളും നൽകിയിട്ടുണ്ട്. ടെയ്‌ലർ (1685 എ.ഡി.) സൈൻ-കൊസൈൻ സീരീസ് എഴുതിയി രിക്കുന്നത് നീലകണ്ഠസോമയാജിയുടെ തന്ത്രസംഗ്രഹത്തിലാണ്. ലെബനിറ്റ്സ് (1673 എ.ഡി.) പവർസീരീസിന്റെ മറ്റൊരുവിധ ഗണിത വിവരണവും സോമയാജി നൽകിയിട്ടുണ്ട്. ഇൻഫിനിറ്റ് ജി.പി. സീരീ സ്, ന്യൂട്ടണിനേക്കാൾ (1670 എ.ഡി) മുമ്പ് കണ്ടുപിടിച്ചെഴുതിയത് ആര്യഭടീയഭാഷ്യം എന്ന നീലകണ്ഠന്റെ കൃതിയിലാണ്.
- 1417 എ.ഡി. കരണപദ്ധതിയിൽ (പുതുമനസോമയാജിയുടെ കൃതി) 6-ാം അധ്യായത്തിൽ 28 തിയറങ്ങൾ ഉണ്ട്. ഭാരതീയ ഗണിതത്തിലെ ഒരത്ഭുതപ്രതിഭാസമാണ് കരണപദ്ധതി. കടപയാദി സംഖ്യയിലാണ് ഇവയെല്ലാം എഴുതിയിരിക്കുന്നത്. ഇടയ്ക്ക് സംസ്കൃത സംഖ്യ യുമുണ്ട്. ആദ്യമായി ടാൻജന്റ് സീരീസ് തിയറം വികസിപ്പിച്ചതു പോലെ പുതുമന സോമയാജിയുടെ മാത്രം പേരിൽ അറിയപ്പെടേ ണ്ടതായ അനവധി തിയറങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. അതിനു നമുക്ക് സോമയാജീസ് തിയറം എന്നുപേരുകൊടുക്കാം.
- 1500 അച്ചുതപിഷാരടി, ശങ്കരവർമ്മൻ, തുടങ്ങിയവരും ഉജ്ജ്വലങ്ങ ളായ ഗണിതശാസ്ത്ര സംഭാവനകൾ നൽകിയിട്ടുണ്ട്. - ഇവർ കേരളീയരാ യിരുന്നു. ഇവയിൽ എത്രയോ ഗ്രന്ഥങ്ങളുടെ പ്രതി കൾ ഇന്ന് ഇംഗ്ലണ്ട്, ജർമ്മനി, അമേരിക്കൻ ലൈബ്രറികളിൽ സൂക്ഷി ച്ചിട്ടുണ്ട്. അനവധി ഇംഗ്ലീഷുകാർ/ ജർമ്മൻകാർ ഈ ഗ്രന്ഥങ്ങൾ പഠിപ്പിച്ചിട്ടുമുണ്ട്. ആരെല്ലാം ഇതുപയോഗപ്പെടുത്തി, അവരുടേതാ ണെന്ന് അവകാശപ്പെട്ടു എന്നറിയേണ്ടിയിരിക്കുന്നു. സാധാരണ നിലവാരത്തിൽ നിന്ന് അതിഗഹനമായതലത്തിലേക്ക് ഗണിത ശാസ്ത്രത്തിന്റെ വളർച്ച നമുക്കിവിടെ കാണുവാൻ സാധിക്കും. പ്രാദേശിക ഭാഷകളുടെ വളർച്ച, സംസ്കൃതപഠനത്തിനു വന്ന ശോഷണം, ഇംഗ്ലീഷിന്റെ അതിപ്രസരം, മുഗള സാമ്രാജ്യത്തിന്റെ കയ്യിൽ നിന്ന് ഭാരതം യൂറോപ്യൻമാരിലേക്ക് മാറിയത്, 700 വർഷ ങ്ങളുടെ ആക്രമണത്തിന്റേയും - കൊള്ളയുടേയും കൊള്ളിവെപ്പി ന്റേയും അനുഭവങ്ങളുടെ വേദന, ഭാരതീയർക്കുണ്ടായ അപകർഷ താബോധം ഇതെല്ലാം കാരണമായി ഭാരതീയ ഗണിത ജ്യോതി



Scanned with CamScanner

ശാസ്ത്രവിജ്ഞാനവികസനം ഏതാണ്ട് ഇവിടെ അവസാനിക്കുന്നു. സ്വതന്ത്രാനന്തരം നമ്മുടെ മാനസീകാവസ്ഥയിൽ വന്നതും വരുത്തിയതുമായ മാറ്റം, യുക്തിവാദത്തിന്റെ പേരിൽ പൈതൃകത്തെ പുച്ഛിക്കാനുണ്ടായ മനോഭാവം ഇവയെല്ലാം കാരണമായി, നമ്മുടെ സംഭാവനകൾ നാമറിയാതെ പോയി.

## ഭാരതീയ ജ്യോതിശാസ്ത്ര വികസനം കാലഘട്ടത്തിലൂടെ

- അസാധാരണമായ വൈജ്ഞാനിക ഭണ്ഡാരം ഭാരതീയ ജ്യോതിശാസ്ത്ര പൈതൃകത്തിൽ ഭാരതീയർക്കുണ്ടായിരുന്നു. വേദങ്ങളിലും, ഇതിഹാസപുരാണങ്ങളിലും ജ്യോതിശാസ്ത്ര അറിവുകൾ അങ്ങിങ്ങായി ദർശിക്കാൻ സാധിക്കും. ഭാരതീയ ജ്യോതിശാസ്ത്ര പൈതൃകഗ്രന്ഥരചനയുടെ ആരംഭം ഇന്നും വളരെ കൃത്യമായി വിവരിക്കാൻ അസാധ്യം തന്നെയാണ്. 200 എ.ഡി. വരെയുള്ള ഭാരതീയജ്ഞാനം ലഭ്യമായ അറിവുകളിൽ നിന്ന് ഊഹിച്ചെടുക്കുവാനേ സാധിക്കൂ.
- 3000 ബി.സി. ഗ്രഹങ്ങളുടെ പേരുകൾ, സൂര്യചന്ദ്രവിവരണം അവയുടെ ചലനം എന്നിവ വികസിച്ചു.
- 2000 ബി.സി. ഗ്രഹസ്ഥിതി, ജാതകഫലം ഇവയുടെ അടിസ്ഥാന തത്വം, ഉത്തരായനം, ദക്ഷിണായനം, ഋതുക്കളിലുള്ള മാറ്റം, ദിന രാത്ര ദൈർഘ്യം ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ, ഗ്രഹണം......
- 1000 ബി.സി. വൈദിക കർമ്മങ്ങൾ, ഷോഢശകർമ്മങ്ങൾ ഇവയ്ക്ക് നല്ല സമയം ഗണിക്കാനായി ചന്ദ്ര-സൂര്യ സ്ഥിതി, നക്ഷത്രവിവരണം-നക്ഷത്രങ്ങളുടെ വർഗീകരണം, അവയുടെ പേരുകൾ, ഗ്രഹങ്ങളുടെ സൂര്യപ്രദക്ഷിണകാലം എന്നിവ നിരീക്ഷിച്ചിരുന്നു.
- 100 ബി.സി - 200 എ.ഡി. കൂടുതൽ വ്യക്തമായ നക്ഷത്രവിന്യാസം, ഗ്രഹങ്ങളുടെ വേഗത, ഭ്രമണപഥം, ചന്ദ്രന്റെ വൃദ്ധിക്ഷയകാരണം, ഗ്രഹണകാരണം, ജ്യോതിർഗണിത ശാസ്ത്രത്തിന്റെ വളർച്ചയുടെ തുടർച്ചയായി.
- 200 എ.ഡി-500 എ.ഡി. അത്യത്ഭുതകരമായ ഗണിത-ജ്യോതിശാസ്ത്രവിജ്ഞാന നേട്ടങ്ങളുണ്ടായ കാലഘട്ടമാണിത്. അനവധി സിദ്ധാന്തങ്ങളും ആര്യഭടീയവും രചിക്കപ്പെട്ടത് ഇക്കാലത്താണ്. ഈ ഗ്രന്ഥങ്ങളിലെല്ലാം വിവരിക്കുന്നു, "പൂർവീക ഋഷിമാർ എഴുതി സമൂഹത്തിന് നൽകിയതിൽ നിന്ന് ഏതാനും ഭാഗങ്ങൾ ഇവിടെ കുറിക്കുന്നു." അതിന്റെ അർത്ഥം വ്യക്തമാണല്ലോ!



Scanned with CamScanner

- അക്ഷാംശം, രേഖാംശം, അവയുടെ ഗണിതം, ടെറസ്ട്രിയൽ - സെലസ്റ്റ്യൽ- അക്ഷാംശം, രേഖാംശം, അവയുടെ പാരലാക്സ്, ഉദയാസ്തമന അളവുകൾ, അപക്രമം/ ചെരിവ്, അപമണ്ഡലം/ എക്ലിപ്റ്റിക്, ഉദയ/ അസ്തമയത്തിന്റെ Rസൈൻ മൂല്യം, ഉദയാസ്തമയരേഖയും അതിൽ ദൃശ്യമാകുന്ന പാരലാക്സും, ഡേ റേഡിയസ്, വിന്റർ സോളിസ്റ്റിക്സ്/ഉത്തര-ദക്ഷിണായനം, ചക്രവാളഗണിതം, ഗോളാകൃതിയിലുള്ള ഭൂമിയുടെ വിവിധ തലങ്ങളിൽ നിന്ന് സൂര്യദർശനം, ഗ്രീൻവിച്ച് രേഖയ്ക്കുപകരം ഭാരതത്തിൽ നിലനിന്നിരുന്ന അന്തർദേശീയ രേഖ, രേഖ കടന്നു പോകുന്ന സ്ഥലങ്ങൾ.
- ഭൂമിയുടെ ഗോളാകൃതി, വ്യാസം, ഭ്രമണം, ഭ്രമണവേഗത, ദിനദൈർഘ്യം, ഉത്തര ദക്ഷിണധ്രുവം, എർത്ത്സൈൻ, ഉദയാസ്തരേഖയും 6 O'ക്ലോക്ക് രേഖയും, ഗ്രഹങ്ങളുടെ അപോജി പെരിജീ, നിഴലിന്റെ വ്യാസം, ചലനവേഗത, പാരലാക്സ്, ഡയ്യൂർനൽ സർക്കിൾ, സെനിത് ഡിസ്റ്റൻസ്, സൗരദിന ദൈർഘ്യം, ദിനദൈർഘ്യം, മെറിഡിയൻ ആൾട്ടിറ്റ്യൂട്ട്, ഗ്രഹങ്ങളുടെ വക്രചലനം, ഗ്രഹങ്ങളുടെ യഥാർത്ഥ സ്ഥാനം, ഇക്വേറ്റർ, ഗ്രഹസ്ഫുടം, ഗ്രഹണം- പൂർണ/ ഭാഗീകഗ്രഹണം, ഗ്രഹണസമയം, ഗ്രഹണ ഗണിതം, വ്യത്യസ്ത അകലങ്ങളിൽ നിഴലിന്റെ വ്യാസ വ്യത്യാസം. ഇത്രയും കാര്യങ്ങൾ താത്വികമായും പ്രായോഗികമായും 1500 വർഷങ്ങൾക്ക് മുമ്പ് ഭാരതീയർ വളരെ വ്യക്തമായി വികസിപ്പിച്ചറിഞ്ഞിരുന്നു.
- 500-700 എ.ഡി. ഇക്വിനോക്ഷ്യൽ മിഡ് ഡേ ഷാഡോ, കോ-ലാറ്റിട്യൂഡ്, ആർക്ക് ഓഫ് ലാറ്റിറ്റ്യൂഡ്, ഓരോ പ്രദേശത്തിന്റെയും ലാറ്റിട്യൂഡ് ലോഞ്ചിറ്റ്യൂഡ്, ഭൂമിയുടെ ചെരിവ്, ചന്ദ്രന്റെ പ്രകാശമുള്ള/ ഇല്ലാത്ത ഭാഗത്തിന്റെ അളവ്, മെറിഡിയൻ രേഖ, മെറിഡിയനിൽ നിന്ന് കിഴക്കു പടിഞ്ഞാറു ഭാഗത്തുള്ള സ്ഥലങ്ങൾ, സെനിത് ഡിസ്റ്റൻസ്, എക്ലിപ്റ്റിക് അസ്തമയ രേഖ, അയനാചലനം അഥവാ പ്രിസിഷൻ ഇക്വിനോക്സ്, ഗ്രഹസഞ്ചാരപഥങ്ങളുടെ ഉദയം, നിഴലിന്റെ സഞ്ചാരപഥങ്ങളുടെ ഉദയവും, ലോക്കസും.
- അക്ഷാംശ രേഖാംശത്തിന്റെ അടിസ്ഥാനത്തിൽ ദേശങ്ങൾ തമ്മിലുള്ള അകലം/ ഉദയാസ്തമയ സമയ വ്യത്യാസം, അവയ്ക്ക് വരുത്തേണ്ടതായ തിരുത്തലുകൾ, പാരലാക്സ് ഗണിക്കുന്നവിധം-നതി-അക്ഷവാലനം, ദിനവ്യാസവും-കോ-ലാറ്റിറ്റ്യൂഡും തമ്മിലുള്ള ബന്ധം, സൂര്യന്റെ ഡിക്ളിനേഷൻ-എർത് സൈൻ-സൂര്യാഗ്രം ഇവ



Scanned with CamScanner

തമ്മിലുള്ള ബന്ധം, ഒബ്ലിക് അസൻഷൻ, പാരലാക്സ്- ഹവർ ആംഗിൾ- മെറിഡിയൻ എക്ലിപ്റ്റിക് ബന്ധം, പാരലാക്സ് ഇൻ ലോഞ്ചിറ്റ്യൂഡ് ആന്റ് ലാറ്റിറ്റ്യൂഡ് ഗണിക്കുന്നവിധം ഗ്രഹങ്ങളുടെ എട്ടുവിധ ഭ്രമണനിർവചനം, അന്തർദേശീയ രേഖയിലുള്ള പ്രധാനപട്ടണങ്ങൾ അവ തമ്മിലുള്ള ദൂരം ആംഗിൾ മൂല്യത്തിലും/ ലീനിയർ മൂല്യത്തിലും.

- 700-900 എ.ഡി. ചന്ദ്ര സംബന്ധമായ വൃദ്ധിക്ഷയ ഗണിതം, ചന്ദ്രചലനം- സ്ഥാനം, എക്ലിപ്റ്റിക് ഗണിതം, ആൾട്ടിറ്റ്യൂടിന്റെ സൈൻ/ കൊസൈൻ ഗണിതം, ഗ്രഹചലനം-ഗ്രഹണം- നക്ഷത്രസ്ഥാനം ഇവ ഗ്രാഫിലൂടെ (പരിലേഖ) വരക്കുന്നവിധം നിഴലിന്റെ സഞ്ചാരപഥം, നിഴൽ വൃത്തഗണിതം, ദിനവൃത്തവുമായി മറ്റു ജ്യോതിശാസ്ത്രഗണിതത്തിനുള്ള ബന്ധം, ഗ്രഹഭ്രമണ-പ്രദക്ഷിണപന്ഥാവിലും ഗ്രഹസ്ഥിതിയിലും നടത്തേണ്ടതായ തിരുത്തലുകൾ, ഹവർ ആംഗിൾ, അതിന്റെ R സൈൻ, R കോസൈൻ എന്നിവ കണ്ടുപിടിക്കുന്ന രീതിയും, സെലസ്റ്റ്യൽ ഇക്വേറ്റർ, ലൈൻ ഓഫ് ആപ്സസ്, പ്രൈം വെർട്ടിക്കൽ, ഹീലിയോ സെൻട്രിക് സ്ഥാനം, ഗ്രഹകേന്ദ്രത്തിന്റെ ചെരിവ്, സെലസ്റ്റ്യൽ ലാറ്റിറ്റ്യൂഡ് / ലോഞ്ചിറ്റ്യൂഡ് ഇവയുടെ പാരലാക്സ്, സവിസ്തരം പ്രതിപാദിക്കുന്നു. ഈ ജ്യോതിശാസ്ത്രവിഷയങ്ങൾ ഗവേഷണ- പഠനത്തിന് വിധേയമാക്കുവാൻ ആവശ്യമായ ലഘു ഉപകരണങ്ങൾ എന്നിവയും ജ്യോതിശാസ്ത്ര ഗ്രന്ഥങ്ങളിൽ യന്ത്രാധ്യായം എന്ന ഭാഗത്ത് വിവരിച്ചിട്ടുണ്ട്. മഹാഭാസ്കരീയം, ശിഷ്യധിവൃദ്ധി തന്ത്രം പോലെയുള്ള ഗ്രന്ഥങ്ങളുടെ അന്ത്യത്തിൽ വിദ്യാർത്ഥികൾക്കായുള്ള അനവധി ജ്യോതിർ-ഗണിത പ്രശ്നങ്ങളും നൽകിയിട്ടുണ്ട്.

- 900-1500 എ.ഡി. ഇക്കാലഘട്ടത്തിന് മുമ്പ് കണ്ടുപിടിച്ച ജ്യോതിശാസ്ത്ര വിഷയങ്ങൾക്ക്, അതിസൂക്ഷ്മവും സങ്കീർണവുമായി നൽകിയിരിക്കുന്ന വിവരണം, സങ്കീർണ്ണങ്ങളായ ഒട്ടനവധി നൂതന കണ്ടുപിടിത്തങ്ങൾ ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. വടേശ്വരാചാര്യൻ- ഭാസ്കരാചാര്യൻ II, ശങ്കരനാരായണൻ, ആര്യഭടൻ II, സംഗമഗ്രാമ മാധവാചാര്യൻ- പരമേശ്വരാചാര്യൻ- നീലകണ്ഠ സോമയാജി-പുതുമന സോമയാജി- തുടങ്ങിയവർ ജ്യോതിശാസ്ത്ര സിദ്ധാന്തങ്ങളുടെ വികസനത്തിനു നൽകിയിരിക്കുന്ന സംഭാവന വിവരണാതീതമാണ്.



Scanned with CamScanner

- വടേശ്വരാചാര്യന്റെ വിജ്ഞാന സംഭാവനയ്ക്ക് രണ്ട് മൂന്ന് ഉദാഹരണങ്ങൾ നൽകിയാൽ ഭാരതീയ ജ്യോതി ശാസ്ത്രപൈതൃകത്തിന്റെ ഏകദേശ നിലവാരം ലഭിക്കും.
- സെലസ്റ്റ്യൽ- ടെറസ്ട്രിയൽ സർക്കിൾ (സമ മണ്ഡല - യാമ്യോത്തര വൃത്തം) 6 O' ക്ലോക്ക് സർക്കിൾ (ഉന്മണ്ഡലം) എക്ളിപ്റ്റിക് (ദൃക്ഷേപവൃത്തം) ഇക്വേറ്റർ (വിഷുവദ്‌വൃത്തം, അപ്രക്രമവൃത്തം) എർത്ത്സൈൻ (ഭൂജ്യാ) റൈസിങ്ങ് ആന്റ് സെറ്റിങ്ങ് ലൈൻ (ഉദയാസ്തസൂത്രം) സെറ്റിങ് പോയിന്റ് ഓഫ് എക്ളിപ്റ്റിക് (അസ്തലഗ്നം) R സൈൻ ഓഫ് സെനിത് ഡിസ്റ്റൻസ് (നര), ഡേ റേഡിയസ്, R കോസ് $\vartheta$ / $\sqrt{R^2 - (R\text{സൈൻ } \vartheta)^2}$
- ഡേ റേഡിയസും എർത്ത് സൈനും തമ്മിലുള്ള ബന്ധം, സൂര്യന്റെ പ്രൈം വെർട്ടിക്കൽ ഗണനം, മെറിഡിയൻ - സെനിത് ഡിസ്റ്റൻസ് ബന്ധം, ഭൂഗുരുത്വം, ഈ വിവരണങ്ങൾ പോലെ അതിസങ്കീർണങ്ങളായ ജ്യോതിശാസ്ത്ര വിവരണങ്ങൾ- ഗണിതങ്ങൾ- പ്രായോഗികതത്വങ്ങൾ എന്നിവയെല്ലാം വികസിച്ചു. ഗ്രഹങ്ങളുടെ ഭ്രമണവേഗത ഡെസി സെക്കന്റിലും, മൈക്രോസെക്കന്റിലും വരെ കൃത്യമായി വിവരിക്കുവാൻ ഭാരതീയർക്ക് സാധിച്ചിട്ടുണ്ട്.

  (സംസ്കൃതപദത്തിനേക്കാൾ ഇംഗ്ലീഷ് പദങ്ങൾ മനസ്സിലാക്കുവാൻ ധാരാളം റഫറൻസ് പുസ്തകങ്ങൾ ലഭ്യമായതുകൊണ്ടാണ്, ഇംഗ്ലീഷിൽ ജ്യോതിശാസ്ത്രപദങ്ങൾ എല്ലാംതന്നെ നൽകിയത്.)
- ജ്യോതിർഗണിതത്തിന്റെ പരമപദവിയിലെത്താൻ സാധിച്ച ഒരു രാഷ്ട്രമായിരുന്നു ഭാരതം. ഗണിതശാസ്ത്രത്തിൽ പ്രഗത്ഭരായവരുടെ ഗ്രന്ഥങ്ങളിൽ തന്നെ ജ്യോതിശാസ്ത്രത്തിന്റെയും ഗഹനമായ വിവരണങ്ങളുമുണ്ട്.

### സിവിൽ എഞ്ചിനീയറിങ്ങിന്റെ വികസനം

- സിവിൽ എഞ്ചിനീയറിങ്ങ് സാങ്കേതിക വിദ്യ വിവരിക്കുമ്പോൾ സമഗ്രമായ ഒരു അന്വേഷണമനസ് നമുക്കുണ്ടാകണം. നിർമ്മാണ വിദ്യ, ഗണിതം, നിർമ്മാണ വസ്തുക്കൾ, നിർമ്മാണ ചാതുരി, അവ നിലനിന്നിരുന്ന കാല ദൈർഘ്യം നിർമ്മിച്ച കാലഘട്ടം തുടങ്ങിയവയെല്ലാം തന്നെ..... ചിന്താമണ്ഡലത്തിലുരുത്തിരിയണം.
- 5000 ബി.സി.ക്കപ്പുറം- ലോസ്റ്റ് സിറ്റി ഓഫ് കാംബേയിലെ കടലിൽ താഴ്ന്നു പോയ ഒരു നഗരത്തിലെ നിർമ്മാണങ്ങൾ - അതിനുപയോഗിച്ച വസ്തുക്കൾ, ഡിസൈൻ, ടൗൺ പ്ലാനിങ്ങ്



Scanned with CamScanner

- 5000 - 3100 ബി.സി. കടലിൽ താഴ്ന്നുപോയ ദ്വാരകാനഗരം. ഹസ്തിനപുരത്തിലേയും അയോദ്ധ്യയിലേയും വിവരണങ്ങൾ നൽകുന്ന നിർമ്മാണ ചാതുരി, കാലിബംഗാനിലെ കോട്ട.
- 3100 - 2500 ബി.സി. ഭാരതത്തിലെ വിവിധ നഗരങ്ങളുടെ നിർമ്മാണ വിവരണങ്ങൾ ലഭ്യമാണ്. ലോഥലിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മനുഷ്യനിർമ്മിതമായ ഹാർബർ, കോട്ട എന്നിവ. അമ്രിയിലെ കോട്ടകൾ, കറാച്ചിക്കടുത്തുള്ള ബാലക്കോട്ടിലെ വെള്ളപൊക്കം തടയാനുള്ള കോട്ടകൾ.
- 2500 - 2000 ബി.സി. മോഹൻജോദാരോവിലെ 16 മീറ്റർ ഉയരമുള്ള ഇഷ്ടിക കൊണ്ടു നിർമ്മിച്ച കോട്ട ഹാരപ്പയിലെ 13 മീറ്റർ വീതിയുള്ള കോട്ട. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലൂടെ (പ്രത്യേകിച്ചും ഉത്തര ഭാരതത്തിൽ) ഒരു പര്യടനം നടത്തിയാൽ കാണാൻ സാധിക്കുന്ന അതി പ്രാചീന നിർമ്മാണങ്ങൾ ഇക്കാലഘട്ടത്തിന്റേതുമാകാം. ഇതിഹാസഗ്രന്ഥങ്ങളിൽ കാണുന്ന നഗരത്തിന്റേയും, കൊട്ടാരങ്ങളുടേയും നിർമ്മാണം.
- 2000 - 1000 ബി.സി. യമുനാനദീതീരത്തുള്ള കൗസംബി കോട്ടകൾ, ഹാരപ്പ, മോഹൻജോദാരോ, നൾ, ചിഞ്ചുദാരോ, ഭഗവാൻ പുര, മെഹർഘർ, തക്ഷശില, ഇവിടങ്ങളിൽ പലഘട്ടങ്ങളിലായി നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ, പുരാണ വിവരണങ്ങളിൽ കാണുന്ന നഗരങ്ങളുടെയും രാജകൊട്ടാരങ്ങളുടെയും നിർമ്മാണം.
- 1000 - 600 ബി.സി. ബിംബിസാരൻ നിർമ്മിച്ച നഗരമായ നവ നഗ്രി യിലെ കൊട്ടാരങ്ങളും കോട്ടകളും തക്ഷശിലയിലെ വിശ്വവിദ്യാലയം. സുൽബസൂത്രങ്ങളിൽ വിവരിക്കുന്ന ജ്യോമട്രിക് രൂപങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിരിക്കാൻ സാധ്യതയുള്ളവ. ശ്രീബുദ്ധന്റേയും ജൈനന്റേയും രാജകൊട്ടാരങ്ങളുടെ പ്രത്യക്ഷ വിവരണങ്ങൾ. ക്ഷേത്രസങ്കേതങ്ങൾ, നഗരങ്ങളുടെ ഭരണ കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം.
- 400 ബി.സി. ഗംഗാതീരത്തിൽ നിർമ്മിച്ച മഗധക്കടുത്തുള്ള അജാതശത്രുവിന്റെ കോട്ടകൾ, ഗോപുരങ്ങൾ, ഇതിനോട് പിന്നീട് ചേർത്ത (200 ബി.സി.) 15 കിലോമീറ്റർ വീതിയും 106 കിലോമീറ്റർ നീളവുമുള്ള കോട്ട, മൗര്യ സാമ്രാജ്യത്തിലും, മഗധപോലുള്ള വൻ നഗരങ്ങളിലും കാലാകാലങ്ങളിൽ നിർമ്മിക്കപ്പെട്ട കൊട്ടാരങ്ങളും സിവിൽ എഞ്ചിനീയർ വിജ്ഞാനശാഖയുടെ വളർച്ചയുടെ നാഴികകല്ലുകളാണ്.



Scanned with CamScanner

- 327 ബി.സി. ഗാന്ധാരത്തിൽ നിർമ്മിച്ചിട്ടുള്ള 21 മീറ്റർ ഉയരമുള്ള കോട്ട. അലക്സാണ്ടർക്ക് ഈ കോട്ട പൊളിക്കുവാൻ 30 ദിവസം വേണ്ടി വന്നുവത്രെ. മൗര്യസാമ്രാജ്യത്തിലെ നിർമ്മാണങ്ങളും. തക്ഷശിലായൂണിവേഴ്സിറ്റിയിലെ വികസിപ്പിച്ച കെട്ടിടങ്ങളും സിവിൽ എഞ്ചിനീയറിങ്ങിന്റെ പ്രകാശം പരത്തുന്നു.
- 250 ബി.സി. മൗര്യസാമ്രാജ്യത്തിലെ സ്തംഭങ്ങൾ, കോട്ടകൾ, കൊട്ടാരങ്ങൾ, അശോകൻ നിർമ്മിച്ച ഗുഹാക്ഷേത്രങ്ങൾ, 84,000 സ്തംഭങ്ങൾ, സ്തൂപങ്ങൾ, 121 അടി ചുറ്റളവും, 77.5 അടി ഉയരവുമുള്ള സാഞ്ചിസ്തൂപം പേഷ്വാറിൽ കനിഷ്കൻ പണിത 13 നില കെട്ടിടത്തിന്, 400 അടി ഉയരമാണുണ്ടായിരുന്നതത്രെ. കനിഷ്കപുര - പുരുഷപുര എന്നീ രണ്ടു നഗരങ്ങളിലെ നിർമ്മാണങ്ങൾ
- 100 ബി.സി. - 00 സാഞ്ചിയിലെ നാലുസ്തൂപങ്ങൾ, കർളിയിലെ (പൂന) പ്രസിദ്ധ ബുദ്ധ ഗുഹാക്ഷേത്രം, അതിലെ മണ്ഡപം, ക്ഷേത്രത്തിലെ 44 സ്തംഭങ്ങൾ, അജന്താഗുഹാക്ഷേത്രനിർമ്മാണം.
- 00 - 200 എ.ഡി. ഘോരക്പൂരിലെ കഹൗംസ്തൂപം, ഏറ്റം സ്തൂപം, ഭിതറിലെ വിഷ്ണുസ്തൂപം, ബിൽസദ് സ്തൂപം, അജന്താഗുഹാക്ഷേത്ര നിർമ്മാണപുരോഗതി, 10,000 വിദ്യാർത്ഥികളും 1570 അദ്ധ്യാപകരുമുണ്ടായിരുന്ന നളന്ദ യൂണിവേഴ്സിറ്റിയിലെ വിദ്യാലയം. (ഹ്യുയാൻ സാങ്ങിന്റെ വിവരണം)
- 200 - 500 എ.ഡി. ഭൂമറയിലെ (മധ്യപ്രദേശം) അഞ്ച് ശിവക്ഷേത്രങ്ങൾ, ഝാൻസിയിലെ ദശാവതാര ക്ഷേത്രം, കാൺപൂരിലെ ഭിതർഗാവ് ക്ഷേത്രം, ജസൽപൂരിലെ വിഷ്ണുക്ഷേത്രം, ബീജാപൂരിലെ ലർഖൻ ക്ഷേത്രം, ഉദയഗിരി ഗുഹാക്ഷേത്രം, ജോദ്പൂരിലെ 16 ഹിന്ദുജൈന ക്ഷേത്രങ്ങൾ, 29 ചൈത്യങ്ങളും വിഹാരങ്ങളും, അജന്തഗുഹാക്ഷേത്രങ്ങൾ ഇന്നത്തെ രൂപത്തിൽ പൂർത്തിയായത്.
- 500 - 700 എ.ഡി. മഹാബലീപുരത്തെ അഞ്ചുരഥങ്ങളും ക്ഷേത്രങ്ങളും - 34ൽ പരം വരുന്ന എല്ലോറ ഗുഹാക്ഷേത്രങ്ങൾ, അതിലെ ഗോപുരം, ധൂമർ ലോണയിലെ റോംബസ് ആകൃതിയിലുള്ള ക്ഷേത്രം.
- 600 - 1000 എ.ഡി. രാജസ്ഥാനിലെ പ്രസിദ്ധങ്ങളായ കൊട്ടാരങ്ങൾ, എലിഫന്റ ഗുഹാക്ഷേത്രം, ചാലൂക്യരാജാക്കന്മാരുടെ നിർമ്മാണം, ഐഹോളെയിലെ 70 ക്ഷേത്രങ്ങൾ, ചന്ദേലവംശജരുടെ ഖജൂരാഹോ ക്ഷേത്രം (മധ്യപ്രദേശ്) 20 ക്ഷേത്രങ്ങൾ, 116 അടി ഉയരമുള്ള മഹാദേവക്ഷേത്രം, ചിത്രഗുപ്ത-പാർശ്വനാഥ- കണ്ടരീയ - മഹാദേവ - നന്ദി - ലക്ഷ്മിദേവി - വരാഹ - ലക്ഷ്മണ - മാതം



Scanned with CamScanner

ഗേശ്വര - ആദിനാഥ - ശാന്തിനാഥ- ബ്രഹ്മ - ജവരി - വാമന - ദുലാദേവ - ജൂതകരി ക്ഷേത്രങ്ങൾ, ചോളചക്രവർത്തി രാജേന്ദ്ര ചോളൻ I നിർമ്മിച്ച ഗംഗൈകൊണ്ട ചോളപുര ക്ഷേത്രം - മണ്ഡപം- അതിലെ വിമാനം - 150 സ്തൂപങ്ങൾ, തഞ്ചാവൂരിലെ ശിവ ക്ഷേത്രം (ഭാരതത്തിൽ നിർമ്മിച്ചിട്ടുള്ളതിൽ വെച്ചേറ്റവും ഉയരം കൂടിയ (60 മീറ്റർ) ക്ഷേത്രം.

- രാഷ്ട്രകൂട രാജാക്കന്മാരുടെ 5 മഹാക്ഷേത്രങ്ങൾ (753-975) ഇവയെല്ലാം വൻമലകളിലെ പാറകൾ ചെത്തിയുണ്ടാക്കിയതാണ്. എലിഫെന്റായിലെ ത്രിമൂർത്തിക്ഷേത്രം (750 എ.ഡി.), ഭുവനേശ്വരിലെ ലിംഗരാജ ക്ഷേത്രം (1000 എ.ഡി.)
- 600 - 625 എ.ഡി. പല്ലവരാജാവായ മഹേന്ദ്രവർമ്മൻ നിർമ്മിച്ച മണ്ഡപങ്ങൾ ലക്ഷ്മിതായതന - പട്ടു-അവന്തി-ഭജന ഗൃഹ-പഞ്ചപാണ്ഡവ-രുദ്രതാലീശ്വര-കമണ്ഡക-കുറഗനിൽ മുട്ടമ്മ- വസന്തേശ്വര - മഹേന്ദ്രവിഷ്ണുഗൃഹ- മഹേന്ദ്രവല്ലി- തുടങ്ങിയ അനേകം മണ്ഡപങ്ങൾ,
- ശ്രീരംഗത്തെ അമ്പതു ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന പാണ്ഡ്യന്മാരുടെ വിഷ്ണുക്ഷേത്രം.
- 600 - 900 എ.ഡി. രാജസ്ഥാനിലെ ചിത്തോർ രജപുത്രരാജാക്കന്മാർ പണിത ഗ്വാളിയോർ-മണ്ഡൂർചന്ദ്ര - അസിർഗർ കോട്ടകൾ, ചിത്തോർ കോട്ട. കാഞ്ചീപുരത്തിലെ 108 ശിവക്ഷേത്രങ്ങളും, 18 വിഷ്ണുക്ഷേത്രങ്ങളും.
- 600 - 1000 എ.ഡി. ആയിരം കാൽമണ്ഡപം, ഗോപുരങ്ങൾ, കൈലാസനാഥ ക്ഷേത്രത്തിലെ കരിങ്കൽ കൊത്തുപണികൾ, പല വലിയ കുളങ്ങളുടെയും നിർമ്മാണം (ഇവ തീർത്ഥങ്ങളായി അറിയപ്പെടുന്നു.)
- 1000 - 1300 എ.ഡി. ഒറീസ്സയിലെ കോണാർക്ക് ക്ഷേത്രം, കാഞ്ചിയിലെ വരദരാജ പെരുമാൾക്ഷേത്രം, അതിലെ ഗോപുരം, കാഞ്ചീപുരനഗരവികസനം. ഹോയ്സാല-വിജയനഗര സാമ്രാജ്യവികസനങ്ങൾ ചേർന്ന ക്ഷേത്ര-ഗോപുര- കൊട്ടാര-കോട്ട നിർമ്മാണങ്ങൾ.
- രാജസ്ഥാനിലെ കനകപുര ക്ഷേത്രത്തിലെ മാർബിൾ നിർമ്മാണം, തടാകങ്ങളിലെ ഉജ്ജ്വലകൊട്ടാരനിർമ്മാണരീതികൾ, ചിത്രാംഗദൻ നിർമ്മിച്ച ചിത്തോർ കോട്ട, തിരുവണ്ണാമലക്ഷേത്രവും ഗോപുരവും, രാമേശ്വരം ക്ഷേത്രവും മുഖമണ്ഡപവും തഞ്ചാവൂരിലെ ബൃഹദീശ്വരക്ഷേത്രം, നടരാജക്ഷേത്രം - എണ്ണിയാൽ ഒടുങ്ങാത്ത



Scanned with CamScanner

അത്രയും ചെറുതും വലുതുമായ ക്ഷേത്രങ്ങൾ, ആന്ധ്ര - കർണ്ണാടക - തമിഴ്നാട്- ദക്ഷിണ കേരളം എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുള്ളത് പ്രത്യേകം പഠനാർഹമാക്കാവുന്നതാണ്.

- 1300 - 1600 എ.ഡി. ചോള – പാണ്ഡ്യവംശത്തിലെ അനവധി ക്ഷേത്രങ്ങൾ, ഇവ തഞ്ചാവൂർ– മധുര– കുംഭകോണം– കാഞ്ചീപുരം എന്നിവിടങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. കൂടാതെ രാമേശ്വരം, ചിദംബരം– തിരുച്ചിറപ്പള്ളി– ശ്രീവില്ലിപുത്തൂർ-ശ്രീരംഗം, ശുചീന്ദ്രം, തിരുവനന്തപുരത്തെ പത്മനാഭസ്വാമി ക്ഷേത്രങ്ങൾ വിപുലീകരിക്കപ്പെട്ടതും ഇക്കാലഘട്ടത്തിലാണ്.
- 1500 - 1900 എ.ഡി. രാജസ്ഥാനിലെ പിച്ചോളനദിയിൽ നിർമ്മിച്ചിരിക്കുന്ന ഉദയ്പൂർ പാലസ്, ജയ്പൂരിലെ പിങ്ക് പാലസ്, ഏഴുനിലകളുള്ള ചന്ദ്രമഹൽ പാലസ് അത്യത്ഭുതകരമാണ്. താർ മരുഭൂമിയിലെ ജയ്സാൽമർ പാലസ്, (എല്ലാവിധ താപനിയന്ത്രണ ക്രമീകരണങ്ങളോടും കൂടി മരുഭൂമിയിൽ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ചു നിർമ്മിച്ചതാണീ പാലസ്. മനുഷ്യവാസമുള്ള പ്രദേശത്തുനിന്നും 250 കിലോമീറ്റർ അകലെയാണ് ഈ പാലസ്.) ഉദയ്സിങ്ങ് നിർമ്മിച്ച 347 മുറികളുള്ള ജോദ്പൂർ പാലസ്, ജയ്പൂരിലെ ഹവാമഹൽ (1799 എ.ഡി.) ഒരു മാർബിൾ കൊട്ടാരമാണ്. ഭാരതീയ സിവിൽ എഞ്ചിനീയറിങ്ങിന്റെ വളർച്ചയെക്കുറിച്ച് ഇതിൽ കൂടുതൽ സംക്ഷിപ്ത വിവരണം അസാദ്ധ്യമാണെന്നറിയാമല്ലോ?

## ഭാരതീയ പെയിന്റിങ്ങ്

- 50 BC - 350 എ.ഡി. അജന്തയിലെ ഓരോ ഗുഹയിലേയും പെയിന്റിങ്ങ് 1, 2, 9, 10, 16, 17 ഗുഹകളിലെ ഫ്റെസ്കോപെയിന്റിങ്ങ്, ലോകോത്തരമാണ്. 14-ാം നൂറ്റാണ്ടിലെ ഇറ്റാലിയൻ പെയിന്റിങ്ങിനേക്കാൾ മഹത്തരം മിർസാപൂരിലെ പഞ്ചമഹി, രാംഗർലെ ജോഗിമാരാഗുഹാക്ഷേത്രം, എന്നിവടങ്ങളിലെ പെയിന്റിംഗ്
- 350 - 500 എ.ഡി. ഉത്തര ഭാരതത്തിലെ പല ക്ഷേത്രങ്ങളിലേയും പെയിന്റിങ്ങ്.
- 500 - 1500 എ.ഡി. ദക്ഷിണഭാരത ക്ഷേത്രങ്ങളിലേയും കൊട്ടാരങ്ങളിലേയും പെയിന്റിങ്ങ്.
- 1500 എ.ഡി. ക്കുശേഷം രാജസ്ഥാൻ, ഗ്വാളിയോർ, ദക്ഷിണഭാരത രാജവിഹാരങ്ങൾ, ക്ഷേത്രങ്ങൾ എന്നിവയിലെ പെയിന്റിങ്ങുകൾ വികസിച്ചു.



Scanned with CamScanner

## ഭാരതീയ ഗ്ലാസ് – കളിമൺ സാങ്കേതിക വിദ്യ

- 5000BC-2500 ബി.സി. ലോഥലിൽ ഹാർബർ/റോഡ്/കെട്ടിടം നിർമ്മിക്കാനുപയോഗിച്ച ഇഷ്ടിക, സിറാമിക്സ് ബീഡ്സ്, യാഗശാലയ്ക്കും യാഗകുണ്ഡത്തിനുമുള്ള ഇഷ്ടിക, മോഹൻജോദാരോ ഹാരപ്പയിലെ ഇഷ്ടിക, ടൈൽസ്, കളിമൺ പാത്രങ്ങൾ, കൗസമ്പിയിൽ സിമന്റുപോലുള്ള വസ്തു കെട്ടിടനിർമ്മാണത്തിനുപയോഗിച്ചിരുന്നത്, മോഹൻജോദാരോവിൽ ജിപ്സം സിമന്റ് ഉപയോഗിച്ചിരുന്നത്.
- 1500 ബി.സി. അത്രംജിഖേരയിൽ ഗ്ലാസ് നിർമ്മിച്ചിരുന്നു. തുടർന്നുള്ള കാലഘട്ടങ്ങളിൽ (1000 ബി.സി.) ഉണ്ടാക്കിയ ഗ്ലാസ്സുകളുടെ 17 കഷ്ണങ്ങൾ ലഭ്യമായിട്ടുണ്ട്. കളിമൺ പാത്രങ്ങൾ വിവിധനിറത്തിലുള്ളവ നിർമ്മിച്ചിരുന്നു.
- 1000 ബി.സി. ലോഹ-ലോഹസങ്കരങ്ങൾ ലഭ്യമായിട്ടുള്ള സ്ഥലങ്ങളിലെല്ലാം അനേകായിരം കളിമൺപാത്രങ്ങളുടെ അവശിഷ്ടങ്ങൾ ലഭ്യമായിട്ടുണ്ട്. ഹസ്തിനപുരത്തു നിർമ്മിച്ച ഗ്ലാസ്, വള, എന്നിവ പ്രത്യേകതയുള്ള അലൂമിനിയം-സിലിക്ക ഗ്ലാസ് ആയിരുന്നു. തുടർന്നുള്ള കാലഘട്ടത്തിൽ നിർമ്മിച്ച ഗ്ലാസുകളുടെ ആയിരക്കണക്കിന് അവശിഷ്ടങ്ങൾ ലഭിച്ചിട്ടുള്ളത് പല ആകൃതി, നിറം, രൂപം ഉള്ളതാണ്. ഫർണസുകളിൽ കളിമൺ ആവരണം ഇക്കാലഘട്ടത്തിൽ നടന്നിരുന്നു.
- 600 ബി.സി. തക്ഷശിലയിൽ ഗ്ലാസ്സ് നിർമ്മിച്ചിരുന്നു. രാജ്ഘട്ട് എന്ന സ്ഥലത്ത് ഉയർന്ന സിലിക്കൺ അടങ്ങിയ ഗ്ലാസ് നിർമ്മാണമുണ്ടായിരുന്നു. തക്ഷശിലയിൽ നിന്ന് 15 നിറങ്ങളിലുള്ള വിവിധതരം ഗ്ലാസ്സുകൾ ലഭിച്ചിട്ടുണ്ട്.
- 300 ബി.സി. - 00 കൗസമ്പിയിലും, ഹസ്തിനപുരത്തിലും നിർമ്മിച്ച സ്വർണ്ണതകിടുചേർന്ന ഗ്ലാസ് നൂതനവിദ്യയുടെ പ്രകടനമാണ്. ലെൻസ്, പ്രിസം, പ്ലേറ്റ് ഇവ ഭരദ്വാജന്റെ യന്ത്രസർവസ്വത്തിൽ വിവരിക്കുന്നുണ്ട്. കണ്ണാടിയെക്കുറിച്ചുള്ള വിവരണവും ഇതിൽ ലഭിക്കുന്നു. അനേകം തരത്തിലുള്ള ക്രൂസിബിൾ നിർമ്മാണം നടന്നിരുന്നു. നളന്ദ യൂണിവേഴ്സിറ്റി നിർമ്മാണത്തിന് സിമന്റു പോലുള്ള പ്ലാസ്റ്ററിന്റെ ഉപയോഗമുണ്ടായിരുന്നു.
- 100 -1000 എ.ഡി. പലവിധ കളിമൺ സാധനങ്ങൾ, ക്രൂസിബിൾ, റിഫ്രാക്ടറി വസ്തുക്കൾ നിറമുള്ള കളിമൺ സാധനങ്ങൾ, ആന്റിമണി – ക്രോമിയം – കോബാൾട്ട്, വനേഡിയം എന്നിവയുടെ സംയു



Scanned with CamScanner

ക്തങ്ങളുപയോഗിച്ച് വിവിധനിറം ലഭ്യമാക്കിയുള്ള കളിമൺ ഉപകരണ ങ്ങളും ഗ്ലാസ്സുകളും, നിർമ്മിച്ചിരുന്നു.

- ഗ്ലാസ് - സിറാമിക്സ് സാങ്കേതിക വിദ്യകൾ, ഭാരതത്തിൽ അസാധാരണ വൈഭവത്തോടെ നിലനിന്നിരുന്നു എന്നതിനുള്ള തെളിവുകളാണ് ഈ വിവരണങ്ങൾ.

## ഭാരതീയ ലോഹസംസ്കരണ സാങ്കേതിക പൈതൃകം

### ചെമ്പു സംസ്കരണ വിജ്ഞാനം

- പ്രസിദ്ധമായ ചെമ്പ് സംസ്കരണ ഖനികൾ പ്രയോഗത്തിലിരുന്നതും അവയുടെ കാലഘട്ടവും.
- 2800 ബി.സി. ഗണേശ്വർ - റജർ ചെമ്പു ഖനികൾ
- 1300 ബി.സി. ബംഗാളിലെ പാണ്ഡു - രജർ - ദിബി ഖനികൾ
- 1300 ബി.സി. രാജസ്ഥാനിലെ രാജപുര, ദാരിബ, ഉദയ്പൂർ സിങ്ക് ഖനികൾ
- 1300 ബി.സി. കർണാടകയിലെ കോമരനഹള്ളി, തടനഹളി ഖനികൾ
- 1230 ബി.സി. സൗത് ലോഡെ ഖനികൾ
- 1200 ബി.സി. ഉത്തര ഭാരതത്തിലെ അത്രഞ്ചി ഖേര ഖനികൾ
- 1100 ബി.സി. സിംഗ്ഭം ഖനികൾ
- 1000 ബി.സി. രാജസ്ഥാനിലെ അലംഗീർ, ഉത്തർപ്രദേശിലെ വാരണാസി ഖനികൾ.
- 760 ബി.സി. കർണ്ണാടകയിലെ ഹട്ടി ഖനി.

### ചെമ്പ് ലഭ്യമായിട്ടുള്ള സ്ഥലവും, അതിന്റെ പരിശുദ്ധിയും.

- 7800 ബി.സി. ഉത്തരഭാരതത്തിലെ മേഹർഘർ (80%).
- 4700 ബി.സി. മേഹർഘർ (85%)
- 2500 ബി.സി. ഗുജറാത്തിലെ ലോഥൽ 99.81%
- 700 ബി.സി. തക്ഷശില 99.68%
- 500 ബി.സി. ഗുജറാത്ത് 99.0%

### വെളുത്തീയം അഥവാ ടിൻ

- 3000 ബി.സി. യജുർവേദത്തിൽ വെളുത്തീയത്തെക്കുറിച്ചു വിവരിക്കുന്നു.
- 2000 ബി.സി. സിന്ധു നദീതടത്തിൽ നിന്ന് ലഭിച്ച ഓടിൽ 13.2% ടിൻ ഉണ്ടായിരുന്നു.



Scanned with CamScanner

- 600 ബി.സി. തക്ഷശിലയിൽ നിന്ന് ലഭിച്ച ഓടിൽ 20% ടിൻ ഉണ്ടായിരുന്നു. രസാർണവം, രസരത്നസമുച്ചയം എന്നീ ഗ്രന്ഥങ്ങളിൽ ടിൻ വിവരണമുണ്ട്.
- 900 എ.ഡി. യിൽ രചിച്ച രസരത്ന സമുച്ചയത്തിൽ ആൽഫ ടിൻ, ബീറ്റാ ടിൻ ഇവ വ്യക്തമായി ഗുണദോഷസഹിതം വിവരിക്കുന്നുണ്ട്.
- 1300 എ.ഡി. യിൽ രചിച്ച രസോപനിഷത്തിൽ ഒരദ്ധ്യായം പൂർണ്ണമായും ടിന്നിനെക്കുറിച്ചുള്ള വിവരണമാണ് ഈ അദ്ധ്യായം. വംഗ സംശോധനാദ്ധ്യായം എന്നറിയപ്പെടുന്നു.
- 300 ബി.സി. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ (300 ബി.സി.) ടിൻ വ്യക്തമായി വിവരിക്കുന്നു.

**സിങ്ക് അഥവാ നാകം**

- 1000 ബി.സി. രാജസ്ഥാനിലെ സാവർമാലാ സിങ്ക് ഖനികൾ പ്രവർത്തനക്ഷമമായിരുന്നു. വൃന്താകമൂഷ എന്നറിയപ്പെടുന്ന വഴുതിനയുടെ ആകൃതിയിലുള്ള റിട്ടോർട് ഉപയോഗിച്ചായിരുന്നു സിങ്ക് ഡിസ്റ്റിൽ ചെയ്തെടുത്തിരുന്നത്. ഇക്കാലത്ത് ഉപയോഗിച്ചിരുന്ന അനവധി റിട്ടോർട്ടുകൾ കണ്ടുകിട്ടിയിട്ടുണ്ട്. 65 x 65 x 20 സെ.മീ. ഉള്ള റിട്ടോർട്ടുകളാണ് സിങ്ക് നിർമ്മാണത്തിനുപയോഗിച്ചിരുന്നത്.
- 500 ബി.സി. ഇന്ത്യയിൽ നിന്ന് സിങ്ക് നിർമ്മാണവിദ്യ ആദ്യമായി യൂറോപ്പിലേക്കു പോയി.
- 300 ബി.സി. തക്ഷശിലയിൽ ഉണ്ടാക്കിയ 99% ശുദ്ധമായ സിങ്ക് തകിട് ഗ്രീസിൽ നിന്നു ലഭിച്ചു.
- 1300 എ.ഡി. കാലയളവിൽ ഒരു ലക്ഷം ടൺ സിങ്ക് സാവർമാല ഖനികൾക്കു സമീപം സംസ്കരിച്ചെടുത്തിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.
- 1730 എ.ഡി. യിൽ വില്യം ചാമ്പ്യൻ എന്ന ഇംഗ്ലീഷുകാരൻ രാജസ്ഥാനിൽ വന്ന് സിങ്ക് നിർമ്മാണവിദ്യ ഇംഗ്ലണ്ടിലേക്ക് കൊണ്ടുപോകുന്നതുവരെ പാശ്ചാത്യർക്ക് സിങ്ക് നിർമ്മാണം അജ്ഞാതമായിരുന്നു.

**കറുത്തീയം അഥവാ ലെഡ്**

- 2200 ബി.സി. ലോഥയിൽ നിന്നു ലഭിച്ച ഈയത്തിന്റെ പരിശുദ്ധി 99.54% ആയിരുന്നു.
- 1000 ബി.സി. മോഹൻജോദാരൊയിലെ ലെഡ് 99.7% ശുദ്ധമായിരുന്നു.
- 700 ബി.സി. തക്ഷശിലയിൽ നിന്നു ലഭിച്ച ലെഡ് സോൾഡറിൽ 98% ലെഡ് ഉണ്ടായിരുന്നു.



Scanned with CamScanner

- അത്യാധുനിക സംസ്കരണ പ്രക്രിയകൊണ്ടു ലഭിക്കുന്നതിനേക്കാൾ ശുദ്ധമായിരുന്നു മേൽ വിവരിച്ച കറുത്തീയം.

**വെള്ളി - സിൽവർ**

- 3000 ബി.സി. യജുർവേദത്തിൽ വെള്ളിയെക്കുറിച്ചുള്ള വിവരണമുണ്ട്.
- 1200 ബി.സി. മോഹൻജോദാരോവിൽ നിന്നു ലഭിച്ച വെള്ളി ആഭരണം 94.5% ശുദ്ധമായിരുന്നു. മറ്റൊന്ന് 95.5% വും ഗുംഗേറിയായിലെ വെള്ളി 96.3% ശുദ്ധമായിരുന്നു.
- 1100 ബി.സി. ഭഗൽപൂർ ജില്ലയിൽ നിന്നു ലഭിച്ച 102 വെള്ളി ആഭരണങ്ങൾ വളരെ ഉയർന്ന പരിശുദ്ധി നിലനിർത്തിയിരുന്നു.
- 500 ബി.സി. തക്ഷശിലയിലെ വെള്ളി ആഭരണങ്ങൾ 84% ശുദ്ധമായിരുന്നു 13% ചെമ്പുമുണ്ടായിരുന്നു.
- 300 ബി.സി. അർത്ഥശാസ്ത്രത്തിൽ വെള്ളിയുടെ അയിരുകൾ വിവരിക്കുന്നു. കൂടാതെ പലവിധ വെള്ളി ലോഹസങ്കരവിവരണങ്ങളുമുണ്ട്.

**രസം - മെർക്കുറി**

- അതിപ്രാചീനമായ ഭാരതീയ സാങ്കേതിക വിദ്യയാണ് രസം ഡിസ്റ്റിൽ ചെയ്തെടുക്കുക എന്നത്. രസശാസ്ത്ര പുസ്തകങ്ങളിൽ ഇത് വ്യക്തമായി വിവരിക്കുന്നുണ്ട്.

**ലോഹസങ്കര നിർമ്മാണ സാങ്കേതികവിദ്യ**

- 2200 ബി.സി. 70.7% ചെമ്പും 6.04% സിങ്കുമുള്ള പിത്തള ലോഥലിൽ നിന്ന് ലഭിച്ചിരുന്നു.
- 1500 ബി.സി. അനവധി പിത്തള സങ്കരങ്ങൾ ഹാരപ്പ, മോഹൻജോദാരോ, ലോഥൽ ഗുജറാത്തിന്റെ മറ്റു പലഭാഗങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ട്.
- 700 ബി.സി. അത്രംജീഖേരയിൽ ധാരാളമായി പിത്തള ഉൽപാദിപ്പിച്ചിരുന്നു.
- 500 ബി.സി. 34.3% സിങ്ക് അടങ്ങുന്ന ബീറ്റ പിത്തള തക്ഷശിലയിൽ നിർമ്മിച്ചിരുന്നു.
- 500 ബി.സി. തക്ഷശിലയിൽ നിന്നു ലഭിച്ച ലോഹസങ്കരം 79% ചെമ്പ് + 20% നിക്കൽ ഉണ്ടായിരുന്നു. ഓടിൽ 76.8% ചെമ്പ് + 21.6% ടിൻ.
- 300 ബി.സി. മോഹൻജോദാരോവിൽ നിന്നു അനവധി ചെമ്പ്-നിക്കൽ ലോഹസങ്കരങ്ങൾ ലഭിച്ചതിൽ 9% -21.4% വരെ നിക്കലും ബാക്കി ചെമ്പുമായിരുന്നു.



Scanned with CamScanner

- 300 ബി.സി. മോഹൻജോദാരോവിൽ നിന്നു ലഭിച്ച ലോഹസങ്കരത്തിൽ 2.6% ആന്റിമണിയുമുണ്ടായിരുന്നു.
- 100 ബി.സി. പഞ്ചലോഹനിർമ്മാണം പ്രസിദ്ധമാണ്.

**പ്രത്യേക ലോഹസങ്കരങ്ങൾ**

- 300 ബി.സി. ഭരദ്വാജമഹർഷിയെഴുതിയ യന്ത്രസർവസ്വത്തിൽ വ്യത്യസ്തവും സങ്കീർണ്ണങ്ങളുമായ ലോഹസങ്കരവിവരണമുണ്ട്.
- വിവിധതരം നാണയങ്ങളുണ്ടാക്കാൻ അർത്ഥശാസ്ത്രത്തിൽ വ്യത്യസ്ത ലോഹസങ്കരങ്ങളുടെ ഗുണങ്ങൾ വിവരിക്കുന്നുണ്ട്.
- 900 എ.ഡി. വിവിധ രസഗ്രന്ഥങ്ങളിലും അനേകം ലോഹസങ്കര വിവരണമുണ്ട്.
- 1300 എ.ഡി. രസോപനിഷത്തിൽ ഒരു ഡസനോളം ടിൻ ലോഹസങ്കരവിവരണമുണ്ട്.

## ഇരുമ്പു സംസ്കരണ സാങ്കേതികവിദ്യ

- ഒരു രാഷ്ട്രത്തിന്റെ വികസനം അളക്കുന്നതിന്റെ ഒരു മാനദണ്ഡം ഇരുമ്പുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യയുടെ നിലവാരമത്രെ!
- 5000 ബി.സി. ക്കപ്പുറം അയം എന്ന പേരിൽ വേദത്തിൽ ഇരുമ്പ് പ്രതിപാദിക്കുന്നു.
- 3500 ബി.സി. കാർഷ്ണായസം/ കൃഷ്ണായസം എന്ന പേരിലും മറ്റു ഗ്രന്ഥങ്ങളിൽ ഇരുമ്പ് വിവരിക്കുന്നുണ്ട്.
- 1300 ബി.സി. ഭാരതത്തിൽ വൻ തോതിൽ ഇരുമ്പ് ഉല്പാദിപ്പിക്കുവാൻ തുടങ്ങി. ഫോർജിങ്ങ് - ലാമിനേഷൻ സാങ്കേതിക വിദ്യ നിലവിൽ വന്നു.
- 1200 ബി.സി. അത്രം ജിഖേരയിൽ വൻ തോതിൽ ഇരുമ്പ് ഉപകരണങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. കാർബുറൈസേഷൻ എന്ന സാങ്കേതിക വിദ്യയിലൂടെ ഇരുമ്പിൽ കാർബൺ അലിയിപ്പിച്ച് മൂർച്ച കൂട്ടുവാനും തുരുമ്പിക്കുന്നത് തടയുവാനുമുള്ള സംവിധാനമുണ്ടായി. കോമരനഹള്ളിയിൽ ഉണ്ടാക്കിയ (കർണാടക) കാർബുറൈസ്ഡ് ഇരുമ്പുൽപന്നങ്ങൾ ലഭിച്ചു.
- 1150 ബി.സി. കാർബുറൈസ്ഡ് - നോൺ കാർബുറൈസ്ഡ് ഇരുമ്പുഷീറ്റുകൾ ഫോർജ്ജ് ചെയ്ത വസ്തുക്കൾ രാജ്ഘട്ട് - അത്രഞ്ജിഖേര എന്നിവിടങ്ങളിൽ നിന്നുണ്ടാക്കിയത് ലഭിച്ചു. ഈ പ്രദേശ



Scanned with CamScanner

ത്തുനിന്നും 25 തരത്തിൽപ്പെട്ട നൂറു കണക്കിനു ഇരുമ്പു ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട്.

- കർണാടകയിലെ താഡനഹള്ളി- കോമരനഹള്ളി -മംഗൽ കോട് എന്നിവിടങ്ങളിൽ വൻതോതിൽ കാർബ്യൂറൈസ് ചെയ്ത മൂർച്ച കൂട്ടിയ ഉപകരണനിർമ്മാണം ആരംഭിച്ചതിന്റെ തെളിവും, ബംഗാളിലെ പാണ്ഡു-രജർ-ദിബിയിൽ വൻതോതിൽ ഇരുമ്പു സംസ്കരണം തുടങ്ങിയിരുന്നതിന്റെ തെളിവും ലഭിച്ചിട്ടുണ്ട്.
- 1000 ബി.സി. ജോദ്പൂരിലും, മഹർജരി, തക്കൽഘട്ട്, നായ്കുണ്ഡ് എന്നിവിടങ്ങളിൽ 99.0% ശുദ്ധീകരിച്ച ഇരുമ്പ് ഉൽപാദനം നടന്നിരുന്നു.
- 800 ബി.സി. അലംഗീർ, ഉജ്ജയിനി എന്നിവിടങ്ങളിൽ സംസ്കരിച്ച ഇരുമ്പിന്റെ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിച്ചിരുന്നു.
- തക്കൽഘട്ടിൽ നിർമ്മിച്ച 99.6% ശുദ്ധമായ ഇരുമ്പ് സാമഗ്രികൾ ലഭിച്ചു. ആധുനിക വിദ്യയിലൂടെ പോലും 99.6% ശുദ്ധമായ ഇരുമ്പ് ലഭിക്കുക എന്നത് ദുഷ്കരമാണ്. തുടർന്നുള്ള കാലഘട്ടങ്ങളിൽ ഇരുമ്പിന്റെ വിവിധ ലോഹസങ്കരങ്ങൾ, ഉപകരണങ്ങൾ, വിവിധ സാങ്കേതിക വിദ്യയിലൂടെ നിർമ്മിച്ചിരുന്നു. അവയുപയോഗിച്ച് അനേകം ആയുധങ്ങളും, ഗാർഹിക- വ്യാവസായിക - കാർഷിക ഉപകരണങ്ങളും നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യയും വികസിച്ചു തുടങ്ങി.
- 700 ബി.സി. പ്രത്യേകതരം സ്റ്റീൽ ഉപയോഗിച്ച് ശസ്ത്രക്രിയക്കായുള്ള നൂറിൽപരം ഉപകരണങ്ങൾ നിർമ്മിച്ചു.
- 330 ബി.സി. അലക്സാണ്ടർ പുരുവിൽ നിന്നും 30 പൗണ്ട് വുട്സ് സ്റ്റീൽ പുരസ്കാരമായി സ്വീകരിച്ചു. ഈ വുട്സ് സ്റ്റീൽ നിർമ്മാണ സാങ്കേതികവിദ്യ അതിസങ്കീർണ്ണമാണ്. ഇന്നും അതിന്റെ നിർമ്മാണം അജ്ഞാതമാണുതാനും. ബനാറസ് വാൾ ഉൽപ്പാദിപ്പിക്കുവാൻ ഈ സ്റ്റീലാണ് ഉപയോഗിച്ചിരുന്നത്.
- 200 ബി.സി. ഉജ്ജയിനിയിലെ വൻ അയേൺ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അവിസ്മരണീമാണ്. (500-300 ബി.സി.)
- 200 ബി.സി. വിവിധ ഇരുമ്പ് ആയുധങ്ങൾ, സ്തംഭങ്ങൾ, ഉപകരണങ്ങൾ, നാണയങ്ങൾ എന്നിവ വൻതോതിൽ ഭാരതത്തിലെമ്പാടും നിർമ്മിച്ചിരുന്നു. ലാമിനേഷൻ എല്ലായിടത്തും വ്യാപിച്ചു. ശൃംഗവേർപുരത്തിലെ ലാമിനേഷൻ സാങ്കേതിക വിദ്യ പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു.



Scanned with CamScanner

- 100 എ.ഡി. ഡൽഹിയിലെ - മെഹ്റൗളിയിൽ 7 ടൺ ഭാരവും 21 അടി ഉയരവുമുള്ള ഇരുമ്പു സ്തംഭം സ്ഥാപിക്കപ്പെട്ടു. 30 കി.ഗ്രാം വീതം ഭാരമുള്ള ശുദ്ധ ഇരുമ്പ് ഫോർജ് വെൽഡ് ചെയ്താണ് ഈ സ്തംഭം നിർമ്മിച്ചത്. ഇരുമ്പ് ഓക്സൈഡ്- ഫോസ്ഫേറ്റിന്റെ ഒരു കവറിങ്ങ് ഉള്ളതിനാലാണ് അത് തുരുമ്പു പിടിക്കാത്തതത്രെ. ഡമാസ്കസ് വാൾ എന്നറിപ്പെടുന്ന ബനാറസ് വാൾ നിർമ്മിച്ചിരുന്നതും ഈ സങ്കീർണ്ണമായ ഇരുമ്പു സങ്കരമുപയോഗിച്ചായിരുന്നു.
- 400 എ.ഡി. മൂന്നുതരം ഇരുമ്പിനെക്കുറിച്ച് -കാസ്റ്റ് അയോൺ, റോട്ട അയോൺ, പിഗ് അയോൺ എന്നിവയെക്കുറിച്ചും അവയുടെ ഉൽപാദനത്തെക്കുറിച്ചും വ്യക്തമായി അറിവ് ലഭിച്ചിരുന്നു. ഇവയെ വീണ്ടും അഞ്ചുതരമാക്കി വിഭജിച്ചിരുന്നു.
- 500 എ.ഡി. കാർബുറൈസേഷൻ സാങ്കേതികവിദ്യ ഭാരതമെമ്പാടും പ്രചാരം നേടി വരാഹമിഹിരന്റെ ബൃഹത് സംഹിതയിൽ ഇതിനെക്കുറിച്ച് സുദീർഘമായ വിവരണമുണ്ട്.
- 950 എ.ഡി. ധറിലെ 7 ടൺ ഭാരമുള്ള ഇരുമ്പിന്റെ മൂന്നു സ്തംഭങ്ങൾ നിർമ്മിക്കപ്പെട്ടു. തുരുമ്പിക്കാത്ത ഇത് ഇരുമ്പ് ലോഹസംസ്കരണത്തിലെ അത്ഭുതമാണ്. 43 അടി 8 ഇഞ്ചാണ് ഇതിന്റെ ഉയരം.
- 1200 എ.ഡി. സിലിക്കൺ, വനേഡിയം, ക്രോമിയം, നിക്കൽ തുടങ്ങിയവ ചേർത്ത് ഇരുമ്പ് ലോഹസങ്കരനിർമ്മാണം/ സംസ്കരണം ഭാരതത്തിൽ തുടങ്ങിയിരുന്നു.
- രസരത്നസമുച്ചയം, രസാർണവം, രസേന്ദ്രസാരം, രസേന്ദ്രചൂഡാമണി തുടങ്ങിയ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു ഇവയിലെല്ലാം ഇരുമ്പിനെക്കുറിച്ചും സുദീർഘമായ വിവരണങ്ങളുണ്ട്.

*



Scanned with CamScanner

ഇനി ഞാൻ നിർത്തട്ടെ. ഇതെല്ലാം വായിക്കണം. വായിച്ചത് മറ്റുള്ളവരേയും കേൾപ്പിക്കണം. അപ്പോൾ സ്വയം പഠിക്കാം. മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യാം.

അനന്തമായ ഈ ജൈത്രയാത്ര തളരാതെ തകരാതെ വരളാതെ വളരാനായി! നാം ഈ ഭൂമിയിലുണ്ടായിരുന്നു എന്നതിനു തെളിവുണ്ടാകണം! അതിനായി കുറേപേരുടെ മനസ്സിലെങ്കിലും നമുക്ക് നമ്മെ പ്രതിഷ്ഠിക്കാം. നമ്മുടെ മാതൃഭൂമിയെ അവരുടെ മനസ്സിൽ പ്രതിഷ്ഠിച്ചാൽ നമ്മെ അവർ അവരുടെ മനസ്സിൽ നാമറിയാതെ പ്രതിഷ്ഠിക്കും. രാഷ്ട്രായ സ്വാഹാ എന്നു പറഞ്ഞുകൊണ്ട് നമുക്കും നമ്മുടെ കുടുംബത്തിനും നമ്മുടെ സമൂഹത്തിനുമായി നമ്മുടെ ജീവിതത്തിന്റെ ഒരംശം ഉപയോഗിക്കാം.

അന്ത്യം വരെ നമുക്ക് പ്രാർത്ഥിക്കാം. ഇനിയൊരു നൂറു ജന്മമുണ്ടെങ്കിൽ ആ നൂറുജന്മവും പരമപവിത്രമായ ഭാരതത്തിന്റെ മക്കളായിത്തന്നെ ജന്മം ലഭിക്കേണമേ എന്ന്.

ലോകജനത സ്വീകരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പൈതൃകം നമുക്കും നമ്മളുമായി ബന്ധപ്പെട്ടവർക്കും പഠിച്ചു പഠിപ്പിക്കാം

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിയന്റിഫിക് ഹെറിറ്റേജ് ആ ദൗത്യം ചെയ്തുകൊണ്ടിരിക്കുന്നു. അതു നമുക്കൊരുമിച്ചു ചെയ്യാം.



Scanned with CamScanner

ഭാരതീയ പൈതൃക ഗ്രന്ഥങ്ങളിൽ നിന്ന് എന്തെല്ലാം അറിവുകൾ എങ്ങിനെയെല്ലാം എടുക്കണം എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തി സമർപ്പിക്കുകയാണ് ഈ പുസ്തകത്തിലൂടെ ചെയ്തിരിക്കുന്നത്. അനവധി പദങ്ങൾ, സന്ദേശങ്ങൾ, അനുഭവങ്ങൾ, ആചാരങ്ങൾ, വിചാരങ്ങൾ, വിശ്വാസങ്ങൾ, സങ്കൽപങ്ങൾ... എന്നിവയെല്ലാം ഒരു പ്രഭാഷണ ശൈലിയിൽ എഴുതുവാൻ ശ്രമിച്ചിട്ടുണ്ട്. ആദ്യം ഒരൽപം ലളിതമായി വിവരിച്ചതിനു ശേഷം തുടർന്ന് ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് വിവരിച്ചിരിക്കുന്നു. ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ കുറേ വ്യക്തികൾ സഹായിച്ചിട്ടുണ്ട്. അവർക്കെല്ലാം പ്രണാമമർപ്പിക്കുന്നു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ പ്രിയ കുടുംബാംഗങ്ങൾക്കും പ്രണാമവും പ്രാർത്ഥനയും അർപ്പിക്കുന്നു.

Scanned with CamScanner